മി. സ്പീക്കർ: ഓർഡർ.......ഓർഡർ

അടിയന്തര പ്രമേയ ചർച്ച

മി. സ്പീക്കർ: ബഹുമാനപ്പെട്ട ശ്രീ സി. ദിവാകരൻ അങ്ങേയ്ക്ക് അഡ്ജേൺമെന്റ് മോഷൻ അവതരിപ്പിച്ചുകൊണ്ട് സംസാരിക്കാവുന്നതാണ്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : അത് ബഹുമാനപ്പെട്ട സ്പീക്കറല്ലേ പറയേണ്ടത്?

മി. സ്പീക്കർ: അടിയന്തര പ്രമേയചർച്ച എടുക്കുന്നതിനുവേണ്ടി മറ്റ് സഭാനടപടിക്രമങ്ങൾ ഇപ്പോൾ നിർത്തിവയ്ക്കുകയാണ്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : അത് സഭാനേതാവല്ലേ പറയേണ്ടത്?

മി. സ്പീക്കർ: അല്ല അതിന്റെ നടപടിക്രമം എന്നുപറയുന്നത് ആ വാചകം പറഞ്ഞിട്ട് സംസാരിച്ചുതുടങ്ങാം. അത് ഞാനല്ല പറയേണ്ടത്. ഇത് അദ്ദേഹത്തിന്റെ മോഷനാണ്.

ശ്രീ. സി. ദിവാകരൻ: അടിയന്തര പ്രമേയത്തിന്റെ ചർച്ചയ്ക്കുശേഷം ബഹുമാനപ്പെട്ട സ്പീക്കർക്ക് യുക്തമെന്ന് തോന്നിയാൽ ആ പ്രമേയം വോട്ടിനിടാം.

മി. സ്പീക്കർ: അത് അപ്പോഴാണ്, ചർച്ചയ്ക്കുശേഷമാണ്, തീർച്ചയായും. അത് നിങ്ങൾ ആവശ്യപ്പെടണം വോട്ടിനിടണോ വേണ്ടയോ എന്നത് നിങ്ങളാണ് പറയേണ്ടത്.

ശ്രീ. സി. ദിവാകരൻ: സർ, സഭ നിറുത്തിവച്ച് കേരളം ഇന്ന് നേരിടുന്ന ദുസ്സഹമായ വിലക്കയറ്റത്തെക്കുറിച്ച് ചർച്ച ചെയ്യണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു. ദുസ്സഹമായ വിലക്കയറ്റം ഒരു വസ്തുതയാണെന്ന് അംഗീകരിച്ചുകൊണ്ട് ഇതിന്റെ വിശദാംശങ്ങൾ ചർച്ച ചെയ്യാൻ ഈ സഭ സന്നദ്ധത കാണിക്കുകയും പ്രത്യേകിച്ച് ഭരണപക്ഷം, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഞാൻ അതിനെ സ്വാഗതം ചെയ്യുന്നു. ഇതുപോലെ ഒരു സന്ദർഭത്തിൽ എൽ.ഡി.എഫ് ഗവൺമെന്റിനെതിരയി ശ്രീ. ആര്യാടൻ മുഹമ്മദ് കൊണ്ടുവന്ന അടിയന്തര പ്രമേയം, അന്ന് ഞങ്ങൾ ഇതുപോലെ സന്മനസ്സ് കാണിച്ചു. സഭ വിശദമായി അക്കാര്യം ചർച്ച ചെയ്തു. അതെങ്കിലും നിങ്ങളിപ്പോൾ സ്വാഗതം ചെയ്ത് ആ വഴിക്ക് വന്നതിന് പ്രത്യേകമായ നന്ദി ഞാൻ രേഖപ്പെടുത്തുന്നു. കേരളത്തിലെ മൂന്നേകാൽ കോടി ജനങ്ങൾ ഗുരുതരമായ വിലക്കയറ്റത്തിന്റെ കെടുതികൾ അനുഭവിക്കുകയാണ്. പ്രധാനമായും അരിയുടെ വിലക്കയറ്റമാണ്. വിലയ്ക്ക് ഒരു നിയന്ത്രണവും ഏകീകരണവുമില്ല. ഈ വില ആരാണ് നിശ്ചയിക്കുന്നതെന്ന് ചന്ദ്രനും ഇന്ദ്രനും പോലും അറിയില്ല. രാവിലെ ഒരു വില, ഉച്ചയ്ക്ക് മറ്റൊരു വില, വൈകിട്ട് വേറൊരു വില. ചാലയിലൊരു വില, തൃശ്ശൂർ വേറൊരു വില. കോഴിക്കോട്ടൊരു വില കൊല്ലത്ത് വേറൊരു വില. ഈ രാജ്യത്ത് ജനാധിപത്യ സമ്പ്രദായത്തിൽ ഇച്ഛാശക്തിയുള്ളൊരു ഗവൺമെന്റുള്ളപ്പോൾ കേരളത്തെ സംബന്ധിച്ചിടത്തോളം ജനങ്ങളുടെ അടിയന്തരമായ ഫുഡ് മെറ്റീരിയൽ ആയ അരിയുടെ വില നിയന്ത്രിക്കാൻ

ഒരു ചട്ടവും ഒരു വ്യവസ്ഥയുമില്ല എന്നാണോ? ബഹുമാനപ്പെട്ട മുഖ്യ മന്ത്രി തന്നെ മാതൃഭൂമി പത്രത്തിൽ പറഞ്ഞിരിക്കുന്നത്, അരി വ്യാപാരി കൾ കൃത്രിമ വിലക്കയറ്റം സൃഷ്ടിക്കുന്നു എന്നാണ്. മുഖ്യമന്ത്രിയുടെയും ഗവൺമെന്റിന്റെയും ജോലി എന്താണ്? നിങ്ങളുടെ കയ്യിൽ പോലീസില്ലേ; നടപടികളില്ലേ; ചട്ടമില്ലേ; കോടതിയില്ലേ; ഉദ്യോഗസ്ഥൻമാരില്ലേ?. ഒരു മുഖ്യമന്ത്രി നി:സ്സഹായനായി പറയുകയാണ്, കച്ചവടക്കാർ വിലകൂട്ടുന്നു. എന്ത് ചെയ്യണം എന്ത് ചെയ്യണമെന്ന്. ഞങ്ങൾ പറഞ്ഞു തരണോ? ആളു കളെ കൊള്ളയടിക്കുമ്പോൾ, അമ്പതുരൂപ വരെ ഒരു കിലോ അരിയുടെ വിലയായി. ഒരു നിയന്ത്രണവുമില്ല. ആരാണ് ഈ വില നിയന്ത്രിക്കുന്നത്? ആരാണ് വില കൂട്ടുന്നത്? എന്തുകൊണ്ട് ഇത് സംഭവിച്ചു എന്നറിയാമോ? കേരളത്തിന്റെ അനുഗ്രഹീതമായ, സുപ്രധാനമായ ഒരു സംവിധാനമാണ് ഭക്ഷ്യധാന്യങ്ങളുടെ ക്ഷാമം ഉള്ള കേരളത്തിലെ പൊതുവിതണ സമ്പ്രദാ യം. ഐതിഹാസികപരമായ സമരങ്ങൾ നടത്തി കേരളത്തിലെ ജനങ്ങൾ കൈവരിച്ചതാണ്. പൊതുവിതരണ സമ്പ്രദായം. അത് കേന്ദ്രം അംഗീക രിച്ചതാണ്. ശ്രീമതി ഇന്ദിരാഗാന്ധിയുടെ വാഗ്ദാനമായിരുന്നു. നിങ്ങൾ വാണിജ്യ വിളകളിലേക്ക് പോകൂ നിങ്ങൾക്കാവശ്യമായ ഭക്ഷ്യധാന്യം മിച്ച സംസ്ഥാനങ്ങളിൽനിന്ന് സംഭരിച്ച് കേന്ദ്രം വിതരണം ചെയ്യും. ആ വാഗ്ദാനം നഗ്നമായി ലംഘിക്കപ്പെട്ടിരിക്കുകയാണ്. ഈ വിലക്കയറ്റ ത്തിന്റെ അടിസ്ഥാന കാരണങ്ങൾ അന്വേഷിച്ച് പോകുന്ന ഒരാൾ ചെന്നുനിൽക്കുന്നത് കേന്ദ്ര ഗവൺമെന്റിന്റെ ആത്മഹത്യാപരമായ നയ

ത്തിലാണ്. എന്തുകൊണ്ട് ഉത്പാദനം ക്രമാതീതമായി വർദ്ധിച്ച് ഗോഡൗണുകളിൽ ഭക്ഷ്യധാന്യം കുന്നുകൂടി? കേന്ദ്ര ഭക്ഷ്യ വകുപ്പുമന്ത്രി ലോകത്തോട് വിളിച്ചുപറയുന്നു. ഞങ്ങൾക്കിഷ്ടംപോലെ ഭക്ഷ്യധാന്യമുണ്ട്. ഇന്ത്യയിലെ അരി കയറ്റുമതിയിൽ സർവകാല റിക്കോർഡാണ്. അരി കയറ്റുമതി ചെയ്തതിന്റെ കണക്കുകൾ ലാഭവും. അരി കമ്പനിക്കാർ കൈവശപ്പെടുത്തിയ ലാഭം ദി ഹിന്ദു പോലെയുള്ള ദേശീയ പത്രങ്ങളിൽ കണക്കുകൾ സഹിതം വന്നിരിക്കുന്നു. ഒരു ഭാഗത്ത് കയറ്റി അയയ്ക്കുന്നു. മറുഭാഗത്ത് കുറേ ഉദ്യോഗസ്ഥൻമാരെല്ലാവരും കൂടി ചേർന്ന് മുളങ്കുന്നത്തുകാവിൽ പോയി 1500 ടൺ അരി കത്തിച്ചു. അരി കത്തിക്കാൻ ആർക്കാണ് അവകാശം; എന്തിനാണ് അരി കത്തിച്ചത്.? അത് രഹസ്യമായി കത്തിച്ചു. അതിനെ കുഴിച്ചിട്ടു. അതിന്റെ പുറത്ത് വേറെ കാര്യങ്ങൾ നടത്തി. ഇത് വേസ്റ്റാണെങ്കിൽ വേസ്റ്റ് ഡിസ്പോസ് ചെയ്യാം. അതെന്തിനാണ് ഒളിക്കുന്നത്? അതിന് ചില നടപടിക്രമങ്ങളുണ്ട്. ഇതാണ് ബഹുമാനപ്പെട്ട സുപ്രീം കോടതി പറഞ്ഞത്, നിങ്ങളുടെ ഗോഡൗണിൽ കിടക്കുന്ന ഭക്ഷ്യധാന്യങ്ങൾ ചീഞ്ഞുപോകുന്നു, എലി കയറുന്നു, പാറ്റ വീഴുന്നു, ബീഡിക്കുറ്റി കിടക്കുന്നു, സചിത്ര ലേഖനങ്ങൾ വരുന്നു. നിങ്ങൾ ഒരു കാര്യം ചെയ്യൂ. ഇന്ത്യയിലെ പാവപ്പെട്ട ഗ്രാമീണ ആളുകൾക്ക് സൗജന്യമായി വിതരണം ചെയ്യൂ. നമ്മൾ സുപ്രീം കോടതിയുടെ വിധി വായിച്ചതല്ലേ. 1500 ടൺ അരി നിങ്ങൾക്ക് നിസ്സാരമായിരിക്കാം. പട്ടിണിക്കാർക്ക് അത് നിസ്സാരമല്ല. മഹാത്മാഗാന്ധിയെ മറക്കരുത്. ഞങ്ങൾ മറന്നാലും

നിങ്ങൾ മറക്കരുത്. മഹാത്മഗാന്ധിയാണ് പറഞ്ഞത് വിശക്കുന്നവന്റെ മുൻപിൽ ദൈവം ആഹാരത്തിന്റെ രൂപത്തിലാണ് വരുന്നത് എന്ന്. ആ രാജ്യമാണ് ഇത്. ജവഹർലാൽ നെഹ്റുവിന്റെ ക്ഷേമ രാഷ്ട്രം സ്വപ്നം കണ്ടവരാണ് നമ്മൾ. ഇന്ന് ഒരുകിലോ അരി കിട്ടാതെ നടക്കുമ്പോൾ, ഗരീബി ഹടാവോ പറഞ്ഞവരല്ലേ നിങ്ങൾ; നിങ്ങളുടെ രാമരാജ്യമെവിടെ; നിങ്ങളുടെ ക്ഷേമരാഷ്ട്രമെവിടെ; നിങ്ങളുടെ ഗരീബി ഹടാവോ എവിടെ; നിങ്ങളുടെ റൊട്ടി മഖൻ കപ്പട കഹാം ഹെ? എന്തുകൊണ്ട് നമുക്കത് സാധിച്ചില്ല. നമുക്കിവിടെ അരിയില്ല. അരി കിട്ടുന്നില്ല. നിങ്ങൾക്കിത് കളി യായിരിക്കും. ഞാൻ പാവപ്പെട്ട കഞ്ഞിക്കാര്യം പറയുകയാണ്, കഞ്ഞികു ടിക്കുന്ന കാര്യം പറയുകയാണ്. ശ്രീ. ബാബുവിനത് മനസ്സിലാവില്ല. പാവ പ്പെട്ടവന്റെ കാര്യമാണിത്. ഗാന്ധിയുടെ കാര്യമാണ്. ഗാന്ധിയെ നിങ്ങൾ ആക്ഷേപിക്കുകയാണ്. കേന്ദ്രം നൽകിക്കൊണ്ടിരുന്നത് 2001-02 വർഷം...........പ്രിയപ്പെട്ട ഹരിത എം.എൽ.എ ഞാൻ വെറുതെ..... നിങ്ങ ളെല്ലാം കേൾക്കുന്നൊരാളാണ്. ശ്രീ. ശിവദാസൻ നായർ പ്രത്യേകം പറ ഞ്ഞതാണ്. അതുകൊണ്ട് അദ്ദേഹം മിണ്ടില്ല. ഞാനൊരു കണക്ക് പറയാം. 2001-02-ൽ കേന്ദ്രം കേരളത്തിന് റേഷൻ വിഹിതം അനുവദിച്ചത് 13,75,440 ടൺ അരിയാണ്. നമുക്കതുമതി. എ.പി.എൽ.-കാർക്ക് സുഭി ക്ഷമാണ്. 2003-ലും 2004-ലും 2005-ലും 2006-ലും നൽകിയിട്ടുണ്ട്. പക്ഷെ ഏറ്റെടുക്കാൻ കഴിഞ്ഞില്ല. 2007 മുതൽ ഏറ്റെടുക്കാൻ തുടങ്ങിയ

പ്പോൾ ഇന്ന് കേന്ദ്രം നൽകുന്നത് 13,00,000 ടൺ തന്നുകൊണ്ടിരുന്നിടത്ത് 1,14,620 ടൺ അരി. ഒരു മാസം നമുക്കുപയോഗിക്കാം. കേന്ദ്രം തരേണ്ടതാണ്. കേന്ദ്രത്തിൽ എട്ടു മന്ത്രിമാരുണ്ട്. എല്ലാ എം.പി.മാരും നിങ്ങളുടെ എം.പിമാരാണ്. പക്ഷെ ഇപ്പോൾ കേരളത്തിന് കിട്ടുന്ന അരി 1,14,620 ടണ്ണിന് പകരം 36,056 മെട്രിക് ടണ്ണാണ് കിട്ടുന്നത്. എ.പി.എൽ ആളുകൾക്ക് അരിയില്ലാതെ വന്നു. ഞങ്ങൾ 62 ലക്ഷം ആളുകൾക്ക് രണ്ടു രൂപയ്ക്ക് അരി വിതരണം ചെയ്തു. അരി വില നിയന്ത്രിച്ചു. ഞങ്ങൾ കമ്പോളത്തിലിടപെട്ടു. നിങ്ങളന്ന് രണ്ടു രൂപയ്ക്ക് അരി വിതരണം ചെയ്യുന്നതിനെതിരായി കോടതിയിൽ പോയി ഇലക്ഷൻ കമ്മീഷന് പെറ്റീഷൻ കൊടുത്തു. ബഹുമാനപ്പെട്ട ഹൈക്കോടതി അരി വിതരണം ചെയ്യുന്നതിന് അനുവാദം തന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്നത്തെ പ്രതിപക്ഷ നേതാവ് സുപ്രീം കോടതിയിൽ പോയി രണ്ടു രൂപയ്ക്ക് അരി വിതരണം ചെയ്യുന്നത് മുടക്കാൻ വന്ന നിങ്ങൾ ഒരു രൂപയ്ക്ക് അരി കൊടുത്തപ്പോൾ ഞങ്ങൾ മുടക്കിയില്ല. ഞങ്ങൾ സ്വാഗതം ചെയ്യുന്നു. പക്ഷെ ഇന്ന് രണ്ടു രൂപയുടെ അരി വിതരണം മുറയ്ക്ക് നടക്കുന്നില്ല. ഈ ഗവൺമെന്റിന്റെ കുഴപ്പമല്ല. കേന്ദ്രം തരുന്നില്ല. കേന്ദ്രത്തിൽ നിന്ന് അരി വാങ്ങാൻ നിങ്ങൾ രണ്ടു കൊല്ലമായി............ കേരളത്തിന്റെ അലോട്ട്മെന്റ് വാങ്ങാൻ ഞാനും ഇവിടെ ഇരിക്കുന്ന അന്നത്തെ മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, നമ്മളെല്ലാവരും കൂടി പോയി ഇന്ത്യൻ പ്രധാന

മന്ത്രിയുടെ രണ്ടു വശങ്ങളിലായി, നിങ്ങൾ ഇരുന്നത് ഞാൻ കണ്ടതാണ്. അന്ന് പ്രധാനമന്ത്രി പറഞ്ഞു, Ofcourse, you have a very good PDS system. Kerala is a role model. പ്രൈംമിനിസ്റ്റർ പറഞ്ഞപ്പോൾ എനിക്ക് വലിയ ആവേശമായി. പക്ഷേ ഇന്നുവരെ കേന്ദ്രത്തിൽനിന്ന് ഒരു മണി അരിപോലും കൂട്ടി തന്നിട്ടില്ല. ഈ തരുന്ന അരി മുഴുവൻ അഡ്ഹോകാണ്; താൽക്കാലികമായി തരുന്നു. സ്ഥിരമായ ക്വാട്ടയുണ്ടോ? ഇല്ല. അഡ്ഹോക് അരിയുടെ വിലയെത്രയാണ്? മലയാള മനോരമയിലെ വാർത്ത - അരി ആദ്യ ഗഡു എത്തി, 25 രൂപ നിരക്കിൽ റേഷനരി. മാതൃഭൂമിയിലെ വാർത്ത - 20.50 രൂപ നിരക്കിൽ അരിയെത്തി. ഇതിൽ ഏതാണ് ഒറിജിനൽ നിരക്ക്? ആളുകളെ എന്തിനാണ് ഇങ്ങനെ..... ഒന്നുകിൽ നിങ്ങൾ നിഷേധിക്കണം. ജനയുഗത്തിലോ ദേശാഭിമാനിയിലോ വന്നാൽ നിങ്ങൾ നിഷേധിച്ചോ? എന്നാൽ നിങ്ങൾക്കു വേണ്ടി അഹോരാത്രം പണിപ്പെടുന്നവരല്ലേ അവർ? ഇന്നലത്തെ മംഗളം പത്രത്തിൽ അരി വില അമ്പതിലേക്ക്; പൊള്ളുന്നു; തീവില. ഇതെല്ലാം പത്രങ്ങൾ എഴുതുന്നതാണ്. ഇതെല്ലാം വെറുതെയായിരിക്കുമെന്നാണ് നിങ്ങളുടെ മനോഭാവം കണ്ടാൽ മനസ്സിലാകുന്നത്. വസ്തുതാപരമല്ലെങ്കിൽ അത് നിഷേധിക്കണം. 8-ാം തീയതിയിലെ മാതൃഭൂമിയിൽ അരി കിലോയ്ക്ക് 43-44 രൂപ. അരിയിൽ ബീഡിക്കുറ്റിയും എലിയും. എന്തു നടപടിയെടുത്തു? 40% വില കുതിച്ചുയർന്നു എന്ന് മലയാള മനോരമയിലെ സാമ്പ

ത്തികത്തിലെ വാർത്ത. അരി കയറ്റുമതിയുടെ കണക്കുകൾ, എക്സ്പോർട്ട് ഇൻ ദ റെക്കോർഡ്– ദി ഹിന്ദു വിലെ വാർത്ത. സർവ്വകാല റെക്കോർഡ്, എന്തുകൊണ്ടാണ് നമുക്ക് കഞ്ഞി വയ്ക്കാനുള്ള അരി; നമ്മുടെ വാണിജ്യ വിളകളിൽ ഉല്പാദിപ്പിക്കുമ്പോൾ എന്തുകൊണ്ട് കേന്ദ്രം തരുന്നില്ല. ഞങ്ങൾ ഒന്നിച്ച് പോയില്ലേ? എന്താണ് ഇപ്പോഴും തരാത്തത്? കേന്ദ്രമന്ത്രിമാർക്ക് കണ്ണിൽ ചോരയില്ലേ? എന്തിനാണ് കേരളത്തെ കണ്ണീർ കുടിപ്പിക്കുന്നത്? എന്തിനാണ് ആളുകൾ കമ്പോളത്തിൽ കിടന്ന് ഭ്രാന്ത് പിടിക്കുന്നത്? എന്തെങ്കിലും വാങ്ങിക്കാൻ കഴിയുമോ? പഞ്ചസാര – എങ്ങനെ വാങ്ങും? സപ്ലൈകോ സാധനങ്ങൾ വിതരണം ചെയ്യുന്നുവെന്ന് സ്വാഭാവികമായും ആ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രി അവകാശപ്പെടുക എന്നുള്ളത് ന്യായമാണ്. പക്ഷേ അവിടെ ഒന്നുമില്ല എന്നുള്ളത് അവിടെ പോകുന്ന ആളുകൾക്ക് അറിയാം. പഞ്ചസാരയുടെയും അരിയുടെയും മുളകിന്റെയും വില ഇത്രയധികം വർദ്ധിച്ച ഒരു നാളുണ്ടോ? ആഭ്യന്തര വകുപ്പുമന്ത്രി ഇരുന്നുറങ്ങുകയാണ്. ജനങ്ങളുടെ നിത്യോപയോഗ സാധനങ്ങൾ വിലവർദ്ധനവ് ചർച്ച ചെയ്യുമ്പോഴുള്ള നമ്മുടെ മന്ത്രിയുടെ....... ഞാൻ ഖേദപൂർവ്വം പറയട്ടെ. ഞാൻ അങ്ങയെ ശ്രദ്ധിച്ചത് അങ്ങ് ഇത് വളരെ താല്പര്യപൂർവ്വം കഴിഞ്ഞ മന്ത്രിസഭാകാലത്ത് ഇടപെട്ടയാളാണ്. അപ്പുറത്തിരിക്കുന്ന ബഹുമാനപ്പെട്ട കെ. സി. ജോസഫ് വിലക്കയറ്റത്തെക്കുറിച്ച് എന്റെ ഭാര്യയുടെ അടുത്ത് പോയി ചോദിക്കണമെന്ന് പറഞ്ഞയാളാണ്. ഞാൻ അത് ഇപ്പോൾ

Uncorrected / Not for publication

അങ്ങോട്ട് പറയട്ടെ. പറഞ്ഞാൽ നിങ്ങൾക്ക് വളരെ ബുദ്ധിമുട്ടുണ്ടാകും. ഞാൻ പറയുന്നില്ല. കേന്ദ്രത്തിന്റെ അരി ക്വാട്ട പൂർണ്ണമായും കിട്ടണം. പൊതുവിതരണ സമ്പ്രദായം കാര്യക്ഷമമാക്കണം. ഇതിൽ എന്തു നടപടി യെടുത്തു? ഞങ്ങളുടെ കാലത്ത് ഗവൺമെന്റ് സെക്രട്ടറിമാരും ഡി.ജി.പി. യും അടങ്ങുന്ന മന്ത്രി ചെയർമാനായ സ്റ്റേറ്റ് ലെവൽ വിജിലൻസ് പീപ്പിൾസ് കമ്മിറ്റി, similar കമ്മിറ്റികൾ ജില്ലാ തലത്തിലും താലൂക്ക് തല ത്തിലും പഞ്ചായത്ത് തലത്തിലും കൂടാതെ സോഷ്യൽ ഓഡിറ്റ്- അവർക്ക് ഐഡന്റിഫിക്കേഷൻ കാർഡ് കൊടുത്തു. അവർ കടകളും ഗോഡൗണു കളും പരിശോധിച്ചു; അളവുകളും ഗുണനിലവാരങ്ങളും പരിശോധിച്ച് ഗവൺമെന്റിന് റിപ്പോർട്ട് ചെയ്തു. എന്റെയോ ഞങ്ങളുടേയോ കഴിവല്ല. ഞങ്ങൾ ആക്ഷൻ എടുക്കാൻ തുടങ്ങി. എന്തിനാണ് ആ കമ്മിറ്റികൾ നിർജ്ജീവമാക്കിയത്? എന്തിനാണ് മരവിപ്പിച്ചത്? പകരം എന്ത് സംവിധാ നമാണുള്ളത്? നിങ്ങൾ റെയ്ഡ് നടത്തിയെന്നു പറയുന്നു. ഒരാളെ യെങ്കിലും അറസ്റ്റ് ചെയ്തോ? എസൻഷ്യൽ കമ്മോഡിറ്റി ആക്ട് അനുസ രിച്ച് കള്ള ഗോഡൗണുകളിൽ ഭക്ഷ്യ സാധനങ്ങൾ സൂക്ഷിച്ചാൽ Confiscate ചെയ്യാം; ഗോഡൗൺ ക്യാൻസൽ ചെയ്യാം. നിയമമന്ത്രിയായ മാണി സാറിനും ഇതൊക്കെ അറിയാം. അയാളെ അറസ്റ്റ് ചെയ്യാം, ജാമ്യ മില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് 100% ശരിയാണ്. കച്ചവട ക്കാർ പൂഴ്ത്തിവച്ച് വിലക്കയറ്റം സൃഷ്ടിക്കുന്നു. അതുകൊണ്ട് ആ കച്ചവ ടക്കാരെ കൈകാര്യം ചെയ്യണം. അതിന് ആഭ്യന്തര വകുപ്പുമന്ത്രിയും

നിയമ വകുപ്പുമന്ത്രിയും സഹായിക്കണം. നമുക്ക് നിയമമുണ്ട്. ഞങ്ങൾ കഴിഞ്ഞ തവണ കേന്ദ്രത്തിൽ പോയപ്പോൾ അന്ന് കേന്ദ്രമന്ത്രിമാർ ചോദിച്ചതാണ്, നിങ്ങൾ എത്രപേരെ അറസ്റ്റ് ചെയ്തു; എത്ര ഗോഡൗൺ റെയ്ഡ് ചെയ്തു; നിങ്ങൾ എന്തുകൊണ്ട് എസൻഷ്യൽ കമ്മോഡിറ്റി ആക്ട് എൻഫോഴ്സ് ചെയ്യുന്നില്ല? Why you are not enforcing this Act; you are elite State, educated people; you have very big ³ulers, why you are not implementing the Essential Commodities Act എന്ന് ശ്രീ. ശരദ് പവാർ ചോദിച്ചത്, ഞാൻ നിങ്ങളോട് തിരിച്ചുചോദിക്കുന്നു? ഞങ്ങളത് ചെയ്തു, പക്ഷേ പൂർണ്ണമായിട്ടില്ല. രണ്ടു മാസമായി ജനങ്ങൾ ഈ കണ്ണീർ കുടിക്കുന്നു. നിങ്ങൾ ഒരു രാജ്യദ്രോഹിയെയോ, ഒരു പൂഴ്ത്തിവയ്പ്പുകാരനെയോ, ഒരു കരിഞ്ചന്തക്കാരനെയോ ജനങ്ങളുടെ മുമ്പിൽ കൊണ്ടുവന്നോ? നിങ്ങൾ ആരെയാണ് ഭയക്കുന്നത്? പൂഴ്ത്തിവയ്പ്പുകാരെയാണോ; കരിഞ്ചന്തക്കാരെയാണോ; കള്ളക്കച്ചവടക്കാരെയാണോ; ഹോൾസെയിൽസുകാരെയാണോ; ആരെയാണ് ഭയക്കുന്നത്? മുഖ്യമന്ത്രിക്ക് അതെല്ലാം ചെയ്യാൻ കഴിയുന്ന ആളല്ലേ? അദ്ദേഹം വിചാരിച്ചാൽ ചെയ്യാൻ കഴിയും. അദ്ദേഹത്തിന്റെ കൈകൾ കുറേനാളായി ബന്ധിക്കപ്പെട്ടിരിക്കുകയാണ്. ഈ വിലക്കയറ്റം ഒരു ദിവസമെങ്കിലും തടയാൻ അല്ലെങ്കിൽ ചെറിയ ഒരു ആശ്വാസമെങ്കിലും വരാൻ, കേരളം നിങ്ങളിൽ നിന്ന് നീതി പ്രതീക്ഷിക്കുന്നു. അരി വന്നു, അരി വന്നു എന്നു പറയുന്നു, എവിടെ അരിക്കട തുടങ്ങി? പത്രത്തിലൊക്കെ ധാരാളം ഫോട്ടോ

കൾ കാണുന്നുണ്ട്. ഫോട്ടോ കൊടുക്കുന്നതിൽ കുഴപ്പമൊന്നുമില്ല. ഫോട്ടോ ഞാനും കൊടുത്തിട്ടുണ്ട്. നമ്മൾ രണ്ടു കൂട്ടരും അക്കാര്യത്തിൽ മോശക്കാരല്ല. ഞങ്ങളെക്കാൾ കുറച്ചുകൂടി മെച്ചമാണ് നിങ്ങളിപ്പോൾ. നിങ്ങൾ ഒന്നും ചെയ്യാതെ ഫോട്ടോ കൊടുക്കുന്നു. ഞങ്ങൾ കുറച്ച് ചെയ്തിട്ട് കൊടുത്തു. ആ വ്യത്യാസമുണ്ട്. സാധനങ്ങളുടെ വിലക്കയറ്റം തടയാൻ നിങ്ങളെടുക്കേണ്ട നടപടികൾ നിങ്ങളെടുക്കുന്നില്ല. ഇതിന് ഒരു ഗവൺമെന്റ് വേണം. ഇവിടെ ഒരു ഗവൺമെന്റുണ്ടെന്ന് നിങ്ങൾ അവകാശപ്പെടുന്നുണ്ടോ? ഞാൻ വായിക്കാം. ഇത്. ഡിസംബർ 10-ലെ ഹിന്ദു പത്രം

<u>മി. സ്പീക്കർ</u>: ശ്രീ. സി. ദിവാകരൻ, അങ്ങയുടെ 20 മിനിട്ടിൽ 2 മിനിട്ട് മാത്രമേ ബാക്കിയുള്ളൂ. നിർബന്ധമായും ഈ ചർച്ച 2 മണിക്കൂർ കൊണ്ട് തീർക്കണം. അതു ഓർമ്മിപ്പിച്ചതാണ്. ഒരു കൺക്ലൂഷനിലേക്ക് പോകണം.

<u>ശ്രീ. സി. ദിവാകരൻ</u>:. Kerala moving towards the Mafia Raj : V. M. Sudheeran, ഡിസംബർ 10-ാം തീയതിയിലെ ദി ഹിന്ദുവിലെ ബോക്സ് ന്യൂസ്. ശ്രീ. പി. സി. ജോർജും ശ്രീ. വി. എം. സുധീരനും തമ്മിൽ അജഗജാന്തരമുണ്ട്. ശ്രീ. വി. എം. സുധീരൻ പറയുന്നത് ജനങ്ങൾ ശ്രദ്ധിക്കുന്നതാണ്. സുധീരൻ എൽ.ഡി.എഫ്. അല്ല, കമ്മ്യൂണിസ്റ്റല്ല. ഇവിടെ മാഫിയാ ഭരണമാണ് നടക്കുന്നതെന്ന് സുധീരൻ നടന്നുപറയുകയാണ്. ശ്രീമതി ഗൗരിയമ്മ എന്താണ് പറഞ്ഞത്? ഈ മുഖ്യമന്ത്രി നടന്നു

വാങ്ങുന്ന കടലാസ് കെട്ടിത്തൂക്കി വിൽക്കാനല്ലാതെ വേറെ ഒന്നിനും കൊള്ളില്ല; രണ്ടാമതവർ പറഞ്ഞതെന്താണ്; രാവിലെ എഴുന്നേൽക്കുമ്പോൾ കഴുത്തിന് മുകളിൽ തലയുണ്ടോയെന്ന് തപ്പിനോക്കണം എന്നും മാത്രമല്ല ഇവിടെ മാഫിയാഭരണമാണെന്നും ഇവിടെ ഒരു ഭരണവും നടക്കുന്നില്ല എന്നുമവർ പറഞ്ഞു. ഞങ്ങളെ വഞ്ചിച്ചിരിക്കുന്നു എന്നാണ് ശ്രീ. എം. വി. രാഘവൻ പറഞ്ഞത്. ശ്രീ. ആർ. ബാലകൃഷ്ണൻ പറഞ്ഞതെന്താണ്; മുന്നണി മര്യാദ കാണിക്കുന്നില്ല. കേരളത്തിൽ പ്രതിരോധ വകുപ്പിലെ പുതിയ സ്ഥാപനങ്ങൾ കൊണ്ടുവരാൻ എനിക്ക് ഭയമാണ് എന്ന് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിലാണ് ശ്രീ. എ. കെ. ആന്റണി പറഞ്ഞത്. ഇതെല്ലാം ജനങ്ങളുടെ ജീവിതവുമായി ബന്ധപ്പെട്ടതാണ്. നിങ്ങൾക്ക് ഗവൺമെന്റില്ലാതെ അരിവില തടയാൻ പറ്റില്ല. ഗവൺമെന്റിന്റെ കാര്യമാണ് ഞാൻ പറയുന്നത്. ശ്രീ.എ.കെ. ആന്റണി പറഞ്ഞത് എന്താണ്? ആരെ വിശ്വസിച്ച് കൊണ്ടുവരും. കഴിഞ്ഞ കാലത്ത് എനിക്ക് സഹായം തന്ന ശ്രീ. വി.എസ്. അച്ചുതാനന്ദനും ശ്രീ. എളമരം കരീമിനും നന്ദി പറയുവാൻ എന്റെ നിഘണ്ടുവിൽ വാക്കുകളില്ല. നിങ്ങളെ ഇരുത്തിയല്ലേ ഇങ്ങനെ പറഞ്ഞത്? പിന്നെ അദ്ദേഹം മാറ്റിപ്പറഞ്ഞു. അത് സ്വാഭാവികം. നിങ്ങളുടെ സമ്മർദ്ദപ്രകാരം മാറ്റി, ഞാനാണെങ്കിലും മാറ്റും. അതാണല്ലോ അതിന്റെ രീതി. ശ്രീ. എ.കെ. ആന്റണിയെ കൊണ്ട് മാറ്റിപ്പറയിക്കാനുള്ള ശ്രമം നടത്തി പക്ഷേ ആന്റണി മാറ്റിയില്ല. ഗവൺമെന്റിന്റെ സ്ഥിതി എന്താണ്? യു.ഡി.എഫ്-ന്റെ നേതാ

ക്കന്മാർ തന്നെ തെരുവിൽ പരസ്യമായി ഗവൺമെന്റിനെ തള്ളിപ്പറയുന്നു. അത്ര ദുസ്സഹമാണ് കാര്യങ്ങൾ. കേരളത്തിലെ ക്രമസമാധാനത്തെപ്പറ്റി ഞാൻ ഒന്നും പറയുന്നില്ല വേറെ ആളുകൾ പറയട്ടെ. ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി, കളക്ടർക്ക് ജീവിക്കാൻ നിവൃത്തിയില്ല. ഹോട്ടലിലെ വിലനിലവാരം നോക്കാം. നമുക്ക് ഏറ്റവും വിലകുറഞ്ഞ ആഹാരം കിട്ടുന്നത് എം.എൽ.എ ഹോസ്റ്റലിലെ കാന്റീനിലാണ്. അവിടെ ചായയ്ക്ക്-7 രൂപ, കാപ്പി-10 രൂപ ഊണ്-45 രൂപ, മീൻ കറി-16 രൂപ, പൂരി ഒരെണ്ണത്തിന് -5 രൂപ, ചപ്പാത്തി ഒരെണ്ണത്തിന് -7 രൂപ, ബീഫ് കറി-35 രൂപ, ചിക്കൻ കറി-55 രൂപ, ദോശ ഒരെണ്ണം-20 രൂപ, മസാല ദോശ-30 രൂപ, ഇത് ബഹുമാനപ്പെട്ട സ്പീക്കറുടെ നിയന്ത്രണത്തിലുള്ള കാന്റീനിലെ വിലയാണ്. ഇതിന്റെ ഇരട്ടി വിലയാണ് തിരുവനന്തപുരത്ത്. ഹോട്ടലിൽ കയറി ആഹാരം കഴിക്കുവാൻ നിവൃത്തിയില്ല. പച്ചക്കറിയുടെ വിലയെപ്പറ്റി ഞാൻ പ്രത്യേകം പറയുന്നില്ല. ചെറിയ ഉള്ളിയുടെ വില 52 രൂപയാണ്, സവാള 25 രൂപയിൽ നിന്ന് 35 രൂപയായി. പയർ 58 രൂപയിൽ നിന്ന് 60 രൂപയായി. ബീൻസ് 45 രൂപയിൽ നിന്ന് 60 രൂപയായി. ക്യാരറ്റ് 35 രൂപയിൽ നിന്ന് 50 രൂപയായി. പച്ചമുളക് 40 രൂപയിൽ നിന്ന് 60 രൂപയായി. ഉരുളക്കിഴങ്ങ് 28 രൂപയിൽ നിന്ന് 34 രൂപയായി. ഇതെല്ലാം ഒരാഴ്ച കൊണ്ട് വിലകയറിയതാണ്. ഇവിടെ ആരോഗ്യവകുപ്പുമന്ത്രിയില്ല. കേരളത്തിന്റെ ഒരു പ്രധാനപ്പെട്ട പ്രശ്നം ചർച്ചചെയ്യുമ്പോൾ ആരോഗ്യവ

കുപ്പുമന്ത്രി ഇവിടെ ഉണ്ടാകേണ്ടതാണ്. മരുന്നിന്റെ വില, ചെറിയ ഒരു ഉദാഹരണം മാത്രം പറയാം. പാരസെറ്റമോൾ ട്രിപ്- ഒരെണ്ണത്തിന് 16 രൂപയിൽ നിന്ന് 22 രൂപയായി വർദ്ധിച്ചു. പ്രമേഹത്തിന് ഉപയോഗിക്കുന്ന ഹ്യൂമൻ മിക്സ്റ്റാർഡ് 165 രൂപയിൽ നിന്ന് 265 രൂപയായി. ഒമേക്സ 75 രൂപയിൽ നിന്ന് 95 രൂപയായി. തൈറോയിഡിന്റെ എൽറ്റെറോക്സിൻ 80 രൂപയിൽ നിന്ന് 150 രൂപയായി. വിവിധയിനം സിറപ്പുകൾ 8 രൂപയായിരുന്നത് 15 രൂപയായി. ആന്റിബയോട്ടിക്സ് 30 മുതൽ 60 ശതമാനം വരെ വില വർദ്ധിച്ചു. കാൻസർ ഔഷധങ്ങൾക്ക് 150 ശതമാനം വരെ വില വർദ്ധിച്ചു.

മി. സ്പീക്കർ: ശ്രീ. സി. ദിവാകരൻ ഇതെല്ലാം രാവിലെ അര മണിക്കൂർ നേരം ചർച്ച ചെയ്തതാണ്.

ശ്രീ. സി. ദിവാകരൻ: സർ, ചർച്ച ചെയ്യുകയല്ലാതെ ഞങ്ങളുടെ കയ്യിൽ എക്സിക്യൂട്ടീവ് പവറില്ലല്ലോ. ഞങ്ങളെ ചർച്ച ചെയ്യാനെങ്കിലും അനുവദിക്കണ്ടേ? കേരളത്തിലെ ജനങ്ങളുടെ സ്പന്ദനമാണ്, അവരുടെ വികാരമാണ്, അവരുടെ ദു:ഖം ആണ്, അവരുടെ നിലവിളികളാണ് ഇവിടെ പറയുന്നത്. അതുപറഞ്ഞാൽ ഇവിടെ നടപടി എടുക്കണം. ഇതെല്ലാം ന്യായമാണെങ്കിൽ സ്പീക്കർ നടപടി എടുക്കാൻ പറയണം. ഇത് ന്യായമാണ്, വിലക്കയറ്റം സമ്മതിച്ചിട്ടുണ്ട്, വിലക്കയറ്റം ചർച്ച അനുവദിച്ചിട്ടുണ്ട് അത് ശരിയാണെങ്കിൽ ജനങ്ങളോട് താൽപ്പര്യമുണ്ടെങ്കിൽ അതിന് കർശനമായ നടപടി എടുക്കാൻ ബഹുമാനപ്പെട്ട ചെയർ റൂളിംഗ്

നടത്തിയാൽ ഞങ്ങൾക്ക് ഇതുപോലുള്ള സന്തോഷം വേറെയില്ല. ഞാൻ അങ്ങയുടെ നിർദ്ദേശപ്രകാരം അവസാനിപ്പിക്കുകയാണ്. എന്റെ സമയം തീർന്നില്ല ഇനി രണ്ട് മിനിറ്റ് കൂടി ഉണ്ട്.

മി. സ്പീക്കർ: ഇല്ല. ഒരു തെറ്റിദ്ധാരണയുംവേണ്ട മൂന്നരമിനിറ്റ് അധികമെടുത്തു. ശ്രീ. വി.ഡി. സതീശൻ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സാധാരണ ഇങ്ങനെയുള്ള ചർച്ചകൾക്ക് ലൈവ് ടെലികാസ്റ്റ് വയ്ക്കണമെന്ന് മുഖ്യമന്ത്രിക്ക് അഭിപ്രായമുണ്ടായിരുന്നു. ഇത് വേണ്ടായെന്ന് മുഖ്യമന്ത്രി പറഞ്ഞതാണോ; സ്പീക്കർ പറഞ്ഞതാണോ; പത്രക്കാർ വരാത്തതാണോ; എന്താണ് പ്രശ്നം?

ശ്രീ. വി. എസ് സുനിൽകുമാർ: അതോ വിലക്കയറ്റമായതുകൊണ്ട് വേണ്ടാത്തതാണോ?

മി.സ്പീക്കർ: രാവിലെ ചോദ്യോത്തരം ലൈവായിട്ട് പോകുകുന്നുണ്ടല്ലോ. അങ്ങനെ എല്ലാം എപ്പോഴും അനുവദിക്കാറില്ലല്ലോ.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : നിങ്ങൾ ആവശ്യപ്പെട്ടില്ല, അതുകൊണ്ട് ചെയ്തില്ല എന്നേയുള്ളു.

............(ബഹളം)...........

മി.സ്പീക്കർ: ഇവിടെ ഒരു മണിക്കൂർ ചോദ്യോത്തര സമയം ലൈവ് ടെലിക്കാസ്റ്റുണ്ട്. അപൂർവ്വം ചില സന്ദർഭങ്ങളിൽ വീണ്ടും പത്രക്കാരെ ക്ഷണിച്ചിട്ടുണ്ട്. ഈ നിയമസഭ വന്നതിനുശേഷം വെബ്കാസ്റ്റിംഗ്

മുഴുവൻ എടുക്കുന്നുണ്ട്. ലോകത്തിൽ എവിടെയുമുള്ള ആളുകൾക്ക് വെബ്കാസ്റ്റിംഗിലൂടെ അറിയാം.

ശ്രീ. വി. ഡി. സതീശൻ: സർ, വിലക്കയറ്റത്തെക്കുറിച്ചാണ് നമ്മുടെ സഭ ഗൗരവമായി ചർച്ചചെയ്യുന്നത്. നമ്മുടെ സംസ്ഥാനത്തും എല്ലാ പ്രദേശങ്ങളിലും വിലക്കയറ്റമെന്നത് യാഥാർത്ഥ്യമാണ്. അതില്ലായെന്ന് സമർത്ഥിക്കുവാനുള്ള ശ്രമമൊന്നും ഞാൻ നടത്തുന്നില്ല. വിലക്കയറ്റം നമ്മൾ നേരിടേണ്ടത് രണ്ട് രീതിയിലാണ് എന്നാണെനിക്ക് തോന്നുന്നത്. ഒന്ന്, യഥാർത്ഥ കാരണം കണ്ടുപിടിക്കുക. രോഗം അറിഞ്ഞതിനുശേഷം മാത്രമേ നമുക്ക് ചികിത്സിക്കുവാൻ കഴിയൂ. രണ്ടാമത്, രോഗം എന്താണെന്ന് മനസ്സിലാക്കുക, അതെന്താണെന്ന് മനസ്സിലാക്കിയാൽ ഹ്യസ്വകാലത്തേക്കും ദീർഘകാലത്തേക്കുമുള്ള ശക്തമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുക. ഗവൺമെന്റ് വിലക്കയറ്റത്തിന്റെ കാര്യത്തിൽ ശക്തമായ ഇടപെടൽ നടത്തി അതിലൂടെ പരിഹാരം ഉണ്ടാക്കുമെന്ന ശുഭപ്രതീക്ഷയോടെ കേരളത്തിലെ ജനങ്ങൾ കാത്തിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തിലേക്ക് അരി നൽകാത്തതുകൊണ്ടാണ് ഇവിടെ അരിയുടെ വിലക്കയറ്റത്തിന് കാരണമെന്ന് ബഹുമാന്യനായ മെമ്പർ ശ്രീ. സി. ദിവാകരൻ പറഞ്ഞത്. കേന്ദ്ര സർക്കാർ കേരളത്തിലേക്ക് നൽകുന്ന അരിയിൽ യാതൊരു കുറവും വരുത്തിയിട്ടില്ല. നമ്മുടെ പി.ഡി.എസ്. സംവിധാനത്തിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ല. ഇവിടെ ഈ ഗവൺമെന്റ് വന്നപ്പോൾ നിലവിലിരുന്ന പി.ഡി.എസ് സംവിധാനം - പൊതുവിതരണ സമ്പ്രദായം - അരിയുടെ കാര്യത്തിൽ അതുപോലെ നിലനിൽക്കുന്നു. ഏത്

Uncorrected / Not for publication

അവസരത്തിലും അരിയുടെ വില വർദ്ധിക്കുമ്പോൾ കൂടുതൽ അരി ഓപ്പൺ മാർക്കറ്റ് സെയിൽസ് സ്കീമിൽ നൽകാമെന്ന് കേന്ദ്ര ഗവൺമെന്റ് വാഗ്ദാനം നൽകിയിട്ടുണ്ട്. അതിൻപ്രകാരം സംസ്ഥാന സർക്കാർ ആവശ്യപ്പെടുന്നതനുസരിച്ച് സബ്സിഡി റേറ്റിനേക്കാൾ കുറച്ചുകൂടി ഉയർന്ന റേറ്റിൽ ഈ സംസ്ഥാനത്തിന് കേന്ദ്ര ഗവൺമെന്റ് അരി നൽകിയിട്ടുമുണ്ട്. അരിയുടെ വില വർദ്ധിക്കുവാനുണ്ടായ പ്രധാന കാരണം കർഷകരെ സഹായിക്കുന്നതിനുവേണ്ടി നെല്ലിന്റെ സംഭരണ വില കേന്ദ്ര ഗവൺമെന്റ് ഉയർത്തി. വില വർദ്ധിക്കാനുണ്ടായ ഒരു കാരണമാണ് ഞാൻ പറയുന്നത്. 10 രൂപ 50 പൈസ ഉണ്ടായിരുന്ന നെല്ലിന്റെ വില 12 രൂപ 50 പൈസ യാക്കി വർദ്ധിപ്പിച്ചു. അതിൽ 4 രൂപ 50 പൈസ സംസ്ഥാന ഗവൺമെന്റിന്റെ വിഹിതവും ഉണ്ട്. കഴിഞ്ഞ എൽ.ഡിഎഫ് ഗവൺമെന്റ് വരുന്ന സമയത്ത് 5 രൂപ 50 പൈസ ഉണ്ടായിരുന്ന നെല്ലിന്റെ സംഭരണ വില പത്ത് വർഷത്തിനകം 17 രൂപയായി വർദ്ധിച്ചിരിക്കുകയാണ്. കർഷകർക്ക് വില കുറച്ച് കൊടുക്കുവാൻ നമുക്ക് കഴിയില്ല. കർഷകരുടെ അദ്ധ്വാനഭാരത്തിന്റെ പ്രൊപ്പോർഷനായിട്ടുതന്നെ വില അവർക്ക് കൊടുക്കണം. ആ കൃഷി നശിക്കാതിരിക്കുന്നതിനും കർഷകരെ സംരക്ഷിക്കുന്നതിനുവേണ്ടിയാണ് 17 രൂപയായി നെല്ലിന്റെ സംഭരണ വില ഇന്ന് സംസ്ഥാനത്ത് ഉയർത്തിയിരിക്കുന്നത്. സ്വാഭാവികമായും ആ 17 രൂപയ്ക്ക് മുകളിലേക്ക് അരിയുടെ വില കയറാനുള്ള സാധ്യതകൾ വർദ്ധിക്കും. അതുകൊണ്ട് കർഷകരുടെ നെല്ലിന്റെ താങ്ങുവില  ഒരു കാരണവശാലും നമുക്ക് കുറ

യ്ക്കുവാൻ കഴിയില്ല. എവിടെ നിന്നാണ് നമുക്ക് അരി വരുന്നത്; കർണ്ണാടകത്തിൽ നിന്ന് 65 ശതമാനവും തമിഴ്നാട്ടിൽ നിന്ന് 30 ശതമാനവുമാണ്. ഈ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന നെല്ല് കേരളത്തിലെ മില്ലുകൾ ഉപയോഗിക്കുന്നത് അഞ്ച് ശതമാനം മാത്രമാണ്. കഴിഞ്ഞ സീസണിൽ സൈക്ലോൺ ഉണ്ടായതും മൺസൂണിൽ ചില അപാകതകളുണ്ടായതും മൂലം തമിഴ്നാട്ടിൽ ഗണ്യമായ നെല്ലുത്പാദനം കുറഞ്ഞു. തമിഴ്നാട് തന്നെ കർണ്ണാടക സംസ്ഥാനത്തെ ആശ്രയിക്കേണ്ട സ്ഥിതിയുണ്ടായി. മാത്രമല്ല ഇതിനിടയിൽ വളരെ അപകടകരമായ കാര്യം കർണ്ണാടകയിലുണ്ടായി. കർണ്ണാടകയിൽ നമ്മൾ ഉപയോഗിക്കുന്ന ജ്യോതി ബ്രാൻഡ്, ചുവന്ന മട്ട അരി ഏറ്റവും കൂടുതൽ ഉത്പാദിപ്പിച്ചിരുന്ന സംസ്ഥാനം കർണ്ണാടകമാണ്. എന്നാൽ കർണ്ണാടകത്തിലെ ജനങ്ങൾ ആ അരി ഉപയോഗിക്കാറില്ല. അവർ കേരളം പോലുള്ള മറ്റ് സംസ്ഥാനങ്ങളിലേക്ക് കൊടുക്കുകയാണ്. ആ സംസ്ഥാനത്തിലെ ജനങ്ങൾ ഉപയോഗിക്കാത്ത അരി ആയതുകൊണ്ട് കർണ്ണാടക ഗവൺമെന്റ് ജ്യോതി ബ്രാൻഡ് - ചുവന്ന മട്ട അരിയുടെ സബ്സിഡി പൂർണ്ണമായും നീക്കം ചെയ്തതതോടുകൂടി കർണ്ണാടകയിലെ കർഷകർ ജ്യോതി ബ്രാൻഡിന്റെ ചുവന്ന മട്ട അരിയുടെ ഉത്പാദനം തന്നെ നിർത്തി. കർണ്ണാടകത്തിലെ ഗവൺമെന്റിന്റെ സബ്സിഡിയോടുകൂടി അവിടെ ഉത്പാദിപ്പിച്ച് നമ്മുടെ സംസ്ഥാനത്തേക്ക് വന്ന ചുവന്ന മട്ട അരിയുടെ നീക്കം കേരളത്തിൽ ഇല്ലാതായി. അതിനാൽ അരിയുടെ ലഭ്യത ഗണ്യമായി കുറഞ്ഞുവെന്നുമാത്രമല്ല കഴിഞ്ഞ 2-3

വർഷമായി നമുക്ക് അരി കിട്ടിയിരുന്ന ഇന്ത്യയിലെ ഏറ്റവും നല്ല അരി ഉത്പാദക സംസ്ഥാനമായ ആന്ധ്രാപ്രദേശിൽ നിന്നാണ്. 2-3 വർഷമായി അവർ മറ്റ് സംസ്ഥാനങ്ങളിലേക്ക് അരി കൊടുക്കാതെ മലയാളികളെല്ലാം ഉപയോഗിക്കുന്ന ആന്ധ്രയിൽ നിന്നും വരുന്ന അരിയുടെ കയറ്റുമതി ഗണ്യമായി വർദ്ധിപ്പിച്ചു. ഇന്ന് ഇന്ത്യയിൽ അരിയുടെ കയറ്റുമതി ഏറ്റവും കൂടുതൽ വർദ്ധിച്ചൊരു കാലഘട്ടം കൂടിയാണിത്. ആന്ധ്രാ ഗവൺമെന്റ് അരിയുടെ കയറ്റുമതി ഗണ്യമായി വർദ്ധിപ്പിക്കുകയും അങ്ങനെ കേരളം പോലുള്ള അയൽ സംസ്ഥാനങ്ങളിലേക്ക് വന്നിരുന്ന അരിയുടെ അളവ് ഗണ്യമായി കുറയുകയും ചെയ്തു എന്നുള്ളതാണ് യാഥാർത്ഥ്യം. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെല്ലാം അരിയുടെ വിലയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. നമ്മൾ അത് മനസ്സിലാക്കാതെ പറഞ്ഞിട്ട് കാര്യമില്ല. അരിയുടെ വിലവർദ്ധനവും സാധനങ്ങളുടെ വിലക്കയറ്റവും കേരളത്തിലെ ഗവൺമെന്റിന്റെ ക്രിയേഷനല്ല. യാഥാർത്ഥ്യം അറിയാതെ നമ്മൾ സംസാരിച്ചിട്ട് കാര്യമില്ല. അരി ഉൽപ്പാദന സംസ്ഥാനമായ ആന്ധ്രാപ്രദേശിൽ പ്രധാനപ്പെട്ട അരിക്ക് 34-ഉം 38-ഉം രൂപ വരെ വിലയുണ്ട്. കൂടാതെ തമിഴ്നാട്ടിലും കർണ്ണാടകയിലും അരിയുടെ വില വർദ്ധിച്ചിട്ടുണ്ട്. ഏറ്റവും കൂടുതൽ അരി ഉൽപ്പാദിപ്പിക്കുന്ന ദക്ഷിണേന്ത്യൻ സംസ്ഥാനമായ ആന്ധ്രാപ്രദേശിൽ 34-ഉം 38-ഉം രൂപ വരെ അരിക്ക് വില വർദ്ധിക്കുമ്പോൾ ഇവിടെ അത് 40-ഉം 45 -ഉം രൂപയായി വർദ്ധിക്കുന്നത് സ്വാഭാവികമാണ്. കർണ്ണാടകയിലുള്ള ആളുകൾ ഏറ്റവും കൂടുതൽ

ഉപയോഗിക്കുന്നത് പച്ചരിയാണ്. ഇതുസംബന്ധിച്ചുള്ള കണക്കുകൾ എന്റെ കൈവശമുണ്ട്. കേരളത്തിൽ വർദ്ധിച്ച അതേ നിരക്കിൽത്തന്നെ കർണ്ണാടകയിലും അരിയുടെ വില വർദ്ധിച്ചിട്ടുണ്ട്. ഇവിടെ സപ്ലൈകോ യെക്കുറിച്ച് സൂചിപ്പിച്ചു. സപ്ലൈകോയിൽ സാധനങ്ങളുടെ ദൗർലഭ്യമു ണ്ട്. 13 എസൻഷ്യൽ കമ്മോഡിറ്റീസാണ് നമ്മൾ സപ്ലൈകോ വഴി സബ്സിഡി നിരക്കിൽ വിൽക്കുന്നത്. സപ്ലൈകോയിൽ നിത്യോപയോഗ സാധനങ്ങളുടെ ദൗർലഭ്യമുണ്ടാകാനുള്ള കാരണമെന്താണ്; ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സപ്ലൈകോ ക്വാണ്ടിറ്റി ഓഫ് പർച്ചേസ് കുറച്ചിട്ടുണ്ടോ? സപ്ലൈകോയിൽ എല്ലാകാലത്തും സാമ്പത്തിക പ്രതിസന്ധി ഉണ്ടായിട്ടുണ്ട്. അങ്ങനെ വരുമ്പോൾ സംസ്ഥാന ഗവൺമെന്റ് സഹായിക്കണം. സംസ്ഥാന ഗവൺമെന്റ് സഹാ യിക്കാത്തതുകൊണ്ട് സപ്ലൈകോയിൽ പർച്ചേസ് കുറച്ചിട്ടില്ല, വില കൂടി എന്നുകരുതി ക്വാണ്ടിറ്റി കുറച്ചിട്ടില്ല. പൊതു മാർക്കറ്റിൽ 100 -ഉം120-ഉം രൂപ വിലയുള്ള പല സാധനങ്ങളും സപ്ലൈകോയിൽ 27-ഉം 28-ഉം രൂപയ്ക്ക് ലഭിക്കും. പക്ഷേ പൊതു മാർക്കറ്റിൽ നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിച്ചപ്പോൾ മാവേലി സ്റ്റോറിൽ പോകാത്ത ആളുകൾവരെ അവിടേക്ക് പോകാൻ തുടങ്ങി. മാവേലി സ്റ്റോറിൽ സാധ നങ്ങൾ എത്തിയാൽ നേരത്തെ വിറ്റിരുന്നതിനെക്കാൾ വേഗത്തിൽ ഇപ്പോൾ വിറ്റ് തീരുകയാണ്. സാധനങ്ങൾ വളരെ പെട്ടെന്നുതന്നെ വിറ്റ ഴിക്കുന്നതിനാൽ പിന്നീട് അന്വേഷിക്കുമ്പോൾ അത് ഉണ്ടാകാറില്ലായെ

ന്നുള്ളത് ശരിയാണ്. സംസ്ഥാന ഗവൺമെന്റ് നടത്തുന്ന ആ റീട്ടെയിൽ ഔട്ട്‌ലെറ്റിൽ പെട്ടെന്ന് സാധനങ്ങൾ വിറ്റുപോയി ദൗർലഭ്യം വരുമ്പോൾ ഉടൻതന്നെ അതിന്റെ പ്രോപ്പോർഷണലായി മാർക്കറ്റിൽ അവയുടെ വില വർദ്ധിക്കും എന്നുള്ളത് യാഥാർത്ഥ്യമാണ്. ഗവൺമെന്റിന്റേയോ സപ്ലൈകോയുടെയോ കുഴപ്പം കൊണ്ടല്ല ഈ ദൗർലഭ്യം ഉണ്ടാകുന്നത്. സപ്ലൈകോ ഇനിയും കൂടുതൽ സാധനങ്ങൾ വാങ്ങി ഇപ്പോൾ കൊടുക്കുന്ന വിലയിൽത്തന്നെ നൽകണം. വില വർദ്ധിക്കുന്ന സാഹചര്യത്തിൽ സംസ്ഥാന ഗവൺമെന്റ് സപ്ലൈകോ-യെ സഹായിക്കണം. ഇതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഇവിട സബ്സിഡിയിലും പർച്ചേസിലും കുറവുണ്ടായിട്ടില്ല. വില കൂടിയതിനോടൊപ്പം ഡിമാന്റും കൂടിയതുകൊണ്ടാണ് ഈ പ്രശ്നം പ്രധാനമായും ഉണ്ടായത്.

<u>ശ്രീ. വി.എസ്. സുനിൽ കുമാർ</u>: സർ, ഇവിടെ ധനകാര്യ വകുപ്പു മന്ത്രി ഉറങ്ങുകയാണ്. വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ചർച്ച ചെയ്യുന്നത്. ഈ രാജ്യം മുഴുവൻ കത്തുന്ന ഒരു പ്രശ്നം ചർച്ച ചെയ്യുമ്പോൾ ഇങ്ങനെ ഉറങ്ങുന്നത് ശരിയാണോ?

<u>മി. സ്പീക്കർ</u>: പ്ലീസ്........... പ്ലീസ്............ഈ പ്രശ്നത്തിൽ ഞാൻ ഇടപെടാം. പ്ലീസ്......... പ്ലീസ്....... ഒരു മിനിട്ട് എനിക്ക് നൽകൂ. ഒരു കാര്യം ചെയറിന് പറയാനുണ്ട്. ഇവിടെ പല കാരണങ്ങൾകൊണ്ട് ഉച്ചയോടുകൂടി ചില അംഗങ്ങൾ മയങ്ങി എന്നുവരും. അതിന് ഭരണപക്ഷമെന്നോ പ്രതിപക്ഷമെന്നോ ഉള്ള വ്യത്യാസമില്ല. ഇത് പലപ്പോഴും സംഭവിച്ചിട്ടുള്ളതാ

ണ്. ടെലിവിഷനിലും പത്രങ്ങളിലുമെല്ലാം ഇത് വന്നിട്ടുള്ളതാണ്. ഇതെല്ലാം ചർച്ച ചെയ്യുന്നത് നമുക്കുതന്നെ അപമാനകരമാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, കോൺസെൻട്രേഷൻ ലഭിക്കാൻ ചിലപ്പോൾ കണ്ണടച്ച് ഇരുന്നുവെന്ന് വരാം.

ശ്രീ. വി.ഡി. സതീശൻ: സർ, കർണ്ണാടകയിൽ ഇപ്പോൾ വിളവെടുപ്പ് ആരംഭിച്ചിട്ടുണ്ട്. അവിടെ നിന്നും അരി ഉടൻതന്നെ വന്നുതുടങ്ങും. അതുപോലെ മധ്യപ്രദേശിൽ നിന്ന് കേരളത്തിലെ മില്ലുകളിലേക്ക് അരി വരുന്നുണ്ട്. കേന്ദ്രഗവൺമെന്റിന്റെ ഓപ്പൺ മാർക്കറ്റ് സെയിൽ സ്കീമിൽ നിന്ന് ഇപ്പോൾ ഒരു ലക്ഷം ടൺ അരി കേരളത്തിലേക്ക് നീങ്ങുകയാണ്. ഇപ്പോൾ മാർക്കറ്റിൽ പി.ഡി.എസ്. വഴി ബി.പി.എൽ.കാർക്ക് 25 കിലോ അരി ഒരു രൂപ നിരക്കിൽ നൽകുന്നുണ്ട്. എ.പി.എൽ.കാർക്ക് നോൺ സബ്സിഡി സ്കീമിൽ പത്ത് കിലോ അരി 8 രൂപ 90 പൈസയ്ക്ക് നൽകുന്നുണ്ട്. രണ്ട് രൂപ നിരക്കിൽ എ.പി.എൽ.കാർക്ക് 9 കിലോ അരി കൊടുക്കുന്നുണ്ട്. അത് കൂടാതെ മാവേലി സ്റ്റോറിലെ ഔട്ട്ലെറ്റുകളിൽ നിന്ന് 20 കിലോ അരി വീതം എല്ലാ കാർഡുടമകൾക്കും നൽകുന്നുണ്ട്. കൂടാതെ ഒ.എം.എസ്.എസ്. പ്രകാരം മാവേലി സ്റ്റോറുകൾ വഴി 15 കിലോ അരിയും കുടുതലായി നൽകാൻ സാധിക്കും. എ.പി.എൽ.കാർക്ക് 35 കിലോ അരി മാവേലി സ്റ്റോറിന്റെ ഔട്ട്ലെറ്റുകൾ വഴിയും 10 കിലോ അരി

എ.ആർ.ഡി. വഴിയും നമുക്ക് കൊടുക്കാൻ സാധിക്കും. അരിയുടെ വിതരണ സംവിധാനം മെച്ചപ്പെടുത്തിയാൽ വളരെ പെട്ടെന്നുതന്നെ വർദ്ധിച്ചു വരുന്ന അരിയുടെ വില നമുക്ക് അറസ്റ്റ് ചെയ്യാൻ സാധിക്കും. ഞങ്ങൾ ഒരു രൂപയ്ക്ക് അരി കൊടുത്തതിനെക്കുറിച്ച് ഇവിടെ പറഞ്ഞു. ശ്രീ. ഉമ്മൻചാണ്ടിയുടെ കാലത്ത് ഞങ്ങൾ മൂന്ന് രൂപയ്ക്ക് അരി കൊടുത്തിരുന്നു. എന്നാൽ 2006-ൽ ഇലക്ഷൻ വന്നപ്പോഴാണ് എൽ.ഡി.എഫ്. രണ്ട് രൂപയ്ക്ക് അരി നൽകുമെന്ന് പറഞ്ഞത്. നിങ്ങൾ 2006-ൽ അധികാരത്തിൽ വന്നു. 2006-ലും 2007-ലും 2008-ലും 2009-ലും 2010-ലും നിങ്ങൾ അരി കൊടുത്തില്ല. 2011-ലെ തെരഞ്ഞെടുപ്പിന് രണ്ട് മാസം മുമ്പാണ് നിങ്ങൾ രണ്ട് രൂപയ്ക്ക് അരി കൊടുത്തത്. യു.ഡി.എഫ്. അധികാരത്തിൽ വന്നാൽ ഒരു രൂപയ്ക്ക് അരി കൊടുക്കുമെന്ന് ഈ തെരഞ്ഞെടുപ്പിൽ ഞങ്ങൾ പറഞ്ഞു. ഞങ്ങൾക്കുവേണമെങ്കിൽ നിങ്ങൾ പറഞ്ഞതുപോലെ 58 മാസം കഴിഞ്ഞ് 2016 ആകുമ്പോൾ ഒരു രൂപയ്ക്ക് അരി കൊടുത്താൽ മതിയായിരുന്നു. അതല്ലല്ലോ ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഗവൺമെന്റ് ചെയ്തത്. ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റ് അധികാരത്തിൽ വന്ന് മൂന്ന് മാസത്തിനകം ഒരു രൂപയ്ക്ക് 25 കിലോ അരി വിതരണം ചെയ്തു. ഈ ഗവൺമെന്റ് പൂഴ്ത്തിവെയ്പ്പും കരിഞ്ചന്തയും നിയന്ത്രിക്കുമെന്നും അരിയുടെ വില നിയന്ത്രിക്കുമെന്നും കേന്ദ്രത്തിൽ നിന്ന് കൂടുതൽ അരി വാങ്ങുമെന്നും ജനങ്ങൾക്ക് സബ്സിഡി റേറ്റിൽ

അരി കൊടുക്കുമെന്നും അരിയുടെ വില നിയന്ത്രിക്കുന്നതിന് ഈ ഗവൺമെന്റിന് ഉത്തരവാദിത്തമുണ്ടെന്നുമാണ് അരി വില കൂടിയപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഭക്ഷ്യവകുപ്പുമന്ത്രിയും പറഞ്ഞത്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് അരിയുടെ വില കൂടിയപ്പോൾ അരി ആഹാരം ഉപേക്ഷിച്ച് കോഴിമുട്ടയും കോഴിയിറച്ചിയും കഴിക്കാൻ പറഞ്ഞ ഭരണാധികാരിയാണ് ഇന്ന് ഇവിടെ അടിയന്തിരപ്രമേയം അവതരിപ്പിച്ച ശ്രീ. സി. ദിവാകരൻ. അതുകൊണ്ട് നിങ്ങൾ വെറുതെ രാഷ്ട്രീയം പറയേണ്ട. ഇത് രാഷ്ട്രീയമായി കൈകാര്യം ചെയ്യേണ്ട വിഷയമല്ല. പൊതുമാർക്കറ്റിൽ കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പുമുണ്ടെങ്കിൽ അതിനെതിരെ എല്ലാവരും ഒറ്റക്കെട്ടായി നിൽക്കണം. റെയ്ഡ് നടത്തി അവരെ പിടിക്കുകയും കേന്ദ്ര ഗവൺമെന്റിൽ നിന്ന് ഒ.എം.എസ്.എസ്.-ലൂടെയോ മറ്റേതെങ്കിലും സ്കീമിലൂടെയോ കൂടുതൽ അരി വാങ്ങി പൊതുവിതരണ സമ്പ്രദായത്തിനുപുറമേയുള്ള കേരളത്തിലെ അരി വിതരണ സമ്പ്രദായം മെച്ചപ്പെടുത്തണം. കേരളത്തിന്റെ സപ്ലൈ ചെയിൻ മാനേജ്മെന്റ് അരിയുടെ കാര്യത്തിൽ പ്രത്യേകമായി ഉണ്ടാകണം. 13 എസൻഷ്യൽ കമ്മോഡിറ്റീസിന്റെ വില കർശനമായി നിയന്ത്രിക്കാൻ കഴിയണം. മാത്രമല്ല, ആന്ധ്ര, കർണ്ണാടക എന്നിവിടങ്ങളിൽ നിന്ന് ഇ-ടെണ്ടറിലൂടെയാണ് 13 നിത്യോപയോഗ സാധനങ്ങൾ വാങ്ങുന്നത്. ആ സിസ്റ്റം മാറ്റി സീസണിൽ സാധനങ്ങൾ വാങ്ങാൻ കഴിയണം. ക്രോപ്പ് സീസണിൽ നിത്യോപയോഗ സാധനങ്ങൾ വാങ്ങി സൂക്ഷിക്കുന്നതിനുള്ള സ്റ്റോറേജ് ഫെസിലിറ്റി കേര

Uncorrected / Not for publication
ളത്തിൽ ഉണ്ടാക്കണം. കേരളത്തിലെ കൺസ്യൂമർ ഫെഡ്, സഹകരണ പ്രസ്ഥാനങ്ങൾ എന്നിവയ്ക്ക് കോടിക്കണക്കിന് രൂപയുള്ള വലിയ സ്റ്റോറേജ് സംവിധാനങ്ങൾ ഉണ്ടാക്കാൻ കഴിയും. ക്രോപ്പ് സീസണിൽ 20 രൂപയ്ക്ക് കിട്ടുന്ന മുളകിന് ഓഫ് സീസണിൽ 55-60 രൂപ വരെയാകാറു ണ്ട്. അതുകൊണ്ട് കേരളത്തിനായി ക്രോപ് സീസണിൽ അവിടെപ്പോയി 20 രൂപയ്ക്ക് ഡയറക്ട് പർച്ചേസ് നടത്തി ഫ്രീസറിൽ സൂക്ഷിക്കാൻ കഴി ഞ്ഞാൽ, അതേ സാധനം 25-35 രൂപയ്ക്ക് സപ്ലൈകോ വഴിയോ ഗവൺമെന്റ് ഏജൻസികൾ വഴിയോ മാർക്കറ്റിൽ വിതരണം നടത്താൻ സാധിക്കും. അരിയുടെ കാര്യത്തിലാണെങ്കിലും നിത്യോപയോഗ സാധങ്ങ ളുടെ കാര്യത്തിലാണെങ്കിലും കേരളത്തിൽ ഇന്ന് സ്റ്റോറേജ് സംവിധാനമി ല്ലെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അടുത്ത മൂന്നു മാസക്കാല ത്തേക്കുള്ള അരിയെടുക്കാൻ കേന്ദ്ര ഗവൺമെന്റ് പറഞ്ഞാൽ ആ അരി സ്റ്റോർ ചെയ്യാനുള്ള സംവിധാനങ്ങൾ കേരളത്തിനില്ല. അതുകൊണ്ട് ക്രോപ് സീസണിൽ അരിയും നിത്യോപയോഗ സാധനങ്ങളും വാങ്ങി കൂടുതൽ കാലത്തേക്ക് സൂക്ഷിച്ചുവയ്ക്കാൻ കഴിയുന്ന രീതിയിലുള്ള സൗകര്യങ്ങൾ ഉണ്ടാക്കണം. റിലയൻസ് പോലുള്ള വൻകിട കമ്പനി കൾക്കും സപ്ലൈകോയുടെ ഇ-ടെണ്ടറിൽ പങ്കെടുക്കുന്ന വലിയ വ്യാപാര പ്രമുഖർക്കും കോടിക്കണക്കിന് രൂപയുടെ ഫ്രീസറുകളും സംഭരണശാല കളുമുണ്ട്. അവരാണ് ഈ സാധനങ്ങൾ വാങ്ങി ഓഫ് സീസണിൽ വലിയ വിലയ്ക്ക് കേരളത്തിന് തരുന്നത്. സർക്കാറിനും സർക്കാർ ഏജൻസി

Uncorrected / Not for publication

കൾക്കും സഹകരണപ്രസ്ഥാനങ്ങൾക്കും ഇക്കാര്യത്തിൽ ഗണ്യമായ പങ്ക് വഹിക്കാൻ കഴിയും. വരാനിരിക്കുന്ന വർഷങ്ങളിലെങ്കിലും കേരളത്തിൽ സ്റ്റോറേജ് ഫെസിലിറ്റിയുണ്ടാക്കിയാൽ അരിയുടെയും നിത്യോപയോഗ സാധനങ്ങളുടെയും വില ദീർഘകാലത്തേക്ക് പിടിച്ചുനിറുത്താൻ കഴിയും. സർക്കാർ ഇക്കാര്യത്തിൽ സ്വീകരിച്ചിരിക്കുന്ന നടപടികൾ സ്വാഗതാർഹമാണ്. അത് വളരെ വേഗത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട അംഗം വി. ഡി. സതീശന്റെ പ്രസംഗം കേട്ടപ്പോൾ ബേണിപ്രസാദിന്റെ കുപ്രസിദ്ധമായ പ്രസംഗമാണ് എനിക്ക് ഓർമ്മവന്നത്. അദ്ദേഹത്തിന്റെ വാദം ആറ് വർഷം മുമ്പ് കേരളത്തിൽ നെല്ലിന്റെ താങ്ങുവില 11 രൂപയായിരുന്നത് ഇപ്പോൾ 17 രൂപയായി വർദ്ധിപ്പിച്ചതുകൊണ്ട് കൃഷിക്കാർക്ക് നല്ല വില കിട്ടുന്നതുകൊണ്ടാണ് ഈ രണ്ടുമാസത്തിനുള്ളിൽ അരിയുടെ വിലക്കയറ്റത്തിനു കാരണമായതെന്നാണ് അദ്ദേഹത്തിന്റെ വാദം. ബേണിപ്രസാദ് പറഞ്ഞ കാര്യം ഞാൻ ഇവിടെ വായിക്കാം; ദാൽ, ആട്ട, പച്ചക്കറികൾ എന്നിവയുടെ വിലകൾ കുതിച്ചുയരുകയാണ്. ഈ വിലക്കയറ്റത്തിൽ ഞാൻ വളരെ സന്തുഷ്ടനാണ്. വിലകൾ കൂടുന്തോറും അത് കൃഷിക്കാർക്ക് നല്ലതാണ്. ഇതിന്റെ യാഥാർത്ഥ്യമറിയാൻ വേണ്ടി ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലെ അരിയുടെ വില പരിശോധിച്ചുനോക്കി, ശ്രീ. വി. ഡി. സതീശനും നോക്കാവുന്നതാണ്. ഒറൈസ സൈറ്റിൽ ഇന്ത്യയിലെ എല്ലാ പ്രധാനപ്പെട്ട കമ്പോളങ്ങളിലേയും വിലയുണ്ട്. അമൃത്സർ, ബർദാൻ, കർണ്ണാൽ എന്നിടങ്ങളിൽ നിന്ന് കേരളത്തിലേക്ക് വരുന്ന അരികളുടെ കാര്യത്തിൽ കഴിഞ്ഞ വർഷം ഡിസംബർ നാലുവരെ ഉണ്ടായിരുന്ന വിലയിൽ യാതൊരു മാറ്റവുമില്ല. ഡൽഹി മാർക്കറ്റിൽ മാത്രമാണ് ബസ്മതി അരിക്ക് ക്വിന്റലിന് 5300 നിന്നും 5550 രൂപയായും ഡി.ബി. അരി ക്വിന്റലിന് 4700 രൂപയിൽ നിന്നും 4800 രൂപയായും കൂടിയിട്ടുണ്ട്. അതായത് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് അരി വില താഴുകയും കഴിഞ്ഞ രണ്ടുമൂന്നു

മാസത്തിനുള്ളിൽ ചെറുതായി ഉയരുകയും ചെയ്തു. അപ്പോഴും ഒരു വർഷം മുമ്പുള്ള വിലയാണ് ഇന്ത്യയിൽ മൊത്തത്തിലുള്ളത്. ഇന്നത്തെ മാർക്കറ്റ് അനാലിസിസ് ഞാൻ വായിക്കാം. Meanwhile in Asia, prices are dragged lower base sink in Vietnam quotes as steady drip of Indian rice. India is still overflowing with foodgrains and there is not yet any sign of exports of Non- Bazmati rice will cease. For now, India's rice stock continued to be balooning higher. And India's Central Government still has to procurerice from Eastern States.- ഈസ്റ്റേൺ സ്റ്റേറ്റുകളിൽ നിന്ന് പ്രൊക്യൂർമെന്റില്ലാത്ത ഈ സന്ദർഭത്തിൽപോലും അരിയുടെ ഇന്ത്യയിലെ സ്റ്റോക്ക് മൂന്നു കോടി ടണ്ണാണ്. ഈസ്റ്റേൺ സ്റ്റേറ്റുകളുടെ പ്രൊക്യുർമെന്റുകൂടി കഴിഞ്ഞാൽ നാലുകോടി ടണ്ണാകും, അതായത് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 15 ശതമാനം കൂടുതൽ. അരിയും ഗോതമ്പുംകൂടി ചേർത്താൽ 6.8 കോടി ടൺ ആണ് ഗ്രെയിൻ സ്റ്റോക്ക്. ഇന്ത്യയ്ക്ക് 7.1 കോടി ടൺ അരി സ്റ്റോക്ക് ചെയ്യാനുള്ള വെയർഹൗസ് ഫെസിലിറ്റി മാത്രമേയുള്ളൂ. ഇതാണ് ഇന്ത്യയുടെ ഇപ്പോഴത്തെ നില. വാങ്ങുന്ന അരി സൂക്ഷിക്കാൻ പറ്റുന്നില്ല. കഴിഞ്ഞ വർഷം പ്രൊക്യൂർ ചെയ്തതിന്റെ 64 ശതമാനം മാത്രമേ ലിഫ്റ്റ് ചെയ്തിട്ടുള്ളൂവെന്നും അതുകൊണ്ട് ഈ വർഷത്തെ പ്രൊക്യുർമെന്റിന് കൂടുതൽ സമയം വേണമെന്ന് ബീഹാർ മുഖ്യമന്ത്രി കേന്ദ്രഗവൺമെന്റിനെ അറിയി

ച്ചിരിക്കുകയാണ്. അപ്പോൾ പ്രശ്നമെന്താണ്? എന്തുകൊണ്ടാണ് വില കൂടുന്നതെന്നുള്ളത് ഗൗരവമായ പ്രശ്നമല്ലേ? എന്തുകൊണ്ട് കൂടുന്നുവെന്നുള്ളതിന്റെ ഒരു സൂചന നേരത്തെ പറഞ്ഞ മാർക്കറ്റ് അനാലിസിസിൽ തന്നെ കൊടുത്തിട്ടുണ്ട്. അതിൽ പറയുന്നത്; സ്ട്രാറ്റജിക് ബഫർസ്റ്റോക്ക് ഇങ്ങനെ ഉണ്ടെങ്കിലും ഇൻവെസ്റ്റേഴ്സ് വാങ്ങിത്തുടങ്ങിയതുകൊണ്ടാണ് ഇപ്പോൾ വില കൂടിയിട്ടുള്ളത്. കേരളത്തിൽ എന്താണ് സ്ഥിതി? ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് ഒന്ന് ശ്രദ്ധിക്കണം. രണ്ട് മാസം മുമ്പ് മലയാള മനോരമ പത്രത്തിൽ വന്ന വാർത്തയാണ് ഞാൻ വായിക്കുന്നത്. എന്തു കൊണ്ടാണ് അരിക്ക് വിലക്കയറ്റമുണ്ടാകുന്നതെന്നല്ലേ? ‘ഡിസംബർ മാസത്തോടെ സംസ്ഥാനത്ത് കൃത്രിമ വിലക്കയറ്റമുണ്ടാക്കാൻ വൻതോതിൽ അരി പൂഴ്ത്തിവയ്ക്കുന്നതായി സപ്ലൈകോ വിജിലൻസ് വിഭാഗത്തിന് രഹസ്യവിവരം ലഭിച്ചു. പൂഴ്ത്തിവയ്പ്പിനുപിന്നിൽ രാഷ്ട്രീയ നേതാക്കന്മാരുടെ ബിനാമികളുടെ മൊത്തവിതരണക്കാരും മില്ലുടമകളുമാണ്. പൂഴ്ത്തിവയ്പ്പ് നടത്തുന്ന അരിമില്ലുകളുടെ വിവരം ലഭിച്ചയുടൻ പരിശോധനയ്ക്ക് തയ്യാറെടുത്ത ഉദ്യോഗസ്ഥന്മാർക്ക് നേതാക്കന്മാരുടെ വക ശകാരം. പൂഴ്ത്തിവയ്പ്പ് തുടർന്നാൽ ഡിസംബർ അവസാനത്തോടെ പൊതുവിപണിയിൽ അരിവില കിലോയ്ക്ക് 4045 രൂപ കവിയുമെന്ന ഉദ്യോഗസ്ഥരുടെ മുന്നറിയിപ്പും അവഗണിച്ചു.’ ഈ റിപ്പോർട്ടിനെക്കുറിച്ച് നിങ്ങൾക്ക് എന്താണ് പറയാനുള്ളത്? എസൻഷ്യൽ കമ്മോഡിറ്റീസ് ആക്ടനുസരിച്ച് ഇതിന്മേൽ എന്ത് നടപടി നിങ്ങൾ സ്വീകരിച്ചു?

ബഹുദൂരവും അതിവേഗതയും എല്ലാമുണ്ടായിട്ടും പൂഴ്ത്തിവയ്പ്പുകാരിൽ ഒരാളെയെങ്കിലും നിങ്ങൾക്ക് അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ? ഒക്ടോബർ 12-ാം തീയതി പത്രത്തിൽ വന്ന വിശദമായ റിപ്പോർട്ടാണ് ഇത്. ആ റിപ്പോർട്ട് മുഴുവൻ ഞാൻ ഇവിടെ വായിക്കുന്നില്ല. ഇങ്ങനെയുണ്ടായിട്ടും എന്ത് നടപടി സ്വീകരിച്ചു? ശ്രീ. വി. ഡി. സതീശനാണ് ഇതിന് മറുപടി പറയേണ്ടത്. റേഷനരി എങ്ങനെയാണ് അവിടേയ്ക്ക് പോകുന്നതെന്നും ഈ റിപ്പോർട്ടിൽ പറയുന്നുണ്ട്. നമ്മൾ മില്ലിൽ കൊടുക്കുന്ന അരിയല്ല ഇവിടെ സപ്ലൈ ചെയ്യുന്നത്. ഇതെല്ലാം പറഞ്ഞിട്ട് പറയുന്നു, □റേഷൻ കട വഴി വിതരണത്തിന് ലഭിക്കുന്ന ഗുണനിലവാരമുള്ള അരിയുടെ 40 ശതമാനം ഓരോ മാസവും പൂഴ്ത്തിവയ്പ് കേന്ദ്രങ്ങളിലേക്ക് മാറ്റുന്നതായിട്ടാണ് വിജിലൻസിന് റിപ്പോർട്ട് ലഭിച്ചിരിക്കുന്നത്. അതുപോലെ തന്നെ സിവിൽ സപ്ലൈസ് വിഭാഗത്തിലെ താലൂക്ക് സപ്ലൈ ഓഫീസർ, ജില്ലാ സപ്ലൈ ഓഫീസർ, ഡെപ്യൂട്ടി കൺട്രോളർ, കൺട്രോളർ, വിജിലൻസ് ഓഫീസർ എന്നിവർക്ക് അരിമില്ലുകളും മൊത്തവിതരണ ഏജൻസികളുമുള്ള ഗോഡൗണുകൾ റെയ്ഡ് നടത്തി പൂഴ്ത്തിവയ്പും തിരിമറിയും കണ്ടെത്താൻ അധികാരമുണ്ടായിട്ടും സമീപകാലത്തൊന്നും പരിശോധനകൾ നടന്നിട്ടില്ല.□ ഈ റിപ്പോർട്ട് വന്നതിനുശേഷം എവിടെയെങ്കിലും പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ റിപ്പോർട്ട് വയ്ക്കൂ, .അല്ലെങ്കിൽ ഈ സഭയിൽ പറയണം. മുൻവർഷങ്ങളിൽ അച്ചടക്ക നടപടിയും സ്ഥലം മാറ്റവും നേരിട്ട ഉദ്യോഗസ്ഥരെല്ലാം സമീപകാലത്ത് അവരുടെ

തസ്തികകളിൽ തിരിച്ചെത്തിയതിനുപിന്നിൽ റേഷൻ റാക്കറ്റിന്റെ സാമ്പത്തിക സ്വാധീനമുണ്ടെന്ന് ആരോപണമുണ്ട്. ഇത് ദേശാഭിമാനിയിലോ ജനയുഗത്തിലോ വന്ന വാർത്തയല്ല, മലയാള മനോരമ പത്രത്തിൽ വന്നതാണ്. ഇത്രയും വിശദമായൊരു റിപ്പോർട്ട് പത്രത്തിൽ വന്നിട്ട് അതിന്മേൽ ഈ ഗവൺമെന്റ് എന്ത് നടപടി സ്വീകരിച്ചു? റെയ്ഡിന് തയ്യാറെടുത്ത ഉദ്യോഗസ്ഥന്മാർക്കും ഈ റിപ്പോർട്ട് നൽകിയ വിജിലൻസ് ഡിപ്പാർട്ടുമെന്റിനും നേതാക്കന്മാരുടെ വക ശകാരവും ലഭിച്ചതായി. ഈ പത്ര റിപ്പോർട്ടിൽ പറയുന്നുണ്ട്. ഞാൻ വ്യക്തിപരമായി ബഹുമാനപ്പെട്ട മന്ത്രിക്കെതിരായി ഇപ്പോൾ ഒരാരോപണവും ഉന്നയിക്കുന്നില്ല; അദ്ദേഹം ഇങ്ങനെ ചെയ്തുവെന്നും പറയുന്നില്ല. പക്ഷേ, ഒരുപാട് വാർത്തകൾ വരുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് നേതാവുതന്നെ പത്രസമ്മേളനം നടത്തിയ കഥകളുണ്ട്. ഇതാണ് ഇന്ന് പ്രശ്നം. കേന്ദ്രം ഒരു മാസം തന്നുകൊണ്ടിരുന്ന 1,14000 ടൺ അരി 36,000 ടൺ ആക്കിയോ; കേരളത്തിന്റെ ലഭ്യത കുറയുകയല്ലേ? കേരളത്തിലെ റേഷൻ സമ്പ്രദായമെന്നുപറയുന്നത് ദാരിദ്ര്യം അകറ്റാൻവേണ്ടി മാത്രമുള്ളതല്ല, ഭക്ഷ്യ സുരക്ഷയുടെ പ്രശ്നമാണ്. ഇന്ത്യാ രാജ്യത്തിന്റെ നയസമീപനത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ നാണ്യവിളകൾ ഉൽപ്പാദിപ്പിക്കുന്നു. നമ്മുടെ കാർഷിക ഉൽപ്പാദനത്തിന്റെ 15% മാത്രമാണ് അരിയുടെ ഉൽപ്പാദനം. അങ്ങനെയുള്ള ഒരു സംസ്ഥാനത്ത് ....., അലുവാലിയ പറഞ്ഞതിന് ആരും മറുപടി പറഞ്ഞില്ലല്ലോ? കേരളത്തിൽ എന്താണ് പ്രശ്നം; ഗൾഫിൽ നിന്ന് കിട്ടുന്ന

പണം കൊണ്ട് ആവശ്യമുള്ളപ്പോൾ അരി വാങ്ങിച്ചാൽ പോരേ; ഇവിടെ എന്തിന് കൃഷി ചെയ്യുന്നു എന്നാണ് അദ്ദേഹം ചോദിച്ചത്. അലുവാലി യയ്ക്ക് മനസ്സിലാകാത്ത കാര്യം ഇതാണ്, എല്ലാം സാധാരണഗതിയിൽ നടക്കുമ്പോഴേ അരി വാങ്ങിക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ ദേശീയ കമ്പോളത്തിൽ എന്തെങ്കിലും ഒരു മാറ്റം വരാനുള്ള സാദ്ധ്യതയു ണ്ടെന്നുവന്നാൽ പിടിവിട്ടുപോകും, ഇപ്പോൾ പിടിവിട്ടിരിക്കുകയാണ്. എന്താണ് ദേശീയതലത്തിൽ നടക്കുന്നത്? അതും പറയാം. നമ്മുടെ വിന്റർ സീസണിൽ റാബി ക്രോപ്പിന്റെ വിത തുടങ്ങിയപ്പോൾത്തന്നെ ഇൻഡ്യാ സർക്കാരിന്റെ വിലയിരുത്തൽ ഈ വർഷം മഴ മോശമായതു കൊണ്ട് റാബി വിളവിന് ഒരു ഹെക്ടറിന്റെ പ്രൊഡക്ടിവിറ്റി 2.284 ടണ്ണായി രുന്നത് 2.185 ടണ്ണായിട്ട് താഴും എന്നാണ്. 4% ഉൽപ്പാദനം കുറയുകയാണ്. ഉൽപ്പാദനം ഇത്രയും കുറയുമെന്ന് കണ്ടതിനാൽ ഇന്ത്യാ രാജ്യത്ത് അരി പൂഴ്ത്തിവച്ചു തുടങ്ങി. അങ്ങനെയുള്ള പൂഴ്ത്തിവയ്പ്പിന്റെ അന്തരീക്ഷം മണത്തപ്പോൾ കേരളത്തിലും ഇതുതന്നെയാണ് അരി മില്ലുടമകൾ നടത്തു ന്നത്. ബഫർ സ്റ്റോക്ക് എന്നുപറയുന്നത് ഇന്ന് ഇന്ത്യാ സർക്കാർ ചെയ്യു ന്നതുപോലെ മാസാമാസം ലേലം വിളിച്ച് കച്ചവടക്കാർക്ക്, പൂഴ്ത്തിവ യ്പ്പുകാർക്ക് കൊടുക്കാനുള്ളതല്ല, മറിച്ച് ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ ഇടപെടുന്നതിനുവേണ്ടിയാണ്. ബഫർ സ്റ്റോക്ക് ഇത്രയധികം ഇരുന്നിട്ടും അരി വയ്ക്കാൻ ഗോഡൗണിൽ സ്ഥലം തികയില്ലെന്ന് റിപ്പോർട്ടുണ്ടാ യിട്ടും മാർക്കറ്റിൽ ഇടപെടാത്തത് എന്താണ്? 20 രൂപയ്ക്ക് അരികൊടു

ത്തുകൊണ്ടല്ല മാർക്കറ്റിൽ ഇടപെടേണ്ടത്. ഗോഡൗണിൽ സ്ഥലമില്ലാതെ എല്ലാം ചീഞ്ഞുനാറി പുഴുത്തുപോയാലും കടലിൽ കൊണ്ടുപോയി താഴ്ത്തിയാലും ഈ സ്റ്റോക്ക് വിറ്റഴിക്കാൻവേണ്ടി സബ്സിഡി നൽകി കയറ്റുമതി ചെയ്താലും ഇന്ത്യയാണ് ഇന്ന് ലോകത്ത് ഏറ്റവും കൂടുതൽ അരി കയറ്റുമതി ചെയ്യുന്ന രാജ്യം. അരികയറ്റുമതിയുടെ കാര്യത്തിൽ വിയറ്റ്നാമിനെയും തായ്ലന്റിനെയും ഇൻഡ്യ തോൽപ്പിക്കുന്നത് ഇൻഡയറക്ടായിട്ടുള്ള സബ്സിഡി നൽകിക്കൊണ്ടാണ്. ഇവിടത്തെ സ്റ്റോക്ക് വിറ്റഴിക്കാൻവേണ്ടി സബ്സിഡിയോടുകൂടി കയറ്റുമതി നടത്തുമ്പോഴും ഈ നാട്ടിൽ വിലക്കയറ്റം ഉണ്ടാകുമ്പോഴും, ഇവിടെ അരിക്ക് 40-50 രൂപ വില വരുന്ന ഒരു സാഹചര്യത്തിൽപോലും കമ്പോളത്തിൽ ഇടപെടില്ല എന്നുള്ള സാമ്പത്തിക ശാസ്ത്രത്തിന്റെ വക്താക്കളാണ് നിങ്ങൾ. അതാണ് പ്രശ്നം. നിങ്ങളുടെ നയത്തിന്റെ പ്രശ്നമാണത്. അധികാരത്തിൽ വന്ന് ഒരു വർഷത്തിനുള്ളിൽ ഇന്ത്യ മുഴുവനും പൊതു വിതരണ സമ്പ്രദായത്തിലൂടെ 3 രൂപയ്ക്ക് അരി കൊടുക്കുമെന്ന് പറഞ്ഞതല്ലേ; നടപ്പാക്കിയോ; എവിടെ ഭക്ഷ്യ സുരക്ഷാ നിയമം; അരി എവിടെ? നിങ്ങളുടെ കാഴ്ച്ചപ്പാട് മാറിയിരിക്കുകയാണ്. കമ്പോളത്തിനെ അതിന്റെ രീതിക്ക് വിട്ടാൽ മതിയെന്നാണ് നിങ്ങളുടെ നയം. ഇപ്പോൾ പറയുന്നത് സബ്സിഡി നിരക്കിൽ അരി കൊടുത്താൽ എത്തുകയില്ല, അതുകൊണ്ട് സബ്സിഡി പണമായി നൽകും എന്നാണ്. കാശ് കൊടുത്തുകഴിഞ്ഞാൽ അരി വിലയ്ക്ക് എന്ത് സംഭവിക്കുമെന്ന കാര്യത്തിൽ

സംശയമുണ്ടോ? അത്രയും പണം കൂടി പുറംകമ്പോളത്തിൽ അരി വാങ്ങാൻ വേണ്ടി വരും, അരിയുടെ വില പിന്നെയും കൂടും. ഇത് നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. ഈ വിലക്കയറ്റം നിങ്ങളുടെ നയങ്ങളുടെ ഫലമായിട്ടുണ്ടായതാണ്. അഖിലേന്ത്യാ നയം മാത്രമല്ല പ്രശ്നം, കേരളത്തിൽ നിങ്ങളുടെ പിടിപ്പുകേടും അഴിമതിയുമാണ് പ്രശ്നം. അഖിലേന്ത്യാതലത്തിൽ നാലോ അഞ്ചോ രൂപ കൂടുമ്പോൾ ഇവിടെ 20-25 രൂപ കൂടുന്നതിന്റെ കാരണം എന്താണ്? ഇവിടെ നിങ്ങൾ അരി മില്ലുകാരുടെയും പൂഴ്ത്തിവയ്പ്പുകാരുടെയുമൊക്കെ തടവുകാരായി മാറിക്കഴിഞ്ഞിരിക്കുകയാണ്. അല്ലെങ്കിൽ ഒരു റെയ്ഡ് നടത്തിയതിന്റെ കണക്ക്, ഒരാളെ അറസ്റ്റ് ചെയ്തതിന്റെ കണക്ക് നിങ്ങൾ ഈ സഭയിൽ പറയുക. ഇതിനെതിരായി നിങ്ങൾ എന്ത് നടപടി സ്വീകരിച്ചുവെന്ന് പറയണം. ഇത്ര വില കൂടിക്കഴിഞ്ഞിട്ടും യാതൊന്നും ചെയ്യാത്തതുകൊണ്ടാണ് ഇന്ന് ഈ ചർച്ചയുടെ ലൈവ് ടെലികാസ്റ്റ് വേണ്ടെന്ന് വച്ചത്. നാട്ടുകാർ കാണില്ലേ? അതിന് യാതൊരു സംശയവുമില്ല. നിങ്ങൾ പ്രതിക്കൂട്ടിൽ ചമ്മിയിരിക്കുകയല്ലേ? സർക്കാർ ചെയ്യേണ്ട ഒരുപാട് കാര്യങ്ങളെക്കുറിച്ച് ശ്രീ. വി. ഡി. സതീശൻ പറഞ്ഞു. അരിയുടെ വില കുറയുമ്പോൾ വാങ്ങി വലിയ ഗോഡൗൺ പണിത് സൂക്ഷിക്കണം, മുളകിന്റെ വില ക്രോപ്പ് സീസണിൽ കുറയും, അപ്പോൾ വാങ്ങിച്ചാൽ പകുതി വിലയേ ഉണ്ടാകുകയുള്ളൂ - ഇങ്ങനെയുള്ള നല്ല ഉപദേശങ്ങൾ നൽകി. ഒന്നര വർഷമായിട്ട് നിങ്ങൾ എന്താണ് ചെയ്തുകൊണ്ടിരുന്നത്? മാവേലി സ്റ്റോറിൽ സാധനമില്ലാത്തത്

ആളുകൾ തിങ്ങിക്കൂടി എല്ലാം വാങ്ങിച്ചുകൊണ്ടുപോകുന്നതുകൊണ്ടാണ് എന്നൊക്കെയാണ്. സതീശൻ പറയുന്നത്.

മി. സ്പീക്കർ: ഡോ. തോമസ് ഐസക് ......അങ്ങയുടെ സമയം കഴിഞ്ഞു.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ഈ വിലക്കയറ്റം നിങ്ങളുടെ നയങ്ങളുടെ ഫലമാണ്, വരാൻ പോകുന്ന വിപത്തിന്റെ സൂചനയാണ്. വാൾമാർട്ടും ബാക്കിയുള്ളവരും വന്നാൽ കൃഷിക്കാർക്ക് നല്ല വില കിട്ടുമെന്നല്ലേ പറയുന്നത്? കൃഷിക്കാർക്കല്ല വില കിട്ടുന്നത്, അവർക്കാണ് നല്ല വില കിട്ടാൻ പോകുന്നത്. ബഫർ സ്റ്റോക്ക് ഈ സർക്കാരിന്റെ കയ്യിൽ വേണ്ട, അത് എങ്ങനെയെങ്കിലും സ്വകാര്യ ഗോഡൗണിലേക്ക് കൈമാറണമെന്നു പറയുന്ന ഈ നയങ്ങളുടെ ഫലമായി ഇന്ത്യാ രാജ്യത്ത് ഇത്തരത്തിൽ സ്പെക്കുലേഷന്റെ ഒരു അന്തരീക്ഷം വരുന്നു. ക്രോണിക്കായി ഫുഡ് ഡെഫിസിറ്റുള്ള സംസ്ഥാനമായ . കേരളത്തിൽ ഇത്തരമൊരു സ്പെക്കുലേഷൻ വന്നപ്പോൾത്തന്നെ പൂഴ്ത്തിവയ്പ്പ് തുടങ്ങി. 2 മാസം മുമ്പ് ഇത്ര വിശദമായ ഒരു റിപ്പോർട്ട് വന്നിട്ടും ഒരു നടപടിയുമെടുക്കാതെ ഇപ്പോൾ ചർച്ച ചെയ്യാമെന്ന് പറഞ്ഞത് ഭയങ്കരമായ തന്ത്രേടം തന്നെയാണ്. ഈ സർക്കാർ ഈ സഭയിൽ മാത്രമല്ല, നാട്ടിലും വിലക്കയറ്റത്തിന്റെ കാര്യത്തിൽ പ്രതിക്കൂട്ടിലാണ്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം ഒരു യാഥാർത്ഥ്യമാണെന്ന സത്യം ഇവിടെ എല്ലാവരും അംഗീകരിക്കുന്നുണ്ട്. ബഹുമാനപ്പെട്ട എന്റെ സ്നേഹിതൻ, ശ്രീ. വി. ഡി. സതീശൻ ഇവിടെ പറഞ്ഞ കാര്യങ്ങളോടെല്ലാം യോജിച്ചുകൊണ്ട് അവ യെല്ലാം ആവർത്തിക്കാതെ മറ്റ് കാര്യങ്ങൾ പറയാനാണ് ഞാൻ ആഗ്രഹി ക്കുന്നത്. ഈ വിലക്കയറ്റത്തിന് നിദാനമായി വർത്തിച്ച അനേകം കാര ണങ്ങളുണ്ട്. അത് മുഴുവൻ കേരള സർക്കാരിന്റെ തലയിൽ കെട്ടിവ യ്ക്കാനുള്ള സംരംഭം എന്തായാലും ശരിയായതല്ലെന്ന് അപ്പുറത്ത് പറയു ന്നവർക്കുമറിയാം, എല്ലാവർക്കുമറിയാം. കർണ്ണാടകത്തിൽ ചുവന്ന അരി യുടെ ഉൽപ്പാദനം നിർത്തിയതും തമിഴ്നാട് കാവേരി നദീജലത്തിന്റെ പ്രശ്നം വച്ച് കേരളത്തിലേക്ക് അരി വരുന്നത് തടയുന്ന സാഹചര്യമുണ്ടാ ക്കിയതുമൊക്കെ നേരത്തെ ഇവിടെ ശ്രീ. വി. ഡി. സതീശൻ പറഞ്ഞു. തായ്‌ലന്റിനെപ്പോലും കവച്ചുവച്ചുകൊണ്ട് ലോകത്തിലെ ഏറ്റവും വലിയ അരി കയറ്റുമതി രാജ്യമായി ഇന്ത്യ മാറിയിരിക്കുകയാണ്. വളരെ കുറഞ്ഞ വിലയ്ക്ക് ഇന്ത്യയിൽ നിന്നാണ് അരി ഏറ്റവും കൂടുതൽ കയറ്റു മതി ചെയ്യപ്പെടുന്നത്. ഈ യാഥാർത്ഥ്യങ്ങളൊക്കെ നമ്മുടെ മുമ്പിലുണ്ട്. അതുപോലെതന്നെ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് നേരിട്ട് അരി വാങ്ങുന്ന സാഹചര്യം ഇല്ലാതെയായി. ഇങ്ങനെയുള്ള ധാരാളം പ്രശ്നങ്ങൾ നമ്മുടെ മുമ്പിലുണ്ട്. എന്നാലും നമ്മൾ വളരെക്കാലമായി പ്രക്ഷോഭവും സമരവും നടത്തുന്ന ഒരു വിഷയമാണ് വിലക്കയറ്റം. ഇവിടെ ബഹുമാന

പ്പെട്ട സി. ദിവാകരൻ തന്റെ ചർച്ച തുടങ്ങിവച്ചുകൊണ്ട് പറഞ്ഞ ചില കാര്യങ്ങളുണ്ട്. ഞാൻ ഒരു വിദ്യാർത്ഥിയായിരുന്ന കാലത്ത് ഒരു കിലോഗ്രാം അരിയുടെ വില 62 പൈസയായിരുന്നു, ഒരു ഊണിന് 60 പൈസയും. അന്ന് തുടങ്ങിയ വിലക്കയറ്റ വിരുദ്ധ സമരങ്ങളും പ്രക്ഷോഭ ങ്ങളും പോലീസ് ആക്ഷനും ജയിലും അറസ്റ്റുമെല്ലാം കഴിഞ്ഞ് ഇവിടെ വന്നപ്പോൾ, ഇപ്പോൾ അരിയുടെ വില എന്താണെന്ന് നോക്കിയാൽ മതി. നിരന്തരമായി അത് വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രോസസ്സ് തന്നെയാ ണ്. ഞാൻ അതിനെ ന്യായീകരിക്കുകയല്ല. എന്നാലും ഇപ്പോൾ ഉണ്ടായി ട്ടുള്ള അമിതമായ വില വർദ്ധനവിനെ ചെറുത്തുതോൽപ്പിക്കുവാൻ വളരെ ശക്തമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകേണ്ടതാ ണെന്ന അഭിപ്രായക്കാരനാണ് ഞാൻ. ഉദാഹരണമായി ഇപ്പോൾ നമ്മുടെ ഗവൺമെന്റ് ഒരു രൂപ വച്ച് 25 കിലോഗ്രാം അരി കൊടുക്കുന്നുണ്ട്. എ. പി. എൽ. വിഭാഗത്തിൽപ്പെട്ടവർക്കും ബി. പി. എൽ. വിഭാഗത്തിൽപ്പെട്ട വർക്കും 35 കിലോഗ്രാം ധാന്യം കൊടുക്കാനുള്ള നടപടികൾ സ്വീകരിച്ചി ട്ടുണ്ട്. അതൊക്കെ ശരിയാണ്. അതുമാത്രമല്ല, ഈ വിലവർദ്ധനവ് വളരെ രൂക്ഷമായി വന്നതോടുകൂടി ഗവൺമെന്റ് 20 രൂപ 50 പൈസ വച്ച് അരി കൊടുക്കാൻ തീരുമാനിച്ചു. പക്ഷേ അങ്ങനെയുള്ള ഇടപെടലിന് ഗവൺമെന്റ് തയ്യാറായപ്പോൾ അതിനുള്ള ചില ഫലങ്ങളുണ്ടായിട്ടുണ്ട്. ഇന്നത്തെ (12-12-2012-ലെ) കേരള കൗമുദിപത്രത്തിൽ ബിജു ഗോപിനാ ഥന്റെ ഒരു റിപ്പോർട്ടുണ്ട്. 'അരി വില കുറയുന്നു, അധിക അരി രണ്ട്

നാൾക്കകം’. അതായത് 20 രൂപ 50 പൈസയുടെ അരി കൊടുക്കാനുള്ള നടപടികൾ സ്വീകരിച്ച് ഗവൺമെന്റ് ആ കാര്യത്തിലേക്ക് ശ്രദ്ധ കൊണ്ടു വന്നപ്പോൾത്തന്നെ അരി വില കുറയുന്നതിന്റെ ചെറിയ ലക്ഷണങ്ങൾ കണ്ടുതുടങ്ങി. ഗവൺമെന്റിന്റെ ഇന്റർവെൻഷൻ സജീവമാകുന്നതോടു കൂടി വലിയ മാറ്റം വരും. പക്ഷേ ഗവൺമെന്റ് ശ്രദ്ധിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യം പൂഴ്ത്തിവയ്പ്പ്, കരിഞ്ചന്ത, ഇടത്തട്ടുകാരുടെ ചൂഷണം എന്നിവയാണ്. മാവേലിസ്റ്റോർ, നന്മ സ്റ്റോറുകൾ, റേഷൻ കടകൾ എന്നിവ വഴി ജനങ്ങൾക്ക് കൊടുക്കുന്ന അരി അതാത് ഗുണഭോക്താക്കൾക്കുതന്നെ കിട്ടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതായിട്ടുണ്ട്. പലപ്പോഴും അത് കരിഞ്ചന്തയിൽ പോകുന്ന സാഹചര്യമുണ്ട്. അതിനെതിരെ ഈ ഗവൺമെന്റ് ശക്തമായി ഇടപെടണം. അടിയന്തരാവസ്ഥക്കാലത്തെ നമ്മളെല്ലാവരും പഴിക്കുമെങ്കിലും ആ കാലഘട്ടത്തിൽ പോലീസും ഉദ്യോഗസ്ഥന്മാരും വളരെ ശക്തമായ നിലപാട് സ്വീകരിച്ചതുകൊണ്ട് ഇതുപോലെയുള്ള വിലക്കയറ്റം തടഞ്ഞുനിർത്താൻ സാധിച്ചിരുന്നു. ഈ വിഷയത്തിൽ ഒരു അടിയന്തരാവസ്ഥയ്ക്ക് സമാനമായ സമീപനം കേരള ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. പോലീസിനെയും ഉദ്യോഗസ്ഥരേയും ഉപയോഗിക്കണം. വ്യാപകമായ റെയ്ഡുകൾ നടത്തണം. കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും എവിടെ കണ്ടാലും ഏത് ആളുകളായാലും മുഖം നോക്കാതെ അറസ്റ്റ് ചെയ്യാൻ ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. ശക്തമായി മാർക്കറ്റിൽ

Uncorrected / Not for publication

ഇടപെടണം. മാർക്കറ്റിൽ ഇടപെടാൻ ആവശ്യമായ പണം സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റിന് ഗവൺമെന്റ് കൊടുക്കണം. മാർക്കറ്റ് ഇന്റർവെൻഷനുവേണ്ടി ഏതാണ്ട് 85 കോടി രൂപ ഇതിനകം കൊടുത്തിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത് പോരാ. കൂടുതൽ സംഖ്യ മാർക്കറ്റ് ഇന്റർവെൻഷനുവേണ്ടി കൊടുക്കണം. കിട്ടാവുന്ന സ്ഥലങ്ങളിൽ നിന്നും അരി കൊണ്ടുവരണം. അത് വിതരണം ചെയ്യുകയും കരിഞ്ചന്തയിൽ പോകാത്ത വിധത്തിലും പൂഴ്ത്തിവയ്പ് നടത്താത്ത വിധത്തിലും ശരിയായി ജനങ്ങൾക്ക് കിട്ടുന്നതിനും നടപടി സ്വീകരിക്കണം. വിലക്കയറ്റം തടഞ്ഞുനിറുത്തുന്നതിനാവശ്യമായ ശക്തമായ നടപടികൾ സ്വീകരിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയുടെയും ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെയും ഒക്കെ നേതൃത്വത്തിൽ സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റിനെ സഹായിച്ചുകൊണ്ട് വിലക്കയറ്റത്തിനെതിരായി വൻതോതിലുള്ള ഒരു കടന്നാക്രമണം നടത്താൻ ഗവൺമെന്റ് തയ്യാറാകണം. വളരെ ശക്തമായിട്ടുള്ള ഇടപെടലുകൾ ആവശ്യമാണ്. അങ്ങനെ വില കുറയ്ക്കാൻ സാധിക്കും. തമിഴ്നാട്ടിലും ലോകത്തുമൊക്കെ ഉണ്ടായിട്ടുള്ള സാഹചര്യങ്ങൾ വേറെയുണ്ട്. ഒരു മാർക്കറ്റും ഒരു കമ്പോളവും ഇന്ന് ഒരു ഗവൺമെന്റിന്റെയും നിയന്ത്രണത്തിലല്ല. നിയന്ത്രണത്തിലാണെന്ന് വെറുതെ പറയുന്നതാണ്. കേരള ഗവൺമെന്റ് വിചാരിച്ചാലും ഇന്ത്യാ ഗവൺമെന്റ് വിചാരിച്ചാലും ലോകത്തിലെ ഒരു രാജ്യം വിചാരിച്ചാലും ഈ കമ്പോളം നിയന്ത്രിക്കാൻ സാധി

ക്കാത്ത തരത്തിൽ കമ്പോളവൽക്കരണത്തിന്റെ ഒരു കാലഘട്ടമാണിത്. അത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. അവിടെ നമ്മുടെ നിയന്ത്ര ണങ്ങൾക്ക് അതീതമായ കുറേ സംഗതികളുണ്ട്. അതിൽ ഇടപെടാൻ സാധിക്കില്ല. ശാശ്വതമായ ചില പരിഹാരങ്ങളെക്കുറിച്ച് പറയുമ്പോൾ ഇവിടെ പുതിയ ഗോഡൗണുകളുടെ കുറവ്, സംഭരണശേഷിയുടെ കുറവ് തുടങ്ങിയ ശാശ്വതമായ ചില പ്രശ്നങ്ങളുണ്ട്. നമുക്ക് 95,000 ടൺ സംഭ രിക്കാനുള്ള സൗകര്യങ്ങൾ മാത്രമേയുള്ളു. 1,13,000 ടൺ ഒരു മാസം ആവശ്യമാണ്. മൂന്ന് മാസത്തേയ്ക്ക് എടുക്കുകയാണെങ്കിൽ 3,39,000 ടൺ വേണം. അത് ഇവിടെ സംഭരിക്കുവാൻ സൗകര്യമില്ല. ഹോൾസെ യിൽ ഡിപ്പോയിൽ എല്ലാം കൂടി 95,000 ടൺ സംഭരിക്കാനുള്ള സൗകര്യ മേയുള്ളു. അതുപോലെ രണ്ട് സൈലോസ് ഉണ്ടാക്കുന്നതിനുവേണ്ടി കേരളത്തിന് അനുവാദം കിട്ടിയിട്ടുണ്ട്. ആ സൈലോസ് നിർമ്മിക്കണമെ ങ്കിൽ മൂന്നര ഏക്കർ സ്ഥലം വീതം വേണം. അതിന് എവിടെ സ്ഥലം കിട്ടും? ഇങ്ങനെയുള്ള പ്രശ്നങ്ങളൊക്കെയുണ്ട്. സംഭരണശേഷിക്കുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. സംഭരണ സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. മാർക്കറ്റിൽ ഇടപെടണം. കേന്ദ്ര ഗവൺമെന്റിന്റെ ക്വാട്ട വർദ്ധിപ്പിച്ചുകിട്ടാ ത്തതാണ് പ്രശ്നമെങ്കിൽ സബ്ജക്ട് ടു കറക്ഷൻ അത് പരിശോധിച്ചിട്ട് കേരള ഗവൺമെന്റ് അരിയും ഗോതമ്പും ആവശ്യമായ തോതിൽ കേരള ത്തിന് ലഭ്യമാക്കുന്നതിന് ശക്തമായ നടപടി സ്വീകരിക്കുകയും ബഹുമാന പ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെയുള്ള ആളുകൾ കേന്ദ്രത്തിൽ സമ്മർദ്ദം

ചെലുത്തി കിട്ടാവുന്നത്ര അരി ഈ സന്ദർഭത്തിൽ കേരളത്തിലേയ്ക്ക് കൊണ്ടുവരികയും വേണം. അതുപോലുള്ള മറ്റ് വിഷയങ്ങളുണ്ട്. അരിയുടെ കാര്യത്തിൽ മാത്രമല്ല വിലക്കയറ്റം. പച്ചക്കറി സാധനങ്ങളുടെ കാര്യത്തിലും വില വർദ്ധനവ് ഉണ്ട്. മരുന്നിന്റെ വില വർദ്ധനവ് ഉണ്ട്. എല്ലാ നിത്യോപയോഗ സാധനങ്ങളുടെയും വില വർദ്ധിച്ചു വരികയാണ്. അതൊക്കെ നമുക്ക് അറിയാവുന്ന കാര്യമാണ്. ആ വില വർദ്ധനവ് തടഞ്ഞു നിറുത്തുന്നതിനുവേണ്ടി എ.പി.എൽ. വിഭാഗക്കാർക്ക് ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്നത് എന്തായാലും ഇപ്പോൾ വർദ്ധിപ്പിച്ചുകൊടുക്കേണ്ടിവരും. എ.പി.എൽ. വിഭാഗത്തിലെ സബ്സിഡൈസ്ഡ് വിഭാഗത്തിന് ഒരു റേറ്റിൽ സാധനം കൊടുക്കുന്നുണ്ട്. നോൺ-സബ്സിഡൈസ്ഡായിട്ടുള്ള എ.പി.എൽ. വിഭാഗത്തിന് വേറെയൊരു തരത്തിൽ കൊടുക്കുന്നുണ്ട്. അതൊന്നും നോക്കാതെതന്നെ എല്ലാവർക്കും 35 കിലോയോ അതിലധികമോ അരി കിട്ടുന്നതിന് നടപടി സ്വീകരിക്കേണ്ടത് വളരെ അത്യാവശ്യമായ സംഗതിയാണ്. ബി.പി.എൽ.കാരുടെ കാര്യം കുറച്ചെങ്കിലും നമ്മൾ ശ്രദ്ധിച്ചിട്ടുണ്ട്. എന്നാലും ആ സാധനങ്ങളെല്ലാം കിട്ടുന്നുണ്ടോയെന്നത് ഒരു വലിയ പ്രശ്നമാണ്. റേഷൻ കടകളിലൂടെയും മാവേലി സ്റ്റോറുകളിലൂടെയും മറ്റ് സ്ഥാപനങ്ങളിലൂടെയും നമ്മൾ വിതരണം ചെയ്യുന്ന സാധനങ്ങൾ ജനങ്ങളിലേയ്ക്ക് എത്തുന്നുണ്ടോ? ഞാൻ പറയുന്നത് സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റ് തന്നെ എല്ലാ റേഷൻ കടകളുടെയും മുമ്പിൽ ഈ റേഷൻകട മുഖേന ഓരോ കാർഡ് ഉടമയ്ക്കും

ഇന്നയിന്ന സാധനങ്ങൾ ഇപ്പോൾ കൊടുത്തുവരുന്നുണ്ട് എന്ന് ഡിസ്പ്ലേ ചെയ്യണം. അവരെ എഴുതാൻ ഏൽപ്പിച്ചാൽ അവർ എല്ലാം എഴുതിക്കൊള്ളണമെന്നില്ല. നമ്മൾ തന്നെ ഈ സാധനങ്ങൾ ജനങ്ങളിൽ എത്തിക്കണം. അതിന് രണ്ടുമൂന്ന് നടപടികൾ വേണം. ഒരു നടപടി മാത്രം പോരാ. കൊടുത്തുകൊണ്ടിരിക്കുന്ന സാധനങ്ങൾ അവർക്ക് കിട്ടുന്നുണ്ടെന്ന് ഉറപ്പാക്കണം. കൊടുക്കാൻ കൂടുതൽ സാധനങ്ങൾ വേണം. ഇതിന് ശാശ്വതമായതും താൽക്കാലികമായതുമായ രണ്ടുമൂന്ന് പരിഹാരങ്ങൾ വേണം. മാർക്കറ്റിൽ ഇടപെട്ട് അരി ഇനിയും കൊടുക്കുന്നതിന് മാത്രമല്ല ഗവൺമെന്റിന്റെ ഇന്റർവെൻഷൻ ഉണ്ടാകേണ്ടത്. അതാണ് ഞാൻ പറഞ്ഞത് പോലീസിനെയും ഉദ്യോഗസ്ഥരെയും റെയ്ഡ് ചെയ്യാൻ വേണ്ടി പറഞ്ഞയക്കേണ്ടിവരും. അപ്പോൾ പലതരത്തിൽ ഒരു മൾട്ടി സ്കീം, ഒരു മൾട്ടിഫെസെറ്റഡ് ആയിട്ടുള്ള, പലവിധ മുഖങ്ങളുള്ള ഒരു ഇടപാടിലൂടെ മാത്രമേ ഇതിനെ തടഞ്ഞുനിറുത്താൻ നമുക്ക് സാധിക്കുകയുള്ളു. അത് നോർമലൈസ് ചെയ്താൽ നമുക്ക് അതിനനുസരിച്ചുള്ള നടപടികൾ അപ്പോൾ സ്വീകരിക്കാം. പക്ഷേ നോർമലൈസ് ചെയ്യുന്നതിന് മുമ്പ് ഇപ്പോഴത്തെ ഒരു സാഹചര്യം അതീവഗുരുതരമായ സാഹചര്യമാണ്. ആ ഗുരുതരമായ സാഹചര്യത്തെ നേരിടുന്നതിന് അത് അനുസരിച്ചുതന്നെയുള്ള ആക്ഷൻ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. ആക്ഷൻ എടുക്കാൻ കഴിയുന്ന ഗവൺമെന്റ് തന്നെയാണ് ഇവിടെയുള്ളത്. യാതൊരു സംശയവുമില്ല. ശക്തമായ നടപടികൾ സ്വീകരിച്ച

ഗവൺമെന്റാണ്. പ്രാപ്തിയുള്ള ഗവൺമെന്റാണ്. ധൈര്യമുള്ള ഗവൺമെന്റാണ്. സുതാര്യതയുള്ള ഗവൺമെന്റാണ്. ആ കാര്യത്തി ലൊന്നും ഒരു തർക്കവുമില്ല. നിങ്ങൾ എന്തുപറഞ്ഞാലും അതൊന്നും ഇല്ലാതാകുന്നില്ല. ഈ ഗവൺമെന്റ് വിചാരിച്ചാൽ, ഉമ്മൻ ചാണ്ടിയെ പോലുള്ള പ്രഗത്ഭനായ ഒരു മുഖ്യമന്ത്രിക്ക് അദ്ദേഹത്തിന്റെ നിശ്ചയ ദാർഢ്യം കൊണ്ട് ഒരുപാട് കാര്യങ്ങൾ നടത്തുവാൻ സാധിക്കുമെന്ന് എനിക്ക് നല്ല ഉറപ്പുണ്ട്. അദ്ദേഹത്തെക്കുറിച്ച് ഇവിടെ ശ്രീ. സി. ദിവാകരൻ പറഞ്ഞതൊന്നും ശരിയല്ല. അദ്ദേഹത്തിന്റെ ഹസ്തങ്ങൾ എന്തോ ബന്ധന സ്ഥനാക്കിയത് എന്നൊക്കെ പറഞ്ഞത് ഒരു അലങ്കാരമായിട്ട് പറയാമെന്ന ല്ലാതെ അദ്ദേഹം വളരെ സ്വതന്ത്രമായി കേരള സംസ്ഥാനത്ത് ആക്ട് ചെയ്ത് ഈ കേരളത്തിൽ വരുത്തിയ മാറ്റങ്ങൾ ഈ രംഗത്തും വരു ത്താൻ കഴിയും. അതിനുള്ള പ്രാപ്തിയുണ്ട്. അദ്ദേഹത്തിന് നല്ല കോൺഫിഡൻസ് ഉണ്ട്. അത് ചെയ്യാനുള്ള ഉത്തരവാദിത്വവും കഴിവും പ്രാപ്തിയുമുള്ള ഒരു മന്ത്രിസഭ തന്നെയാണ് കേരളത്തിലുള്ളത്. അത് മന്ത്രിസഭ ചെയ്യുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കാരണം വളരെ പെട്ടെന്ന് ഇതിൽ ആക്ട് ചെയ്തതുകൊണ്ട് നേരത്തെ ഞാൻ വായിച്ചതു പോലെ ചില വ്യത്യാസങ്ങൾ വന്നു.

<u>ശ്രീ. സാജു പോൾ</u> : ഒരു ചെറിയ കാര്യം പറഞ്ഞുകൊള്ളട്ടെ?

<u>ശ്രീ. കെ. എൻ. എ. ഖാദർ</u> : ഇയാൾക്ക് വഴങ്ങിയിട്ട് കാര്യമില്ല. എന്തെങ്കിലും ആവശ്യമില്ലാത്ത കാര്യങ്ങളായിരിക്കും പറയാൻ പോകുന്ന

ത്. കേരള സംസ്ഥാനത്തിലെ ഗവൺമെന്റിന് ഇതൊക്കെ ചെയ്യാൻ സാധിക്കുമെന്ന് എനിക്ക് നല്ല ഉറപ്പുണ്ട്. ഇവിടെ ബഹുമാനപ്പെട്ട അടിയന്തരപ്രമേയ അവതാരകൻ ..........................

ശ്രീ. സാജു പോൾ : സർ, പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ : നോ, നോ, ആദ്യം പോയിന്റ് ഓഫ് ഓർഡർ ചോദിക്കണമായിരുന്നു. വഴങ്ങുന്നില്ലായെന്ന് പറഞ്ഞ സ്ഥിതിക്ക് രണ്ടാമത് ചോദിക്കുന്നത് ശരിയല്ല.

ശ്രീ. സാജു പോൾ : 'ഇയാൾ' എന്ന് വിളിച്ചു.

മി. സ്പീക്കർ : അത് നിങ്ങൾ തമ്മിലുള്ള സൗഹൃദം കൊണ്ട് പറഞ്ഞതാണ്.

ശ്രീ. കെ. എൻ. എ. ഖാദർ : അടിന്തരപ്രമേയത്തിന്റെ അവതാരകൻ റോട്ടി കപ്പടാ ഔർ മക്കാൻ എന്ന് കുറച്ച് ഹിന്ദിയൊക്കെ തുടക്കത്തിൽ പറഞ്ഞു. ജനശ്രദ്ധ ആകർഷിക്കുന്നതിനുവേണ്ടിയാകും അത്. ‘റോട്ടി, കപ്പടാ, ഔർ മകാൻ കിദർ ഹെ’ എന്ന്. വമ്പിച്ച വിലക്കയറ്റമുണ്ടായപ്പോൾ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി അന്ന് പറഞ്ഞത് എന്താണ്? അരി തന്നെ കഴിക്കണമെന്ന് എന്താണ് ഇത്ര നിർബന്ധമെന്ന്. കോഴിയിറച്ചിയും മുട്ടയുമൊക്കെ ഇല്ലേയെന്ന്. അതുകൊണ്ട് ‘അണ്ടാ കിദർ ഹെ അബ്’ എന്ന് ഞാൻ ചോദിക്കുകയാണ്. മുട്ടയെവിടെ, ഇറച്ചി എവിടെ എന്ന് ആളുകൾ ചോദിക്കേണ്ട ഒരു സ്ഥിതിവിശേഷം ആണ്. ഇവിടെ വലിയ കുത്തക വ്യാ

പാരികളെയും കരിഞ്ചന്തക്കാരെയുമൊക്കെ പ്രോത്സാഹിപ്പിക്കുകയാണെന്ന് പറയുന്ന ആരോപണങ്ങളൊക്കെ തെറ്റാണ്. അതിനൊക്കെ എതിരായി എത്രയോ പ്രക്ഷോഭ സമരങ്ങൾ നടത്തി പരാജയപ്പെട്ടിട്ടാണ് അപ്പുറത്തുള്ള ആളുകൾ ഇരിക്കുന്നത്. നമ്മൾ പറഞ്ഞിട്ടില്ലേ "കുവിയിത് കുവിയിത് സെൽവം എല്ലാം കോപുരംപോലെ സിലർ കൈയിൽ, എരിയിത് എരിയിത് ഏഴർ വാഴ്വു, ഇതുതാനാ സോഷ്യലിസം? ഇന്ദിര അമ്മാ സൊല്ലട്ടും" എന്നൊക്കെ പറഞ്ഞ് നമ്മൾ എത്ര സമരം നടത്തിയിട്ടുണ്ട്. 1973 മാർച്ച് മാസം 31-ാം തീയതി ഡൽഹിയിൽ വിലക്കയറ്റത്തിനെതിരായി പാർലമെന്റ് മാർച്ചിൽ പങ്കെടുത്ത ഒരാളാണ് ഞാൻ. അന്ന് തുടങ്ങിയതാണ് വിലക്കയറ്റത്തിനെതിരായ പ്രക്ഷോഭം. ഇതുവരെ വില കുറഞ്ഞിട്ടുണ്ടോ? ഈ വിലക്കയറ്റം പോലുള്ള മുദ്രാവാക്യങ്ങൾ ഏതു കാലത്തും ഒരു രാഷ്ട്രീയ പാർട്ടിക്ക് കൊണ്ടു നടക്കാവുന്ന മുദ്രാവാക്യങ്ങളാണ്. വ്യാപകമായി ഇന്ത്യയിലും ലോകത്തുമുണ്ടായിട്ടുള്ള മാറ്റങ്ങളും സാമ്പത്തിക രംഗത്ത് വന്നിട്ടുള്ള പരിവർത്തനങ്ങളും കമ്പോളവത്ക്കരണവും ഉദാരവത്ക്കരണവും കമ്പോളത്തിന്റെ നിയന്ത്രണം നഷ്ടപ്പെട്ടതും കാർഷികരംഗത്തും വ്യാവസായികരംഗത്തും ഉണ്ടായിട്ടുള്ള മാറ്റങ്ങളും അതെല്ലാം കൂടി ചേർന്നാണ് വിലക്കയറ്റം സൃഷ്ടിക്കുന്നത്. അതിൽ നമ്മുടെ നിയന്ത്രണത്തിൽ വരുന്ന കാര്യങ്ങൾ ഏതൊക്കെയാണെന്ന് മനസ്സിലാക്കി അത് മാത്രം കണ്ടേക്കാൾ ചെയ്യാൻ, അതിനെതിരായി മാത്രം ആക്ഷൻ എടുക്കാനുള്ള പരിമിതമായ കഴിവും സാധ്യതയും മാത്രമേ

ഇന്ന് ഒരു സംസ്ഥാന ഗവൺമെന്റിനുള്ളു. സംസ്ഥാന സർക്കാർ യു.ഡി. എഫ്. ഗവൺമെന്റായാലും എൽ.ഡി.എഫ്. ഗവൺമെന്റായാലും പരിമിതി കളുണ്ട്. ആ പരിമിതികളെ പരമാവധി പ്രയോജനപ്പെടുത്താനാണ് ഈ ഗവൺമെന്റിനോട് ഞാൻ ആവശ്യപ്പെടുന്നത്. അത് ഈ ഗവൺമെന്റ് ചെയ്യും. അതിന്റെ ലക്ഷണങ്ങൾ പ്രകടിപ്പിച്ചിട്ടുണ്ട്. അതുകൊണ്ട് ഈ വിലക്കയറ്റം, വൻതോതിലുള്ള ഈ കുതിച്ചുകയറ്റം തടഞ്ഞുനിറുത്തുന്ന തിൽ ഈ ഗവൺമെന്റ്, ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിൽ ശക്ത മായ നടപടി തന്നെ സ്വീകരിക്കും എന്ന് പൂർണ്ണമായ വിശ്വാസത്തോടു കൂടി ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

Mr. Speaker : Thankyou. സമയത്തിന് നിറുത്തിയതിന്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഞാൻ ഈ അടിയന്തിര പ്രമേയത്തെ പിന്തുണയ്ക്കുകയാണ്. ഇവിടെ അടിയന്തിരപ്രമേയം ചർച്ച ചെയ്യാൻ അനുവദിച്ചുകൊണ്ട് ഗവൺമെന്റ് വാസ്തവത്തിൽ നടത്തുന്നത് ഒരു രാഷ്ട്രീയ നാടകമാണ്. വിലക്കയറ്റവുമായി ബന്ധപ്പെട്ട അടിയന്തിര പ്രമേയം നിയമസഭയിൽ ചർച്ച ചെയ്യാൻ അനുവദിച്ചിരിക്കുന്നു എന്നത് ഒരു വലിയ കാര്യമായി പറഞ്ഞുകൊണ്ട് തടിതപ്പാൻ നോക്കരുത്. ചർച്ച ചെയ്യുന്നത് നല്ല കാര്യമാണ്. പക്ഷേ അങ്ങനെ പറഞ്ഞ് മേനി നടിക്കാൻ നോക്കേണ്ടതില്ല. ഇവിടെ ജീവിക്കാൻ കഴിയുന്നില്ല എന്നുള്ളതാണ് ജനങ്ങളെ സംബന്ധിച്ച പ്രധാന പ്രശ്നം. ഒരു കിലോ അരിയുടെ വില 45 രൂപയാണ്. കേരളത്തിൽ ഇന്നുവരെ ഒരു കിലോ അരി 45 രൂപയ്ക്ക് വാങ്ങേണ്ടി വന്നിട്ടുണ്ടോ? വില 50 രൂപയിലേയ്ക്ക് പോകുകയാണ്. എൽ.ഡി.എഫ്. ഗവൺമെന്റ് ഭരിക്കുന്ന കാലത്ത് എന്തായിരുന്നു സ്ഥിതി? കേരളത്തിൽ ഇതുപോലെ അരിയുടെ വില വർദ്ധിച്ചപ്പോൾ ഇവരെപോലെ നോക്കിയിരിക്കുകയല്ല ഞങ്ങൾ ചെയ്തത്. ബംഗാളിൽപോയി അരി കൊണ്ടുവന്ന് ഇവിടെ വില കുറച്ചു. ഇപ്പോഴത്തെ സ്ഥിതി എന്താണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം എല്ലാ സാധനങ്ങളുടെയും വില വർദ്ധിച്ചു. അരി, പയർ, പരിപ്പ്, മുളക്, മല്ലി എന്നിവയുടെ മാത്രമല്ല, പാലിന്റെ വില വർദ്ധിപ്പിച്ചു, ബസ് ചാർജ്ജ് കൂട്ടി, ഇലക്ട്രിസിറ്റി ചാർജ്ജ് വർദ്ധിപ്പിച്ച് പവർകട്ടും കൊണ്ടുവന്നു, വെള്ളക്കരം കൂട്ടി, മരുന്നിന്റെ വില വൻതോതിൽ കൂട്ടി, ഓട്ടോറിക്ഷാ ചാർജ്ജും കൂട്ടി, ഡീസലിന്റെയും പെട്രോളി

ന്റെയും  വില കൂട്ടി, വളത്തിന്റെ വില കൂട്ടി., ഗ്യാസിന്റെ വില ഗണ്യമായി വർദ്ധിപ്പിച്ചു, മണ്ണെണ്ണയുടെ വില കൂട്ടി, നിങ്ങൾ വില കൂട്ടാത്ത എന്തു സാധനമാണുള്ളത്? ഒരു മാസം കിട്ടുന്ന വരുമാനം വച്ച് രണ്ടറ്റവും മുട്ടി ക്കുന്നതിന് ശ്രമിക്കുന്ന പാവപ്പെട്ട മനുഷ്യർക്ക് ഇവർ അധികാരത്തിൽ വന്നതിനുശേഷം ജീവിക്കാൻ കഴിയാതെ ആത്മഹത്യയിലേയ്ക്ക് തള്ളിവി ടുന്ന  സ്ഥിതിയുണ്ടായില്ലേ. വിലക്കയറ്റമെന്നത് ആഗോള പ്രതിഭാസമാണ്, അവിടെ നിന്ന് സംഭരിച്ചാൽ മതി, ഇവിടെ കൊണ്ടുവന്ന് വിൽക്കാമെ ന്നൊക്കെ ഇവിടെ  ശ്രീ. വി.ഡി. സതീശൻ പറഞ്ഞു. ഞാനൊരു കാര്യം ചോദിക്കട്ടെ, എഫ്.സി.ഐ. ഗോഡൗണുകൾ സ്വകാര്യവൽക്കരിച്ചത് കോൺഗ്രസ് ഗവൺമെന്റല്ലേ. റിലയൻസിന്റെ ഗോഡൗണുകളെല്ലാം സജ്ജീകരിച്ചു വച്ചിരിക്കുന്നു എന്ന് അദ്ദേഹം പറഞ്ഞു. റിലയൻസ് എവി ടെയെങ്കിലും ഗോഡൗൺ പണിതിട്ടുണ്ടോ? പണ്ഡിറ്റ് ജവഹർലാൽ നെഹ്രു വിന്റെ കാലത്ത് പണിത ഗോഡൗണുകളെല്ലാം കോൺഗ്രസ് ഗവൺമെന്റ് റിലയൻസുകാർക്ക് വാടകയ്ക്ക് കൊടുത്തിരിക്കുകയല്ലേ. എന്തിനുവേണ്ടി യാണ് വാടകയ്ക്ക് കൊടുത്തതെന്ന് ശ്രീ. വി. ഡി. സതീശൻ അന്വേഷിക്ക ട്ടെ. എല്ലാ ഗോഡൗണുകളുടെയും 70 ശതമാനം ഈ മാന്യൻമാർ വാട കയ്ക്ക് കൊടുത്തിരിക്കുകയാണ്. എന്നിട്ട് ഇങ്ങനെ ചെയ്യണമെന്ന് ഐഡിയ പറഞ്ഞുതരികയാണ്. വിലക്കയറ്റം കൊണ്ട് രാജ്യത്തെ ജനങ്ങൾ പൊറുതിമുട്ടികൊണ്ടിരിക്കുമ്പോൾ കേന്ദ്ര ഗവൺമെന്റ് ചെയ്തത് എന്താ ണ്. അരിയുടെ വില വർദ്ധിച്ചപ്പോൾ വിലക്കയറ്റം തടഞ്ഞുനിറുത്താൻ

വേണ്ടി കയറ്റുമതി നിയന്ത്രിച്ചു. കഴിഞ്ഞ ഒക്ടോബറിൽ കയറ്റുമതി നിയന്ത്രണം കേന്ദ്ര ഗവൺമെന്റ് മാറ്റി. അരിയുടെ വിലവർദ്ധന അന്നു മുതൽ ആരംഭിച്ചതാണ്. ഇപ്പോൾ ലോകത്തിലെ ഏറ്റവുമധികം കയറ്റു മതി ചെയ്യുന്ന രാജ്യമായി ഇൻഡ്യാരാജ്യം മാറിയെന്നു പറയുമ്പോൾ ഡ്യൂട്ടിഫ്രീ കയറ്റുമതി, ഇഷ്ടംപോലെ കയറ്റുമതി നടത്തുന്നതിന് വമ്പൻ കുത്തകമുതലാളിമാർക്ക് അനുമതി കൊടുത്തതുവഴി അവർ ആഗോള കമ്പോളത്തിൽ നിന്നും കോടികൾ സമ്പാദിക്കുന്നു. പക്ഷേ പാവപ്പെട്ട മനുഷ്യരെ സംബന്ധിച്ചിടത്തോളം വർദ്ധിച്ച അരിവില താങ്ങാൻ കഴിയു ന്നില്ല. ആഭ്യന്തര വിപണിയിൽ അരിവില വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അരിയുടെ വില കർണ്ണാടകയിൽ 35-ഉം ആന്ധ്രാപ്രദേശിൽ 42-ഉം രൂപയാണെന്ന് ശ്രീ. വി.ഡി. സതീശൻ പറഞ്ഞു. എൽ.ഡി.എഫ്. ഭരി ക്കുന്ന സമയത്ത് അന്നത്തെ കേന്ദ്ര ഗവൺമെന്റിന്റെ കണക്കുപ്രകാരം ഇൻഡ്യയിൽ ഏറ്റവും വിലക്കുറവുള്ള മൂന്ന് സംസ്ഥാനങ്ങൾ ത്രിപുരയും ഹിമാചൽ പ്രദേശും കേരളവുമായിരുന്നു. ഉല്പാദക സംസ്ഥാനങ്ങളെ ക്കാൾ കൂടുതൽ വില നിയന്ത്രിച്ച ഒരു കൺസ്യൂമർ സ്റ്റേറ്റായിരുന്നു എൽ. ഡി.എഫ്. ഭരിക്കുമ്പോൾ കേരളം. ആ സ്ഥലത്തെ ഇപ്പോൾ ഇൻഡ്യയിൽ ഏറ്റവും കൂടുതൽ വിലക്കയറ്റമുള്ള സ്ഥലമാക്കി മാറ്റിയത് ഇവരുടെ പിടി പ്പുകേടാണ്. ബഹുമാന്യനായ മന്ത്രി അനൂപ് ജേക്കബ് എന്റെ സുഹൃത്താ ണ്. പക്ഷേ, ഞാൻ ചോദിക്കട്ടെ, അങ്ങ് എന്തിനാണ് കാത്തിരിക്കുന്നത്. ഇവിടെ കരിഞ്ചന്ത എന്ന് മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിതന്നെ പറയു

മ്പോൾ അങ്ങേയ്ക്ക് നാണമുണ്ടെങ്കിൽ രാജി വച്ച് പോകുകയല്ലേ വേണ്ട ത്. നിങ്ങളല്ലേ ഇതിന് ഉത്തരവാദി. കരിഞ്ചന്തയും പൂഴ്ത്തിവയ്പും തടയേ ണ്ടത് ആരാണ്? ശ്രീ. വി.എസ്. അച്ചുതാനന്ദനാണോ, ഞങ്ങളാണോ. പോലീസു മന്ത്രിയും മുഖ്യമന്ത്രിയും സിവിൽ സപ്ലൈസ് വകുപ്പുമ ന്ത്രിയും ഇരിക്കുന്നുണ്ടല്ലോ. നിങ്ങൾക്ക് തടയാൻ കഴിയാതെ ഞങ്ങളോട് പറയുകയാണ്, ഇവിടെ ഇതാ കരിഞ്ചന്ത, പൂഴ്ത്തിവയ്പ് എന്ന്. നിങ്ങളല്ലേ ഇതിന് ഉത്തരവാദി. കോൺഗ്രസ്സിന്റെയും കേരള കോൺഗ്രസ്സിന്റെയും നേതാക്കൻമാർ കോടിക്കണക്കിന് രൂപ കൈക്കോഴ വാങ്ങി ഇവിടെ കരി ഞ്ചന്തയ്ക്കും പൂഴ്ത്തിവയ്പിനുംകൂട്ടുനിൽക്കുകയാണ്. കേന്ദ്രത്തിൽനിന്ന് ഒരു ലക്ഷം ടൺ അരി വരാൻ പോകുന്നു. 18 രൂപ 70 പൈസയ്ക്ക് കേന്ദ്ര ഗവൺമെന്റ് നൽകുന്ന അരി 25 രൂപയ്ക്ക് വിറ്റ് അതിൽനിന്നും ലാഭം കൊയ്യാൻ വേണ്ടി നിങ്ങൾ ശ്രമിക്കുകയല്ലേ; മയ്യത്തിൽ നിന്നും തുണി ചീന്തുകയല്ലേ നിങ്ങൾ ചെയ്യുന്നത്? പാവപ്പെട്ടവന് 18.70 പൈസയ്ക്ക് കൊടുക്കാൻ വേണ്ടി അനുവദിച്ച അരിയാണ്. ഓണക്കാലത്ത് കേരള ത്തിന് ലഭിക്കേണ്ട 60000 ടൺ അരി നിങ്ങൾ എടുത്തോ, എടുത്തില്ലല്ലോ. എടുക്കാത്ത 60000 ടൺ അരി കൂടി ചേർത്ത് 1 ലക്ഷം ടൺ അരി തരാൻ പോകുന്നു. പാവപ്പെട്ട കുട്ടികൾക്ക് കൊടുക്കുന്ന ഉച്ചക്കഞ്ഞി നിങ്ങൾ കൊടുക്കുന്നുണ്ടോ; പാലു കൊടുക്കുന്നുണ്ടോ; മുട്ട കൊടുക്കുന്നുണ്ടോ; ഓണത്തിന് കുട്ടികൾക്ക് കൊടുക്കുന്ന അരി കൊടുത്തോ; പെരുനാളിന് കൊടുത്തോ; നിങ്ങൾക്ക് നാണമുണ്ടോ; അണ്ടാ കഹാ ഹേ എന്ന് ചോദി

ച്ചിട്ട് എന്തു കാര്യമാണ്. റംസാനും നിങ്ങൾ അരി കൊടുത്തില്ല. അരിയെല്ലാം പൂഴ്ത്തിവയ്ക്കുകയാണ്. അരിയുടെ കാര്യം മാത്രമാണോ. പരിപ്പിന്റെയും പയറിന്റെയും മറ്റുള്ള സാധനങ്ങളുടെയും വില കേട്ടാൽ ഞെട്ടിപ്പോകും. ഞാൻ കൂടുതലായി ഒന്നും പറയുന്നില്ല. അരിയുടെ വില 47 രൂപ, പഞ്ചസാര - 39, ഉഴുന്ന് - 85, മല്ലി - 110, കടുക് - 70, പരിപ്പ് -46, കടല - 72, ചെറുപയർ - 80, മുളക് - 100, ശർക്കര - 58, പാളയംകോടൻ പഴത്തിന് വില 45 രൂപ. ഇവിടെ ആർക്ക് ജീവിക്കാൻ കഴിയും. ഇവിടെത്തെ കാന്റീനിൽ പോയിക്കഴിഞ്ഞാൽ എന്താണ് സ്ഥിതി. അവിയൽ എന്നു പറയുന്ന സാധനം കിട്ടാനുണ്ടോ, എല്ലാ പച്ചക്കറികളുമില്ലാതെ വിലക്കുറവുള്ള സാധനങ്ങൾ വെട്ടിക്കൂട്ടിയതു മാത്രമല്ലേയുള്ളൂ. രാജ്യത്തെ ജനങ്ങൾക്ക് ജീവിക്കാൻ കഴിയാത്ത വിധത്തിൽ കാര്യങ്ങൾ വന്നിരിക്കുകയാണ്. അപ്പോഴാണ് സംസ്ഥാനത്തിന് നാണക്കേടുണ്ടാക്കികൊണ്ട് എഫ്.സി.ഐ. ഗോഡൗണിൽ ടൺ കണക്കിന് അരി കത്തിക്കുന്നത്. ഞങ്ങൾ മൂന്ന് എം.എൽ.എ.മാർ അവിടെ പോയിരുന്നു. ഇവിടെ പാവപ്പെട്ടവൻ അരി കിട്ടാതെ വട്ടം തിരിയുമ്പോൾ എഫ്.സി.ഐ. ഗോഡൗണിൽ അരി കത്തിക്കുകയാണ്. അങ്ങ് അറിയുന്നുണ്ടോ. ഈ രാജ്യത്തെ ജനങ്ങൾ പട്ടിണി കിടക്കുമ്പോൾ, 45 രൂപയ്ക്ക് അരി വാങ്ങുമ്പോൾ എഫ്.സി.ഐ. ഗോഡൗണിൽ അരി കത്തിക്കുന്നു. എഫ്.സി.ഐ. ഗോഡൗണുകൾ അരിയുടെ ശവപറമ്പായി മാറി. ഇപ്പോൾ നിങ്ങൾ ചെയ്യുന്നത് എന്താണ്? എല്ലാം ബാങ്കുവഴി വരാൻ പോകുകയാണ്. അരിയുടെ

സബ്സിഡി ബാങ്കുവഴി, വളത്തിന്റെ സബ്സിഡി ബാങ്കുവഴി, ഇനി നാം ശ്വസിക്കുന്ന വായു പൈപ്പിലൂടെ കിട്ടുമെന്നുകൂടി ഇവർ പറയുമോ. മാവേലി സ്റ്റോറിലെ സ്ഥിതി എന്താണ്; അവിടെ ബ്രാൻഡഡ് സാധനങ്ങൾ ഇഷ്ടംപോലെ കൊടുത്തുകൊണ്ടിരിക്കുകയാണ്. ജനറിക് മരുന്ന് കൊടുക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഞാൻ അങ്ങയോട് ഒരു കാര്യം ചോദിക്കട്ടെ, ജനറിക് മരുന്ന് കൊടുക്കുന്നതുപോലെ ജനറിക് അരി കൊടുക്കാമോ. ബ്രാൻഡഡ് അല്ലാത്ത അരി പാവപ്പെട്ട സാധാരണക്കാരന് കിട്ടുമോ? 18.70 രൂപയുടെ റേഷനരി 25 രൂപയ്ക്ക് കൊടുത്ത് ലാഭമുണ്ടാക്കുന്നതിന് പകരം വ്യക്തമായ നടപടിയെടുത്ത് എൽ.ഡി.എഫ്. ഗവൺമെന്റ് വിപണിയിൽ ഇടപെട്ടതുപോലെ ഇടപെടാൻ കഴിയുമോ; വിപണിയിൽ നിയന്ത്രണം നഷ്ടപ്പെട്ട് നട്ടംതിരിയുന്ന ഒരു വകുപ്പിന്റെ തലപ്പത്തിരിക്കുന്ന അങ്ങ് രാഷ്ട്രീയ ജീവിതത്തിലെ ഏറ്റവും മോശപ്പെട്ട കാലത്തിലൂടെ കടന്നു പോകുകയാണ്. അത് നാട്ടുകാരുടെ അഭിപ്രായമാണ്. ഇവിടെ കൈക്കൂലി വാങ്ങുന്നത് മാത്രമല്ലേ നടക്കുന്നത്. കേരള കോൺഗ്രസ്സുകാർ കൗണ്ടർ വച്ച് കൈക്കൂലി വാങ്ങിക്കൊണ്ടിരിക്കുകയാണ്. സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റ് കൈക്കൂലി കിട്ടാനുള്ള ഒരു വകുപ്പായി മാറി. സംസ്ഥാനത്തിന്റെ പൊതുവിതരണ മേഖലയെ നിയന്ത്രിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യേണ്ട ഈ വകുപ്പിനെ കൈക്കൂലി വകുപ്പാക്കി മാറ്റി വിലക്കയറ്റമുണ്ടാക്കിയതിന്റെ ഉത്തരവാദിത്തം ശ്രീ. ഉമ്മൻചാണ്ടിക്കും ഈ ഗവൺമെന്റിനുമാണ്. അതുകൊണ്ട് നാണംകെട്ട ഈ ഗവൺമെന്റി

നെതിരായിട്ടുള്ള അടിയന്തിര പ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയാണ്.

ശ്രീ. പി. സി. ജോർജ്: സർ, നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധനവ് ഉണ്ട് എന്ന് അംഗീകരിച്ചുകൊണ്ടുതന്നെയാണ് അടിയന്തരപ്രമേയം വന്നപ്പോൾ അത് ചർച്ച ചെയ്യാൻ ഗവൺമെന്റ് തയ്യാറായത്. അങ്ങനെ ചർച്ച ചെയ്യാൻ തയ്യാറായ മാന്യതപോലും അംഗീകരിക്കാതെ ഇങ്ങനെ രാഷ്ട്രീയം പറയുന്നത് ദു:ഖകരമാണ്. ബഹുമാനപ്പെട്ട വി.എസ്. സുനിൽകുമാർ വളരെ ശക്തമായി സംസാരിച്ചു. ഞങ്ങളുടെ കാലത്ത് അരിവില കൂടിയപ്പോൾ ബംഗാളിൽ നിന്നും ഞങ്ങൾ അരികൊണ്ടുവന്നു എന്ന് അദ്ദേഹം പറഞ്ഞു. അതാണല്ലോ പ്രധാനപ്പെട്ട കാര്യം. ഇന്ന് ബംഗാളികളെക്കൊണ്ട് കേരളം നിറഞ്ഞിരിക്കുകയാണ്. ബംഗാളിന്റെ മഹത്വം കൊണ്ട് ബംഗാളികൾ മുഴുവൻ പട്ടിണി മാറ്റാൻ, പുട്ടടിക്കാൻ വേണ്ടി കേരളത്തിൽ വന്ന് കൂടിയിരിക്കുകയാണ്. എന്നിട്ടാണ് വർത്തമാനം പറയുന്നത്. പറയുമ്പോൾ ന്യായം വേണം. അതുൾക്കൊണ്ടുകൊണ്ട് സംസാരിക്കണം. വിലവർദ്ധനവുണ്ട് എന്ന കാര്യത്തിൽ ആർക്കാണ് തർക്കമുള്ളത്. തീർച്ചയായും വിലവർദ്ധനവിനെതിരെ നടപടി വേണം. ശ്രീ. സുനിൽകുമാർ പറഞ്ഞ ബംഗാളികൾ കേരളത്തിൽ വന്ന് പച്ചരി കൂടുതൽ വാങ്ങുന്നു. പച്ചരി പോലെത്തന്നെ അവർ വാങ്ങുന്നതാണ് സവാളയും ഉള്ളിയും. പന്ത്രണ്ട് ലക്ഷം ബംഗാളികൾ കേരളത്തിൽ കിടക്കുകയാണ്. ഈ മൂന്നു കാര്യങ്ങൾക്കാണ് വിലവർദ്ധനവുണ്ടായിരിക്കുന്നത്. അതുകൊണ്ട് ബംഗാളികൾ വന്നതുതന്നെയാണ് ഇവിടത്തെ പ്രശ്നം. ഒരു കാര്യം ഞാൻ പറയാം, അത് വളരെ നിസ്സാരമായി കരുതാൻ കഴിയുന്നതല്ല. കാരണം, അരി

വില വർദ്ധനവ് എന്ന കമ്പോളത്തിലുണ്ടായിരിക്കുന്ന പ്രശ്നം ചെറുതായി കാണാൻ ഞാൻ ആഗ്രഹിക്കുന്നില്ല, ഒരു സംശയവും വേണ്ട. ബി.പി.എൽ. വിഭാഗത്തിന് 25 കിലോ അരി ഒരു രൂപ നിരക്കിൽ കൊടുക്കുന്നുണ്ട്. അതിൽ ഒരു തടസ്സവും വന്നിട്ടില്ല. ഞാൻ അന്വേഷിച്ചു, അതുകൊണ്ടാണ് പറയുന്നത്. 8 കിലോ ഗോതമ്പ് 2 രൂപയ്ക്ക് കൊടുക്കുന്നുണ്ട്. അപ്പോൾ അരി കൊടുത്തിട്ടും പിന്നെ എങ്ങനെയാണ് വില വർദ്ധിക്കുന്നത്. എ.പി. എൽ. വിഭാഗത്തിലെ 4217000 ആളുകൾക്ക് 9 കിലോ അരിയും മൂന്നു കിലോ ഗോതമ്പും 2 രൂപ നിരക്കിൽ കൊടുക്കുന്നുണ്ട്, അതിലും പ്രശ്ന മൊന്നുമില്ല. എ.പി.എൽ. നോൺ സബ്സിഡി വിഭാഗത്തിന് പത്ത് കിലോ അരി എട്ട് രൂപ തൊണ്ണൂറ് പൈസ നിരക്കിലും മൂന്ന് കിലോ ഗോതമ്പ് ആറ് രൂപാ എഴുപത് പൈസ നിരക്കിലും കൊടുക്കുന്നുണ്ട്. സപ്ലൈകോ വഴി 35 കിലോ അരി കൊടുക്കുന്നുണ്ട്. അതിൽ ഇരുപത് കിലോ അരിയ്ക്ക് 16 രൂപ മുതൽ 18 രൂപയാണ് വില. 15 കിലോ അരിക്ക് ഇരുപത് രൂപയാണ് വില. സംസ്ഥാനത്ത് പൊതുവിതരണ രംഗത്ത് ഇതു പോലെയുള്ള ഇടപെടലുകൾ ഉണ്ടായിട്ടും ഓപ്പൺ മാർക്കറ്റിൽ അരിവില നാൽപത്തഞ്ച് രൂപയായി നിൽക്കുന്നു എന്ന സത്യവും നമ്മുടെ മുമ്പിലു ണ്ട്. അപ്പോൾ ആരാണ് കുഴപ്പക്കാർ? ഇവിടെ കുഴപ്പക്കാരുണ്ട്. നിങ്ങൾ പറയുന്നതിനോട് യോജിച്ചുകൊണ്ടുതന്നെയാണ് പറയുന്നത്. ഈ കൊള്ളക്കാരെ പിടിക്കാൻ ഇവിടെ പോലീസില്ലേ? ഈ കൊള്ളക്കാരെ അറസ്റ്റ് ചെയ്യാൻ നടപടി വേണ്ടേ? ഇവിടെ പൊതുവിതരണ

രംഗത്തെപ്പോലും അപമാനിച്ചുകൊണ്ട് ഒരു ഗവൺമെന്റിന്റെ ശക്തമായ ഇടപെടലുകൾ ഉണ്ടായിട്ടുപോലും ഈ നിലയിൽ നീങ്ങുന്നെങ്കിൽ ഈ പിടിച്ചുപറിക്കാർ, കൊള്ളക്കാർ, കച്ചവടക്കാർ, വൻകിട കച്ചവടക്കാർ, ഇവിടുത്തെ മുഴുവൻ കച്ചവടക്കാരെയും കുറ്റം പറയുകയല്ല, പ്രത്യേക മായ കൊള്ളക്കച്ചവടക്കാരുണ്ട്. അവരുടെമേൽ നടപടി സ്വീകരിക്കാൻ എന്തുകൊണ്ട് ഗവൺമെന്റ് മടിച്ചുനിൽക്കുന്നു എന്ന് ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ അരി വിലയുടെ കാര്യം പറയുമ്പോൾ ഒരു ദാഹരണം പറയാം. കോട്ടയത്തെ ഗോഡൗണിൽ 500 ക്വിന്റൽ അരി കിട ന്നിട്ട് അവിടുത്തെ ഹോൾസെയിൽകാർ എടുക്കുന്നില്ലെന്നു തീരുമാനിച്ചു. ആ ഹോൾസെയിൽ കടയുടെ ലൈസൻസ് ക്യാൻസൽ ചെയ്യേണ്ടേ? അവരെ മര്യാദ പഠിപ്പിക്കേണ്ടേ? എന്തുകൊണ്ട് കഴിയുന്നില്ല? ഈ രാജ്യത്ത് ജനങ്ങളുടെ മുന്നിൽ നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധി ക്കുന്നു എന്നു പറഞ്ഞാൽ അവരെ സംബന്ധിച്ചിടത്തോളം ശ്രീ. സി. ദിവാകരൻ പറഞ്ഞതുപോലെ ദൈവം ഭക്ഷണമായി അവതരിക്കണം. അല്ലാതെ പറ്റില്ല. ഇവിടെ 45 രൂപയാണ് അരിവില. ഇതുപോലെ സാധന ങ്ങളുടെ വില വർദ്ധിക്കുകയാണ്. അംഗീകരിച്ചു കൊടുക്കാൻ കഴിയില്ല. എല്ലാ കാര്യത്തിലും ശക്തമായ നിലപാട് സ്വീകരിച്ചിട്ടുള്ള കേരളത്തിന്റെ പ്രിയങ്കരനായ മുഖ്യമന്ത്രി ഈ കാര്യത്തിൽ ശക്തമായ ഇടപെടൽ നടത്തി യേ മതിയാകൂ എന്ന് വളരെ ശക്തമായിതന്നെ ഞാൻ ആവശ്യപ്പെടുകയാ ണ്. ഒരു സംശയവും വേണ്ട. അതിനകത്തോട്ട് നിങ്ങൾ രാഷ്ട്രീയം

കൊണ്ടുവരാതിരുന്നാൽ മതി. ഞാൻ ചോദിക്കട്ടെ ഇവിടെ ദക്ഷിണ പശ്ചിമ മേഖല എടുത്തു കളഞ്ഞല്ലോ? അന്ന് കേന്ദ്രം നമ്മളോട് പറഞ്ഞില്ലെ അരി തന്നോളാമെന്ന്. ആ അരി കിട്ടുന്നുണ്ടോ? ഇവിടെ കുറവ് വന്നിട്ടുണ്ടെങ്കിൽ സമ്മതിച്ച് കൊടുക്കാൻ കഴിയുമോ? ഞങ്ങളുടെ പാർട്ടിയുടെ നയം തുറന്നുപറയുകയാണ്. ഇവിടെ അരി വിതരണം ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ കൺസോർഷ്യം രൂപീകരിക്കണമെന്ന ആവശ്യം കേരള കോൺഗ്രസ് പാർട്ടിയുടെ പേരിൽ ഈ സഭയിൽതന്നെ പറയാൻ ആഗ്രഹിക്കുകയാണ്. കാരണം അരി കിട്ടിയേ മതിയാകൂ. അരി കിട്ടണം. ഇത് നാണ്യവിളകളുടെ നാടാണ്. നാണ്യവിളകളുടെ നാട്ടിൽ അരി ഇല്ലാതെ എന്ത് ചെയ്യാൻ കഴിയും? അതുകൊണ്ട് അരി ഓപ്പൺ മാർക്കറ്റിൽനിന്നും മേടിക്കാനുള്ള അവസരമുണ്ടാകണം. ഇവിടെ ആന്ധ്രയും കർണ്ണാടകവും തമിഴ്നാടും കേരളവും ഉൾപ്പെടെയുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ ഒരു കൺസോർഷ്യം രൂപീകരിച്ചുകൊണ്ട് ഇവിടുത്തെ അരിവില നിയന്ത്രിക്കാനുള്ള സംവിധാനം ഏർപ്പെടുത്താൻ കേന്ദ്രഗവൺമെന്റ് ശക്തമായ ഇടപെടലുകൾ നടത്തണമെന്ന അഭിപ്രായം പറയാൻ ഒരു മടിയുമില്ല. സ്വാഭാവികമായി വില വർദ്ധനവുണ്ടാകുമ്പോൾ ജനങ്ങൾ വിഷമിക്കും. പച്ചക്കറിയുടെ വരവിനെ തമിഴ്നാട് തടഞ്ഞുകഴിഞ്ഞാൽ കിട്ടില്ല എന്നു നമുക്കറിയാം അവിടെ സമരം ഉണ്ടായപ്പോൾ തമിഴ്നാട്ടിൽ നിന്നും പച്ചക്കറി കൊണ്ടുവരാതിരുന്നു. അവസാനം അവിടെ സമരമുണ്ടായപ്പോൾ

പച്ചക്കറിക്ക് ഇവിടെയുള്ള ഗതികേടു അവിടെയുമുണ്ടായി. ആ സാഹചര്യം ഇവിടെയുണ്ട്. തമിഴ്നാടുമായി ബന്ധപ്പെട്ടുകൊണ്ട് പച്ചക്കറി നമ്മുടെ സംസ്ഥാനത്ത് കൂടി ഉൽപ്പാദിപ്പിക്കാനുള്ള നടപടിയുമായി കൃഷി മന്ത്രി വളരെ ശക്തമായ നീക്കം നടത്തുന്നുണ്ട്. ആ നീക്കം ശക്തിപ്പെടുത്തുന്നതോടൊപ്പം പച്ചക്കറി സാധനങ്ങളും വില കുറച്ച് കേരളത്തിൽ കൊടുക്കാനുള്ള സംവിധാനം ഏർപ്പെടുത്തണം എന്നു കൂടി സൂചിപ്പിക്കുന്നു. ഈ മേഖലയിൽ വിലവർദ്ധനവ് ആര് ഉണ്ടാക്കി എന്ന് പറയുന്നതിൽ കാര്യമില്ല. അതിന് ആരെയും കുറ്റപ്പെടുത്തിയിട്ടും കാര്യമില്ല. സ്വാഭാവികമായി കൊള്ളസംഘങ്ങള തടയാനുള്ള ശക്തമായ നിലപാടുകൾ സ്വീകരിച്ചുകൊണ്ട് ഈ ഗവൺമെന്റ് മുന്നോട്ടുപോയി സാധാരണക്കാരും പാവപ്പെട്ടവരുമായ ജനങ്ങളുടെ പ്രശ്നത്തിന് പരിഹാരമുണ്ടാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. സി. കെ. നാണു</u> : സർ, ഭക്ഷ്യമേഖല എടുത്ത് കളഞ്ഞതിനു ശേഷം ഇവിടെ അടിയന്തരാവസ്ഥയുടെ ഗുണഗണങ്ങൾ പാടി. അടിയന്തരാവസ്ഥ കഴിഞ്ഞതിനുശേഷം മൊറാർജി ദേശായി പ്രധാനമന്ത്രിയും ശ്രീ. എ.കെ. ആന്റണി കേരളത്തിലെ മുഖ്യമന്ത്രിയുമായി. കേന്ദ്ര ഗവൺമെന്റ് ശ്രീ. ആന്റണിയോട് ചോദിച്ചത്, താങ്കൾക്ക് പഞ്ചസാരയടക്കം എത്ര ഭക്ഷ്യധാന്യങ്ങൾ വേണമെന്നാണ്. ആ ഗവൺമെന്റ് പോകുന്നതുവരെ ഒരു നയാ പൈസ വില വർദ്ധിപ്പിക്കാതെ കേരളത്തിനാവശ്യമായ അരിയും പഞ്ചസാരയുമുൾപ്പെടെ എല്ലാ സാധനങ്ങളും കൊടുത്തു. നാളികേരത്തിന്റെ വില കുറഞ്ഞസമയത്ത് അന്നത്തെ കേരള മുഖ്യമന്ത്രി ഇ.കെ. നായനാരും പ്രധാനമന്ത്രി വി.പി സിംഗും പങ്കെടുത്ത തിരുവനന്തപുരത്തെ ഒരു പൊതുയോഗത്തിൽ വച്ച് നായനാർ നാളികേരത്തിന്റെ വിലയിടിവിന്റെ കാര്യം പറഞ്ഞു. ആ യോഗത്തിൽതന്നെ മാന്യമായ തറവില നൽകി കേരളത്തിലെ നാളികേര കൃഷിക്കാരെ സംരക്ഷിക്കുമെന്ന ഉറപ്പ് ലഭിച്ചു. എൽ.ഡി.എഫ്. ഭരിച്ച കാലത്ത് അഞ്ച് ഉറുപ്പികയായിരുന്നു നെല്ലിന്റെ സംഭരണവില, ഇപ്പോൾ പതിനേഴ് ഉറുപ്പികയാണ് എന്ന് ബഹുമാനപ്പെട്ട സതീശൻ ഇവിടെ പറഞ്ഞു. ബഹുമാനപ്പെട്ട സതീശൻ ഓർക്കണം കേരളത്തിലെ നെൽകൃഷിക്കാർക്ക് എട്ട് ഉറുപ്പിക സംഭരണവിലയുള്ളത് അൻപത് പൈസ കൂടി കൂട്ടണമെന്നു പറഞ്ഞ് പ്രതിപക്ഷ നേതാവായ ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഇവിടെയൊരു നിരാഹാര സമരം നടത്തിയിരുന്നു. ഞങ്ങൾ കുറെ ആളുകൾ അദ്ദേഹത്തിന്റെ

കൂടെ നിന്നു. ശ്രീ. ശങ്കരനാരായണൻ മധ്യസ്ഥം പറഞ്ഞു. പക്ഷേ, നിങ്ങളുടെ ഭരണകാലത്ത് 8.50 ആക്കി വർദ്ധിപ്പിച്ച് കൊടുത്തില്ല. പിന്നീട് ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ ഗവൺമെന്റ് വന്നപ്പോൾ അധികാരത്തിൽനിന്ന് പോകുന്നതിനുമുമ്പ് പടിപടിയായി 14 രൂപയാക്കി നെല്ലിന്റെ സംഭരണവില വർദ്ധിപ്പിച്ച് നൽകി. അതിന്റെ ഫലമായി കേരളത്തിൽ അരി ഉൽപാദിപ്പിക്കാനാവശ്യമായ സാഹചര്യമുണ്ടായി. കോൺഗ്രസ് പ്രസിഡന്റ് കെ.സി. എബ്രഹാം മാഷും മുഖ്യമന്ത്രി .ഇ.കെ. നായനാരും ചേർന്ന് കേരളത്തിന് സ്റ്റാറ്റ്യൂട്ടറി റേഷനുണ്ടാകണമെന്ന് ആവശ്യപ്പെട്ട് കേന്ദ്രത്തിനെതിരെ ഇവിടെ ഹർത്താൽ നടത്തി. ആ സമരത്തിന് നേതൃത്വം കൊടുത്തത് ഇ.എം.എസ്. ആയിരുന്നു. ആ നേതാക്കൾ ഒരുമിച്ച് സ്റ്റാറ്റ്യൂട്ടറി റേഷൻ കേരളത്തിനായി വാങ്ങിച്ചെടുത്തു. എന്തുകൊണ്ട് ഇന്ത്യക്ക് ആവശ്യമായ വിദേശ നാണ്യം നേടിത്തരുന്ന നാണ്യവിളകൾ ഉൽപാദിപ്പിക്കുന്ന കേരളത്തിന് സ്റ്റാറ്റ്യൂട്ടറി റേഷൻ ഉണ്ടാകണമെന്ന് പറഞ്ഞ് അത് നേടിയെടുക്കാൻ നിങ്ങൾക്ക് സാധിക്കുന്നില്ല. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് രണ്ട് ഉറുപ്പികയ്ക്ക് 60 ലക്ഷത്തോളം ആളുകൾക്ക് അരി കൊടുക്കുവാൻ എടുത്ത തീരുമാനത്തിന്റെ ഫലമായി പട്ടിണിക്കിടാതെ കേരളത്തിലെ ജനങ്ങളെ സംരക്ഷിക്കാൻ കഴിഞ്ഞു. ഈ വിലവർദ്ധനവിന്റെ സന്ദർഭത്തിൽ രണ്ട് ഉറുപ്പികക്ക് അരി കൊടുക്കുമെന്ന് പറയാൻ നിങ്ങൾ എന്തിനാണ് മടി കാണിക്കുന്നത്. ഞാൻ ഓർമ്മിപ്പിക്കുന്നു ശ്രീ. ഇ.കെ. നായനാർ കേരളത്തിന്റെ മുഖ്യമന്ത്രിയായപ്പോൾ

Uncorrected / Not for publication

ഭക്ഷ്യയിനങ്ങൾക്ക് ചില പ്രതിസന്ധികളുണ്ടായി. അദ്ദേഹം തന്റെ മന്ത്രി മാരെ മുഴുവൻ ഒരുമിച്ച് കൊണ്ടുപോയി ഡൽഹിയിൽ പാർലമെന്റിന് മുമ്പാകെ സമരം ചെയ്യിപ്പിച്ചു. ശ്രീമതി സോണിയാ ഗാന്ധി, ഹർകിഷൻ സിംഗ് സൂർജിത്, എ.ബി. ബർദൻ തുടങ്ങിയവരെല്ലാം വന്നു. ഇന്ന് കേരള ത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻവേണ്ടിയുള്ള നിലപാടില്ല. പുതിയ ഭക്ഷ്യവിതരണ മന്ത്രിയെ മാത്രം ആക്ഷേപിച്ചതുകൊണ്ട് കാര്യമി ല്ല. ഇത് ഗവൺമെന്റിന്റെ പ്രശ്നമാണ്. രണ്ട് ഉറുപ്പികയ്ക്ക് അരി കൊടു ക്കാൻ കഴിഞ്ഞാൽ കേരളത്തിലെ വിലവർദ്ധനവിനെ തടയുവാൻ നിങ്ങൾക്ക് സാധിക്കും. അല്ലാതെ പുതിയ തത്വശാസ്ത്രങ്ങൾ പറഞ്ഞ് രക്ഷപ്പെടാൻ സാധിക്കില്ല. ഇവിടെ വച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അക്കാര്യം പ്രഖ്യാപിച്ചാൽ കേരളത്തിൽ അരിയുടെ വില കുറയും, കരി ഞ്ചന്ത അവസാനിക്കും.

ശ്രീ. എം. വി. ശ്രേയാംസ്കുമാർ : സർ, സാധാരണ ഗതിയിൽ വില നിശ്ചയിക്കുന്നത് സപ്ലൈ ഡിമാന്റ് സിറ്റ്വേഷനാണ്. കഴിഞ്ഞ വർഷം അരിയുടെയും ഗോതമ്പിന്റെയും ഉൽപാദനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. അങ്ങനെയിരിക്കെ കരിഞ്ചന്തക്കാരുടെയും പൂഴ്ത്തിവയ്പ്പുക്കാരുടേയും ഇടപെടലുകൾ മുഖേനയാണ് വിലക്കയറ്റം ഉണ്ടായിരിക്കുന്നത്. സപ്ലൈ കൂടുമ്പോൾ സ്വഭാവികമായി ഇത്രയും വില കൂടേണ്ട ഒരാവശ്യവുമില്ല. ഈ പശ്ചാത്തലത്തിൽ നടപ്പു സാമ്പത്തിക വർഷത്തിൽ 97.5 ലക്ഷം ടൺ അരിയാണ് കയറ്റുമതി ചെയ്തിരുന്നത്. അതുപോലെ പൊതുവിതരണ സമ്പ്രദായം ശക്തമാക്കിയിട്ടില്ല എന്നുണ്ടെങ്കിൽ സ്വാഭാവികമായും നമ്മൾ സംഭരിക്കുന്ന അരി കൃത്യമായി ജനങ്ങളിൽ എത്തിക്കുവാൻ സാധിക്കുകയില്ല. അതു മുഴുവൻ കരിഞ്ചന്തക്കാരുടെ കൈകളിലേയ്ക്ക് എത്തുകയും ചെയ്യും. അതുപോലെ നെല്ല് സംഭരണം ഇന്ന് നിയന്ത്രിക്കുന്നത് വളരെ കുറച്ച് കുത്തക മില്ലുകളാണ്. കമ്പോളത്തിൽ അരിയുടെ വരവ് നിയന്ത്രിക്കുന്നത് വളരെ കുറച്ച് മില്ലുകളാണ്. ഇങ്ങനെയുള്ള ഒരു സാഹചര്യം നിലനിൽക്കുമ്പോൾതന്നെ നമുക്ക് ചില കാര്യങ്ങൾ ചെയ്യേണ്ടതായിട്ടുണ്ട്. ഭക്ഷ്യധാന്യത്തിന്റെ കാര്യത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ സാധിക്കില്ലെങ്കിലും മറ്റുള്ള മേഖലകളിൽ നമുക്ക് പലതും ചെയ്യാൻ സാധിക്കും. കേരളത്തിന്റെ നെല്ലറയായ പാലക്കാട് 40,000 ഹെക്ടർ കൃഷിഭൂമിക്ക് തമിഴ്നാട് വെള്ളം നൽകിയില്ലെങ്കിൽ ഈ വർഷം കൃഷിയിറക്കാൻ സാധിക്കില്ല. ഈ കാര്യങ്ങളൊക്കെ ഇവിടെ

ചർച്ച ചെയ്യേണ്ടതാണ്. അതുപോലെ പച്ചക്കറി ഇപ്പോൾ പാലക്കാട് ഉൽപ്പാദിപ്പിച്ചു. അത് വി.എഫ്.പി.സി.കെ.യും ഹോർട്ടികോർപ്പും കൃത്യമായി വാങ്ങാത്തതുകൊണ്ട് നശിപ്പിക്കേണ്ടിവന്നു. ശ്രീ. സതീശൻ പറഞ്ഞതുപോലെ കോൾചെയിൻ ഉണ്ടെങ്കിൽ അത് പെരിഷബിൾ കമ്മോഡിറ്റിയാണ്. ഏകദേശം 16, 18 ശതമാനമാണ് ഇതിന്റെ പെരിഷബിലിറ്റി എന്നു പറയുന്നത്. അത് നിയന്ത്രിക്കാൻ സാധിച്ചാൽ ഒരു പരിധിവരെ വില പിടിച്ചു നിറുത്താൻ സാധിക്കും. അതുപോലെ നെൽകൃഷി പ്രോത്സാഹിപ്പിക്കണം. ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ തീർച്ചയായും കൈക്കൊള്ളേണ്ടതായിട്ടുണ്ട്. കാർഷികസർവ്വകലാശാല ഉള്ളതുകൊണ്ട് അത്യുൽപ്പാദനശേഷിയുള്ള വിത്ത് നൽകാൻ വേണ്ടി സാധിക്കും. ഒരുദാഹരണം ഞാൻ പറയാം. കേരളത്തിലെ തെക്കൻ പ്രദേശത്തെ സ്റ്റേപ്പിൾ ഫുഡായിരുന്നു കപ്പ എന്നു പറയുന്നത്. ഇന്ന് അതിന്റെ ഹബ് എന്നു പറയുന്നത് സേലത്താണ്. എല്ലാ മേഖലകളിലും ഉൽപ്പാദന ക്ഷമത കുറഞ്ഞുവരികയും നമ്മുടെ ആവശ്യങ്ങൾക്കു വേണ്ടി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുമ്പോൾ പ്രത്യേകിച്ച് ചരക്കു ഗതാഗതത്തിന്റെയെല്ലാം തന്നെയുള്ള ഉയർന്ന നിരക്കിലുള്ള സമയത്ത് കേരളത്തെ സംബന്ധിച്ചിടത്തോളം ഈ ഒരു സിറ്റുവേഷൻ വലിയ അപകടമാണ്. ഈ സീസൺ വളരെ മോശമാണ്. ഇനി വരാൻ പോകുന്ന നാളുകൾ ഇതിനേക്കാളും രൂക്ഷമായിരിക്കും. അതുകൊണ്ട് അവശ്യസാധനങ്ങളുടെ വിലയുടെ കാര്യങ്ങളിൽ വളരെ ശക്തമായ ഇട

Uncorrected / Not for publication

പെടൽമൂലം കരിഞ്ചന്തക്കാരേയും പൂഴ്ത്തിവയ്പുക്കാരേയും കൃത്യമായി നേരിട്ടുകൊണ്ട് ശക്തമായൊരു ഇടപെടൽ ഈ ഗവൺമെന്റ് നടത്തിയില്ലെങ്കിൽ ഇനി വരുന്ന കാലങ്ങളിൽ വിലക്കയറ്റം പിടിച്ചുനിർത്താൻ വലിയ പ്രയാസമായിരിക്കും. അതുകൊണ്ട് ഈ കാര്യം ശ്രദ്ധിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

ശ്രീമതി പി. അയിഷാ പോറ്റി: സർ, ജനജീവിതം അങ്ങേയറ്റം ദുസ്സഹമാക്കുന്ന അതിരൂക്ഷമായ വിലക്കയറ്റം നിയന്ത്രിക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഇടതുപക്ഷ ജനാധിപത്യമുന്നണി കൊണ്ടുവന്ന പ്രമേയത്തെ ഞാൻ നൂറുശതമാനം പിന്താങ്ങുന്നു. സ്ത്രീകളും തൊഴിലാളികളുമായ സാധാരണക്കാരായ വീട്ടമ്മമാർ വളരെ ആധിയോടുകൂടിയാണ് ഞങ്ങളോട് സംസാരിക്കുന്നത്. അരിക്ക് ഇന്നത്തെ വില ആയിരിക്കില്ല നാളെ. ഇപ്പോൾ ഒരു കിലോ അരിയുടെ വില 50 രൂപവരെ എത്തിയിരിക്കുകയാണ്. കൂലിപ്പണിക്കുപോകുന്ന സ്ത്രീകൾ വൈകുന്നേരം കടകളിൽ സാധനങ്ങൾ വാങ്ങാൻ ചെല്ലുമ്പോഴാണ് ഇന്നലത്തെ വിലയല്ല ഇന്ന് എന്നുള്ളത് അറിയുന്നത്. ഒരു തരത്തിലും സഹിക്കാൻ കഴിയാത്ത വിലക്കയറ്റമാണ്. റേഷൻ കടകളിൽ ചെന്നാൽ സാധനങ്ങൾ കിട്ടാത്ത അവസ്ഥയാണുള്ളത്. സബ്സിഡികളെല്ലാം ബാങ്കുകൾ വഴി നൽകാമെന്ന പുതിയൊരു തീരുമാനംകൂടി ഇപ്പോൾ സർക്കാർ എടുത്തിട്ടുണ്ട്. ബാങ്ക് അക്കൗണ്ട് തുടങ്ങാൻ പോലും അറിയാത്ത പാവപ്പെട്ട മനുഷ്യരുടെ ജീവിതം ദുസ്സഹമായിത്തീരുന്ന സ്ഥിതിയാണ്. എങ്ങനെ മുന്നോട്ട് ജീവിച്ചുപോകും എന്നുള്ള ഏറ്റവും വലിയ ആശങ്കയാണ് സ്ത്രീകളുടെയും കുട്ടികളുടെയും മുന്നിൽ ഇന്ന് ഏറ്റവും കൂടുതലുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഏറ്റവും ശക്തനാണെന്നും ഈ ഗവൺമെന്റിന് എല്ലാ കാര്യത്തിലും ഇടപെടാൻ കഴിയുമെന്നും നേരത്തെ അപ്പുറത്തുള്ളവർ സംസാരിച്ചപ്പോൾ സൂചിപ്പി

ച്ചു. അരി വില കയറുന്നതിനെതിരെയും ഗ്യാസ് സബ്സിഡി വെട്ടിക്കുറയ്ക്കുന്നതിനെതിരെയും ഇലക്ട്രിസിറ്റി ചാർജ് വർദ്ധിപ്പിക്കുന്നതിനെതിരെയും സകലമാന പത്രങ്ങളും എഴുതുന്നുണ്ട്, ഞങ്ങൾ പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിത്യോപയോഗ സാധനങ്ങൾ ഔട്ട്ലെറ്റുകൾ വഴി വിതരണം ചെയ്തതുപോലെ ഇപ്പോഴും വിതരണം നടത്തണമെന്നാവശ്യപ്പെട്ട് എത്ര ബഹളംവച്ചിട്ടും ഇതുവരെ ഒരനക്കം ഉണ്ടായിട്ടുണ്ടോ? ഇന്നിപ്പോൾ ഈ അടിയന്തര പ്രമേയം വന്നപ്പോഴല്ലേ സാധനങ്ങൾ സ്റ്റോർ ചെയ്യണം എന്നുള്ള കാര്യങ്ങൾ അവിടെയിരുന്നുകൊണ്ട് പറയുന്നത്. പക്ഷേ എന്തുകൊണ്ട് ഈ സർക്കാരിന് ഒരു ചുവട് മുന്നോട്ടുവയ്ക്കാൻ കഴിഞ്ഞില്ല? ഇപ്പോൾ നിയമസഭ കൂടിയപ്പോൾ ഇത്രയും ശക്തമായ ഒരാവശ്യം വന്നതുകൊണ്ടു മാത്രം ഈ വിഷയം ചർച്ച ചെയ്യാനുള്ള സാഹചര്യം ഉണ്ടാക്കിയതായാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. ഇപ്പോൾ അരി ഉൾപ്പെടെയുള്ള സാധനങ്ങളുടെ വില 50 രൂപവരെ ആകുമ്പോൾ, ഇവിടെ കെട്ടിക്കിടക്കുന്ന ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യാതിരിക്കുന്ന നയമാണ് ഈ സർക്കാർ സ്വീകരിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഗോഡൗണുകളിൽ ഒരു ചാക്ക് അരിപോലുമില്ലാതെ എല്ലാ സ്ഥലങ്ങളിലേയ്ക്കും കൃത്യമായി അരി എത്തിച്ചുകൊണ്ടിരുന്ന സ്ഥാനത്ത് ഇന്ന് അതവിടെ കെട്ടിക്കിടന്ന് പുഴുവരിച്ചുപോകുന്നതായി കഴിഞ്ഞ ആഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിൽത്തന്നെ പത്രങ്ങൾ റിപ്പോർട്ട് ചെയ്തതാണ്. എന്തെങ്കിലും നടപടി ഈ സർക്കാർ

എടുത്തോ? ലക്ഷക്കണക്കിന് ടൺ അരി കത്തിച്ചു കളയുക, പരമ രഹസ്യമായിട്ട് കുഴിച്ചുമൂടുക ഇതാണോ ഈ ഗവൺമെന്റിന്റെ നടപടി? എവിടെയെങ്കിലും ഒരന്വേഷണം ഉണ്ടോ? ഏതെങ്കിലും ഉദ്യോഗസ്ഥർ നടപടി എടുത്താൽ അവർക്കെതിരെ ശകാരവർഷം ഉണ്ടാകുമെന്ന് മുൻമന്ത്രി സംസാരിച്ചപ്പോൾ പറഞ്ഞു. ഇതല്ലേ ഇവിടെ നടക്കുന്നത്. എന്തും കാണിക്കാൻ കൂട്ടുനിൽക്കുന്ന സ്ഥിതിയാണുള്ളത്. ഒരു തരത്തിലും കുടുംബ ബഡ്ജറ്റ് കൊണ്ടുപോകാൻ പറ്റാത്ത സ്ഥിതിയിൽ എത്തിക്കുകയും അതിന് ആക്കം കൂട്ടുന്ന തരത്തിൽ ഓരോ ഗവൺമെന്റും മാറി മാറി എല്ലാ കാര്യങ്ങളും ചെയ്തുകൊണ്ടു പോകുന്ന അതിഭീകരമായിട്ടുള്ള പറഞ്ഞറിയിക്കാൻ പറ്റാത്ത അവസ്ഥയാണ് ഇന്ന് കേരളത്തിൽ നിലനിൽക്കുന്നത്. ഗ്യാസിന്റെ വില കൂട്ടും സബ്സിഡി കുറയ്ക്കും, മണ്ണെണ്ണ ഇല്ലാതാക്കും. 50-ഉം 60-ഉം രൂപ കൊടുത്ത് ഒരു ലിറ്റർ മണ്ണെണ്ണ ആരാണ് വാങ്ങുന്നത്? കറന്റില്ലാത്തവർക്ക് ഈ സർക്കാർ കറണ്ട് കൊടുക്കില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കി, ലോഡ്ഷെഡ്ഡിംഗ് ഇല്ലാതാക്കി ചാർജ്ജ് വർദ്ധിപ്പിക്കാതിരുന്ന സ്ഥാനത്താണ് ഇന്നത്തെ അവസ്ഥ. എങ്ങനെയാണ് ഈ രണ്ട് ഗവൺമെന്റുകളും തമ്മിൽ ഒന്നരവർഷംകൊണ്ട് ഇത്രയും വലിയ വ്യത്യാസം വന്നത്? ഇതൊക്കെ പരിശോധിക്കണ്ടേ? അതുപോലെ അരി ഉൾപ്പെടെയുള്ള 13 ഇനം നിത്യോപയോഗ സാധനങ്ങൾ 20 മുതൽ 70 ശതമാനം വരെ വിലകുറച്ച് കൊടുക്കുകയും 62 ലക്ഷം കുടുംബങ്ങൾക്ക്

രണ്ട് രൂപയ്ക്ക് അരി വിതരണം ചെയ്യുകയും ചെയ്ത സ്ഥാനത്ത് എന്തു കൊണ്ട് ഈ ഗവൺമെന്റിന് അത് സാധിക്കുന്നില്ല? ഇതൊക്കെ ചോദ്യമല്ലേ? ഇതൊക്കെ നമ്മൾ അനുഭവിച്ചതല്ലേ? കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഓരോ ഉത്സവ സീസണിലും മൂന്നും നാലും മാസത്തേയ്ക്കുള്ള നിത്യോപയോഗ സാധനങ്ങൾ ആളുകൾ വീടുകളിൽ സൂക്ഷിച്ചുവച്ചിരുന്നു. ഇത് ഞാൻ വെറുതെ പ്രസംഗിക്കുന്നതല്ല. നമ്മൾ കണ്ടിട്ടുള്ളതാണ്. എവിടെപ്പോയി ഈ ഗവൺമെന്റിന്റെ പിടിപ്പ്? ഇപ്പോൾ ഇതൊന്നും കാണുന്നില്ലല്ലോ? ഇപ്പോൾ ഒരുതരത്തിലും ജീവിക്കാൻ കഴിയാത്ത ദുസ്സഹമായ വിലക്കയറ്റമാണ്. അതുപോലെ സ്ത്രീകൾക്ക് ജീവിക്കാൻ പറ്റാത്ത അവസ്ഥയാണുള്ളത്. കൂടുതൽ പറയുന്നത് എന്തിനാണ്? കേന്ദ്ര മന്ത്രിയുടെ ഭാര്യ ശ്രീമതി സുനന്ദ പുഷ്ക്കറിന് ഉണ്ടായ അനുഭവം നമുക്കറി യാമല്ലോ. ഇത്തരത്തിൽ സ്ത്രീകൾക്ക് വഴി നടക്കാൻ പറ്റാത്ത അവസ്ഥയാണുള്ളത്. ഇവിടെ ജീവിക്കാൻ മാർഗ്ഗമില്ല, തീ കത്തിക്കാൻ മാർഗ്ഗമില്ല. പ്രധാനമന്ത്രി എന്തു പറഞ്ഞാലും മരം നട്ട് കിളിർത്ത് വലുതായശേഷം വിറകുവെട്ടി തീ കത്തിക്കാൻ പറ്റില്ല. അപ്പുറത്തിരിക്കുന്ന മെമ്പർക്കുതന്നെ സ്ത്രീകളെ സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് സബ്മിഷൻ കൊണ്ടുവരേണ്ടിവന്നു. ഇത് ഞങ്ങളൊക്കെ എത്രയോ തവണ പറഞ്ഞതാണ്. വനിതാ മെമ്പർമാർ കഴിഞ്ഞ നിയമസഭാ സമ്മേളനകാലത്തും ഇത്തരം വിഷയങ്ങൾ ഇവിടെ അവതരിപ്പിച്ചു. ബഹുമാനപ്പെട്ട കേന്ദ്രമന്ത്രിയുടെ ഭാര്യയ്ക്ക് ഉണ്ടായ അവസ്ഥ ലോകം മുഴുവൻ

കണ്ടുകൊണ്ടിരുന്നതാണ്. ഇതൊക്കെയാണ് ഇവിടത്തെ അവസ്ഥ. സർക്കിൾ ഇൻസ്പെക്ടർമാർ പ്രതിയായി വരിക, അതുപോലെ എവി ടെയും അഴിമതിക്ക് ഇടംകൊടുക്കുന്ന സ്ഥിതിയാണുള്ളത്. കുറ്റ ക്കാർക്കെതിരെ നടപടിയില്ലാത്ത സ്ഥിതി. രാഷ്ട്രീയ വൈരാഗ്യം വച്ച് എല്ലാ ആളുകളേയും അകത്താക്കാൻ എന്തുണ്ട് മാർഗ്ഗം എന്ന് ചോദിക്കു ക, അപ്പുറവും ഇപ്പുറവും ശരിയാണോ എന്ന് പരിശോധിക്കണ്ടേ? തുലനം ചെയ്ത് നോക്കുമ്പോൾ ത്രാസ് ഒരുപോലിരിക്കണമെന്ന് ബഹു മാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയും ഇന്നലെ പറഞ്ഞു. ബഹുമാനപ്പെട്ട കെ. സുധാകരൻ. എം.പി കൊട്ടാരക്കര വന്ന് ജഡ്ജിമാർ കൈക്കൂലി വാങ്ങിക്കുന്നത് ഞാനും കണ്ടു എന്ന് വ്യക്തമായി പറഞ്ഞതല്ലേ. എന്നിട്ട് എന്തെങ്കിലും നടപടി ഉണ്ടായോ ? അപ്പോൾ ഭരണപക്ഷത്തുള്ളവർ ഒരു കാര്യം വെളിപ്പെടുത്തിയാൽ ഒരു നടപടിയും ഇല്ല. പ്രതിപക്ഷത്തുള്ള ആരെങ്കിലും അബദ്ധവശാൽ പറയുന്ന വാചകങ്ങൾക്കുപോലും ശക്ത മായ നടപടിയെടുത്ത് അകത്താക്കുന്ന സ്ഥിതിയാണുള്ളത്. ഇത് തമ്മി ലൊരു വ്യത്യാസമുണ്ടല്ലോ. അപ്പോൾ ഭരണപക്ഷക്കാരുടെ ഇത്തരത്തി ലുള്ള നയസമീപനങ്ങൾ ഇന്നാട്ടിലെ ജനങ്ങൾ മുഴുവൻ കണ്ടുകൊണ്ടിരി ക്കുകയാണെന്നുള്ള കാര്യം മറക്കരുത്. വലിയ തോതിൽ കേസുകളെടു ത്തുകൊണ്ട് എല്ലാവരേയും അടിച്ചമർത്താൻ കഴിയുമോ എന്ന് നോക്കു കയാണ്. അടിച്ചമർത്താൻ നോക്കുമ്പോഴും പല മടങ്ങ് ശക്തിയായി മുന്നോട്ട് വരുമെന്ന കാര്യം മറക്കരുത്. അതാണ് എനിക്ക് പറയാനുള്ളത്.

ഈ നാട്ടിലെ സ്ത്രീകൾ നിങ്ങളോട് പൊറുക്കില്ല. ഏറ്റവുമൊടുവിൽ, ഇന്നലെ ഒരു ബില്ല് അവതരിപ്പിച്ചതിൽപ്പോലും സ്ത്രീകളോട് പക്ഷഭേദമല്ലേ കാണിച്ചത്. ഇവിടെ 36 പേരെ അയോഗ്യരാക്കിയവരിൽ 14 സ്ത്രീകൾ മാത്രമേയുള്ളൂ. എന്നിട്ട് അത് സ്ത്രീകളുടെ മേൽ അടിച്ചേൽപ്പിച്ചത് എന്തിനാണ്? പുറത്തിറങ്ങി ജീവിക്കാൻ വയ്യ, ഗാർഹിക പീഡനംകൊണ്ട് നിവൃത്തിയില്ല. ഭക്ഷണം കഴിക്കാൻ നിവൃത്തിയില്ല. എവിടെയെങ്കിലുംപോയി പരാതി പറയാമെന്നു വച്ചാൽ അവിടെ നിന്ന് ഒരു പരിഹാരവുമില്ല. ഒരിടത്ത് പരിഹാരം ലഭിക്കുമ്പോൾ മറുഭാഗത്ത് നിന്ന് ലഭിക്കുന്നില്ല. അങ്ങനെയുള്ള വേർതിരിവുണ്ട്. ഒരു കാര്യവും ചെയ്യാൻ പറ്റാത്ത അവസ്ഥയാണ്. എം.എൽ.എ -മാരോടുപോലും അങ്ങേയറ്റത്തെ വിവേചനം കാണിക്കുന്ന ഒരു സർക്കാരാണെന്ന് എന്റെ അനുഭവംകൊണ്ട് ഞാൻ പറയുന്നു. രണ്ട് ബഡ്ജറ്റ് അവതരിപ്പിച്ചിട്ട് ഒരു നയാപൈസയുടെ റോഡിന്റെ അനുമതി ഈ മന്ത്രിസഭയിലെ മന്ത്രി എനിക്ക് തന്നിട്ടുണ്ടോ? പറയണം. ഞാൻ എന്ത് വേണമെങ്കിലും അങ്ങോട്ട് പറയാം. അത്രമാത്രം വേർതിരിവാണ് പ്രതിപക്ഷത്തോട് കാണിക്കുന്നത്. ഇത്തരം വിവേചനം, ഇന്നാട്ടിലെ ബഹുജനങ്ങളോടാണ് നിങ്ങൾ ഈ വിവേചനം കാണിക്കുന്നത്. എല്ലാ വകുപ്പുകളേയും പല തായി ഖണ്ഡിച്ച് പല രൂപത്തിൽ കൊടുത്തിട്ട് ആർക്കും ഒന്നും ചെയ്യാൻ പറ്റാത്ത അവസ്ഥ. ഇത് നിത്യോപയോഗ സാധനങ്ങളുടെ വില ഉൾപ്പെടെയുള്ളവ നേരെയാക്കണമെങ്കിലും സ്ത്രീകൾക്കെതിരായിട്ടുള്ള അതിക്രമ

ങ്ങൾ ഒഴിവാക്കണമെങ്കിലും ഇച്ഛാശക്തിയുള്ള ഒരു ഗവൺമെന്റ് വേണം. തന്റേടത്തോടെ മുഖം നോക്കാതെ നടപടിയെടുക്കും എന്ന് പറഞ്ഞാൽ മാത്രം പോര നടപടി എടുക്കണം. അല്ലാതെ പറ്റില്ല. പെറ്റീഷൻ ഉണ്ടെങ്കിലെ നടപടി എടുക്കൂ എന്ന് ഇന്നലെ പറഞ്ഞല്ലോ. തോക്ക് ഉമ്മ വയ്ക്കാനുള്ളതല്ലെന്നും ആരെയൊക്കെ വെടിവച്ചുകൊന്നു തുടങ്ങിയ കാര്യങ്ങൾ പറയുന്നത് ദൃശ്യ-മാധ്യമങ്ങളിൽക്കൂടി കാണുകയാണ്. ഇങ്ങനെയൊക്കെ പറഞ്ഞാൽ ഒരു നടപടിയുമില്ല. നേരെ മറിച്ച് അബദ്ധവശാൽ പറയുന്ന കാര്യങ്ങൾക്ക് ശ്രീ. ബി. ബാലകൃഷ്ണപിള്ള കിടന്ന മുറിയിലേയ്ക്ക് കൊണ്ടുപോയി അടയ്ക്കുന്ന സ്ഥിതി ; നിങ്ങൾ ഈ കാണിക്കുന്ന കാര്യങ്ങൾ നാട്ടിലെ ജനങ്ങൾ കണ്ടുകൊണ്ടിരിക്കുന്നുണ്ട്. നീതിപീഠത്തെ ആക്ഷേപിക്കുന്നു. ബഹുമാനപ്പെട്ട ചീഫ് വിപ്പ് അവിടെയുണ്ടല്ലോ വിജിലൻസ് അന്വേഷണം വന്നാൽ അവരെ ചീത്ത പറഞ്ഞ് ഓടിക്കുകയല്ലേ ചെയ്യുന്നത്? അപ്പോൾ സാധാരണക്കാർ നോക്കുമ്പോൾ ഇന്ന് കേരളത്തിന്റെ ചിത്രം എന്താണ്? യു.ഡി.എഫ് ഭരണത്തിൽ കേരളത്തിന്റെ അവസ്ഥ എന്താണ്? സ്ത്രീകൾക്ക് ഒരുതരത്തിലും ജീവിക്കാൻ പറ്റാത്ത അവസ്ഥയാണുള്ളത്. ഗാർഹിക പീഡനത്തിനും മറ്റും നടപടി എടുക്കുമെന്ന് പറയുമ്പോൾ ഓരോ ദിവസവും ഇതെല്ലാം വർദ്ധിച്ചുവരുന്ന അവസ്ഥയാണുള്ളത്. അതുപോലെ ഭരിക്കുന്ന പാർട്ടിയുടെ ആൾക്കാർ അവരുടെതന്നെ ആളുകളോട് കാണിക്കുന്നതു കണ്ടാൽ എന്തും ധൈര്യമായിട്ട് ചെയ്യാം എന്നല്ലേ എല്ലാവർക്കും തോന്നൂ.

അതൊരു വലിയ സന്ദേശമാണ്. ബഹുമാനപ്പെട്ട ചീഫ് വിപ്പിനെ ഞാൻ എപ്പോഴും പറയുന്നതല്ല. അദ്ദേഹത്തിന്റെ പ്രസംഗം ഈ നാട്ടിൽ പലർക്കും വലിയ പ്രചോദനം ഉണ്ടാക്കിയിട്ടുണ്ട്. എന്ത് പറഞ്ഞാലും ഇവിടെ ഒരു നടപടിയും ഇല്ല. കാര്യമായിട്ട് പറയുന്നതാണ്. ഇത് വളരെ ഗൗരവമായിട്ട് കാണണം. ഈ നിയമസഭയിൽ ഭരിക്കുന്നവർ ചെയ്യുന്ന തെന്താണോ അതാണ് സന്ദേശം കൊടുക്കുന്നത്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്. ഇത് വിവേചനമല്ല. അനുവദിച്ച സമയം കഴിഞ്ഞു. പ്ലീസ് കൺക്ലൂഡ്

ശ്രീമതി. പി. അയിഷാ പോറ്റി: അപ്പോൾ എന്ത് ചെയ്താലും നിവൃത്തിയില്ലാത്ത ഒരവസ്ഥയിലേയ്ക്ക് ഗവൺമെന്റ് ജനങ്ങളെ കൊണ്ടെത്തിച്ചിരിക്കുകയാണ്. ഇതിന് മറുപടി പറഞ്ഞേ മതിയാകൂ. അല്ലെങ്കിൽ ജനങ്ങൾ നിങ്ങളെ വിടില്ല എന്നുള്ളതിന് യാതൊരു സംശയവുമില്ല. ഇത്രയും പറഞ്ഞുകൊണ്ട് ഞാനെന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ഈ ഗവൺമെന്റിന്റെ ഭരണവും വിലക്കയറ്റവും മൂലം കേരളീയ സമൂഹം ആകെ പൊറുതി മുട്ടുകയാണ്. നിത്യോപയോഗ സാധനങ്ങൾക്കെല്ലാം പൊള്ളുന്ന വിലയാണ്. കഴിഞ്ഞ തവണ എൽ.ഡി.എഫ്. ഗവൺമെന്റ് ഭരിച്ചപ്പോൾ മാവേലി സ്റ്റോറിൽ ക്യൂ നിൽക്കുന്നവരെല്ലാം തളർന്ന് വീഴുന്നുവെന്ന് പറഞ്ഞാണ് കോൺഗ്രസ്സു കാരടക്കം ഞങ്ങളെ കളിയാക്കിയത്. ഇപ്പോൾ പൊള്ളുന്ന വില കേട്ടാണ് ക്യൂവിൽ നിന്ന് ജനങ്ങൾ കുഴഞ്ഞ് വീഴുന്നത്. ഇവിടെ ശ്രീ. വി.ഡി. സതീശൻ പറഞ്ഞു മാവേലി സ്റ്റോറിലെല്ലാം ക്യൂവാണ്, മാവേലി സ്റ്റോറിന്റെ തൊട്ടപ്പുറത്ത് ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റ് പ്രവർത്തിക്കുന്നിടത്ത് മുഴുവൻ സാധനവും വിറ്റഴിയുകയാണ്. അദ്ദേഹം പറഞ്ഞതിനോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. മാവേലി സ്റ്റോറിലെ ഇന്നലത്തെ വിലയാണ് ഞാൻ ഇവിടെ പറയാൻ ആഗ്രഹിക്കു ന്നത്. പഞ്ചസാരയുടെ വില 25 രൂപയായിരുന്നത് 35 രൂപ 50 പൈസയാക്കി വർദ്ധിപ്പിച്ചു. ചെറുപയറിന് 49 രൂപയായിരുന്നത് 65 രൂപ യാക്കി വർദ്ധിപ്പിച്ചു. ഉഴുന്ന് പരിപ്പിന് 36 രൂപയായിരുന്നത് 71 രൂപ 20 പൈസയാക്കി വർദ്ധിപ്പിച്ചു. തുവരപരിപ്പിന് 36 രൂപയായിരുന്നത് 63 രൂപ 80 പൈസയാക്കി വർദ്ധിപ്പിച്ചു. ഇതാണോ ഭരണം? അവർ പറയുന്നത് കരുതലും വികസനവും എന്നാണ്. ഇപ്പോൾ ശ്രീ. ഉമ്മൻചാണ്ടി സർക്കാർ പറയുന്നത് പൂഴ്ത്തി വയ്പ്പുകാർ കരുതിക്കാണാൻ പറഞ്ഞു. അങ്ങനെ

അതുവഴി വികസിച്ചോളാനും പറയുന്നു. ഇതാണ് കരുതലും വികസനവും. അതാണ് കേന്ദ്രീയ മുദ്രാവാക്യമായി ഇവർ കാട്ടുന്നത്. ഇത്രയുമധികം രൂക്ഷമായ വില വർദ്ധനവ് കേരളത്തിൽ ഉണ്ടായിട്ട് അതിനെതിരെ തടയിടാൻ, പിടിച്ചുനിറുത്താൻ എന്തുകൊണ്ട് ശ്രീ. കെ.എം. മാണി ശ്രീ. അനുപ് ജേക്കബിന്റെ വകുപ്പിന് നയാ പൈസ കൊടുക്കുന്നില്ല. എൽ.ഡി.എഫ്. ഗവൺമെന്റ് 62 ലക്ഷം പേർക്കാണ് 2 രൂപ നിരക്കിൽ അരി കൊടുത്തതെങ്കിൽ ഞങ്ങൾ ആവശ്യപ്പെടുന്നു നിങ്ങളും 62 ലക്ഷം പേർക്ക് ഒരു രൂപ നിരക്കിൽ അരി കൊടുക്കാൻ തയ്യാറാണോ? ഇത്തരത്തിൽ കേരളീയ സമൂഹത്തെ ഞെക്കിക്കൊല്ലുന്ന വില വർദ്ധനവാണ് അടിയ്ക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഈ വില വർദ്ധനവിൽ പ്രതിഷേധിച്ച് ഉജ്ജ്വലമായ സമരങ്ങൾക്ക് കേരളീയ സമൂഹം പോകാൻ പോകുകയാണ്. ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

ശ്രീ. എ.കെ. ശശീന്ദ്രൻ: സർ, വിലക്കയറ്റം കൊണ്ട് പൊറുതിമുട്ടുന്ന ജനങ്ങൾക്ക് ഭരണകക്ഷി അംഗങ്ങൾ നൽകിയത് കുറേ വിലപ്പെട്ട ഉപദേശങ്ങളാണ്. ആ വിലപ്പെട്ട ഉപദേശങ്ങൾ ജനങ്ങളുടെ പട്ടിണി മാറ്റി അവരുടെ പ്രയാസങ്ങൾ ദൂരീകരിക്കാനാണ്. ഇവിടെ ശ്രീ. പി.സി. ജോർജ് പറഞ്ഞു, ബംഗാളികൾ വന്ന് ഉള്ളിയും അരിയും വാങ്ങി ഭക്ഷിക്കുന്നതുകൊണ്ടാണ് വിലക്കയറ്റം ഉണ്ടാകുന്നതെന്ന്. അപ്പോൾ ഞാൻ ഓർത്തത് മുൻ അമേരിക്കൻ പ്രസിഡന്റ് ജോർജ് ബുഷിനെയാണ്. ഇന്ത്യാക്കാർ കൂടുതൽ ഭക്ഷിക്കുന്നതുകൊണ്ടാണ് ഇവിടെ വിലക്കയറ്റം ഉണ്ടാകുന്നതെന്ന് അദ്ദേഹം പറഞ്ഞിരുന്നു. അദ്ദേഹത്തിന്റെ അനുയായിയാണ് ശ്രീ. പി.സി. ജോർജ് എന്നതിൽ എനിക്ക് അങ്ങേയറ്റം ദു:ഖമുണ്ട്. ഇവിടെ ഒരു ഗുരുതരമായ കൃത്യവിലോപമോ ജനവഞ്ചനയോ ഗവൺമെന്റ് കാണിച്ചിട്ടുണ്ട്. രണ്ട് മാസം മുമ്പ് ഉത്തരവാദപ്പെട്ടവർ ഡിസംബർ മാസത്തിൽ ഇത്ര വിലയാകാൻ പോകുന്നു എന്ന് ഗവൺമെന്റിന് മുന്നറിയിപ്പ് നൽകി. എന്തുകൊണ്ട് ഇത്രയും സമയമായിട്ടും ഒരു ചെറുവിരൽ പോലും അനക്കിയില്ല എന്നുള്ളിടത്താണ് ഈ ഗവൺമെന്റ് കരിഞ്ചന്തക്കാരുടേയും പൂഴ്ത്തിവയ്പ്പുകാരുടേയും തടവറയിലാണ് എന്ന് ഞങ്ങൾക്ക് പറയേണ്ടിവരുന്നത്. മുഖ്യമന്ത്രി വിലപിച്ചല്ലോ? ആരോടാണ് അദ്ദേഹം പറഞ്ഞത്? ജനങ്ങളാണോ കരിഞ്ചന്തക്കാരേയും പൂഴ്ത്തിവയ്പ്പുകാരേയും തടയേണ്ടത്? കരിഞ്ചന്തക്കാരും പൂഴ്ത്തിവയ്പ്പുകാരും വിലസുന്നതുകൊണ്ടാണ് മാർക്കറ്റിൽ വിലക്ക

യറ്റമുണ്ടാകുന്നത് എന്നൊരു മുഖ്യമന്ത്രി വിലപിക്കുമ്പോൾ ജനങ്ങൾ ആരെയാണ് ആശ്രയിക്കേണ്ടത്? അതുകൊണ്ടു തന്നെയാണ് ജനങ്ങൾക്ക് ആശ്രയിക്കാവുന്നൊരു ഗവൺമെന്റ് ഈ സംസ്ഥാനത്ത് നിലവിലില്ല എന്ന് ഞങ്ങൾക്ക് പറയേണ്ടിവരുന്നത്. ഇവിടെ ഞങ്ങളൊരു ആവശ്യം ഉന്നയിക്കുകയാണ്, വിലക്കയറ്റം തടയാൻ ഇന്നൊരു പ്രഖ്യാപനം നടത്തണം. 62 ലക്ഷം കൂടുംബങ്ങൾക്ക് ഈ വിലക്കയറ്റം നിയന്ത്രിക്കുന്നതു വരെയെങ്കിലും രണ്ടു രൂപാ നിരക്കിൽ അരി കൊടുക്കുമെന്നൊരു പ്രഖ്യാപനം നടത്താനുള്ള മാനുഷികമായ പരിഗണനയെങ്കിലും ഈ ഗവൺമെന്റ് കാണിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ബെന്നി ബെഹനാൻ: സർ, വിലക്കയറ്റം ഒരു യാഥാർത്ഥ്യമാണ്. അതിനെ ഉൾക്കൊണ്ടുകൊണ്ടുതന്നെയാണ് ഈ ഗവൺമെന്റ് അടിയന്തര പ്രമേയ ചർച്ച അനുവദിക്കാൻ തയ്യാറായത്. പക്ഷേ ആത്മാർത്ഥ തയെപ്പോലും അംഗീകരിക്കാൻ അപ്പുറത്തുനിൽക്കുന്ന ബഹുമാനപ്പെട്ട സ്നേഹിതന്മാർ തയ്യാറാകുന്നില്ല. ശ്രീ. വി.എസ്. സുനിൽ കുമാർ അടിയ ന്തര പ്രമേയം അവതരിപ്പിച്ചുകൊണ്ട് പറഞ്ഞത് നിങ്ങൾ ഒളിച്ചോടുക എന്നാണ്. അപ്പോൾ പ്രതിപക്ഷാംഗങ്ങൾക്ക് വേണ്ടത് അടിയന്തരപ്രമേയം നിരാകരിക്കുക, വാക്കൗട്ട് നടത്തുക, പ്ലക്കാർഡ് വയ്ക്കുക, പുറത്തു പോയി സമരം ചെയ്യുക ഒക്കെയാണ്. എന്നാൽ ഞങ്ങൾ അങ്ങനെയല്ല, ഞങ്ങൾ യാഥാർത്ഥ്യബോധത്തോടുകൂടി അടിയന്തരപ്രമേയത്തിൽ പറ ഞ്ഞിരിക്കുന്ന കാര്യങ്ങൾ ഉൾക്കൊള്ളാൻ തയ്യാറായി. ശ്രീ. സി. ദിവാകരൻ പറഞ്ഞു, ഈ ഗവൺമെന്റ് വന്നതിനു ശേഷം വളരെ പ്രധാനപ്പെട്ട മൂന്ന് അടി യന്തരപ്രമേയം സഭയിൽ ചർച്ച ചെയ്യാൻ തയ്യാറായ ഗവൺമെന്റാണ്. ഞങ്ങൾക്ക് ഒളിച്ചോടേണ്ട ആവശ്യമില്ല. ഇവിടെ വിലക്കയറ്റം ഉണ്ട്. അത് ഞാൻ സമ്മതിക്കുന്നു. ഈ വിലക്കയറ്റവുമായി ബന്ധപ്പെട്ട് നമുക്ക് എന്തു ചെയ്യാൻ സാധിക്കും? സംസ്ഥാനത്ത് ഞങ്ങൾ ഭരിച്ചപ്പോൾ മാത്രമല്ല, നിങ്ങൾ ഭരിച്ചപ്പോഴും ഏത് കാലഘട്ടത്തിലും നമ്മുടെ അരിയുടെ വിലയും മറ്റു കാര്യങ്ങളും നിയന്ത്രിക്കുന്നതിന് വേണ്ടി ഏർപ്പെടുത്തിയ ചില സിസ്റ്റങ്ങളുണ്ട്. അതിൽ ഒന്നാണ് P.D.S. (Public Distribution System). ഈ ഗവൺമെന്റ് വന്നതിനുശേഷം പബ്ളിക് ഡിസ്ട്രിബ്യൂഷൻ

സിസ്റ്റം തകരാറിലായിട്ടുണ്ടോ? പി.ഡി.എസ്. മുഖേന ഒരു കാർഡ് ഉട മയ്ക്ക് വേണ്ടത് 35 കിലോ ഫുഡ് ഗ്രെയിൻസാണ്. ഇവിടത്തെ ബി.പി. എൽ. വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് 25 കിലോ അരി ഒരു രൂപയ്ക്ക് കൊടുക്കാൻ തീരുമാനിച്ച്, കൊടുക്കുന്ന ഗവൺമെന്റാണ് യു.ഡി.എഫ്. ഗവൺമെന്റ്. എ.എ.വൈ.-ൽപ്പെട്ട ഏറ്റവും ബുദ്ധിമുട്ട് അനുഭവിക്കുന്ന ആളുകൾക്ക് 35 കിലോ അരി ഈ ഗവൺമെന്റ് ഒരു രൂപയ്ക്ക് കൊടുക്കു ന്നു. എ.പി.എൽ. വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് സബ്സിഡിയും നോൺ സബ്സിഡിയും പല രീതിയിൽ കൊടുക്കുന്നുണ്ട്. സബ്സിഡിയിൽപ്പെട്ട ആളുകൾക്ക് 9 കിലോ അരി രണ്ട് രൂപയ്ക്ക് കൊടുക്കുന്നു. നോൺ സബ്സിഡിയിൽപ്പെട്ട ആളുകൾക്ക് 10 കിലോ അരി 8 രൂപ 90 പൈസയ്ക്ക് കൊടുക്കുന്നു. ഇതുകൂടാതെ പി.ഡി.എസ്. മുഖേന 20 രൂപയ്ക്ക് 10 കിലോ അരി കൊടുക്കാൻ തീരുമാനിച്ചിരിക്കുന്നു. അതിനു പുറമേയാണ് ശ്രീ. വി.ഡി. സതീശൻ ഇവിടെ സൂചിപ്പിച്ചതുപോലെ 15 കിലോ അരി എ.പി.എൽ./ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് 20 രൂപ 50 പൈസയ്ക്ക് കൊടുക്കാൻ തീരുമാനിച്ചിരിക്കുന്നത്. ഇവിടെ പല പ്പോഴും മാർക്കറ്റ് ഇന്റർവെൻഷനാണ് വേണ്ടത്. മാർക്കറ്റ് ഇന്റർവെർഷന് വേണ്ടിയാണ് സ്റ്റേറ്റ് ഗവൺമെന്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന് പണം കൊടുക്കുന്നത്. കഴിഞ്ഞ ഗവൺമെന്റ് 2007-08 കാലഘട്ടത്തിൽ 50 കോടി രൂപ, 2008-09 കാലഘട്ടത്തിൽ 105 കോടി രൂപ, 2009-10

കാലഘട്ടത്തിൽ 83 കോടി രൂപ, ഞങ്ങൾ കൊടുത്തത് 2011-12 കാലഘട്ടത്തിൽ 118 കോടി രൂപ, 2012-13 കാലഘട്ടത്തിൽ ഇപ്പോൾ കൊടുത്തിരിക്കുന്നു 85 കോടി രൂപ. ക്രിസ്തുമസ് സീസൺ വരുമ്പോൾ ഈ കൊടുത്തിരിക്കുന്ന 85 കോടി രൂപയിൽ നിന്നും 100 കോടി രൂപയിൽ കൂടുതൽ വർദ്ധിക്കും. അപ്പോൾ ഇടതുപക്ഷ മുന്നണി ഗവൺമെന്റ് ഈ സംസ്ഥാനം ഭരിച്ചപ്പോൾ മാർക്കറ്റ് ഇന്റർവെൻഷന് വേണ്ടി നിങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷന് കൊടുത്ത സാമ്പത്തിക സഹായത്തേക്കാൾ കൂടുതൽ ഈ രണ്ടുവർഷം ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് കൊടുത്തിട്ടുണ്ട്. മറ്റൊരു കാര്യം, സെൻട്രൽ ക്വാട്ടയെക്കുറിച്ച് പറഞ്ഞു. എന്റെ ബഹുമാന്യ സ്നേഹിതൻ ശ്രീ. സി. ദിവാകരൻ വളരെ ആവേശത്തോടുകൂടി പറഞ്ഞത് 2005-06-ൽ കേന്ദ്ര ഗവൺമെന്റിൽനിന്ന് 13,61,000 ടൺ അരി കിട്ടിയെന്നാണ്. അത് കേന്ദ്രത്തിൽനിന്നുള്ള അലോട്ട്മെന്റാണ്. അതിൽ കേവലം 49000 ടൺ മാത്രമാണ് നിങ്ങളെടുത്തത്. 14 ലക്ഷം അനുവദിച്ചിടത്ത് 49000 ടൺ ലിഫ്റ്റ് ചെയ്ത നിങ്ങളാണ് ഇങ്ങനെ പറയുന്നത്. ഇപ്പോൾ 60000 ടൺ ഉണ്ട്. ബഹുമാനപ്പെട്ട കേന്ദ്രമന്ത്രി പ്രൊഫ. കെ. വി. തോമസ് പറയുന്നത് ഞങ്ങൾ ഒരു ലക്ഷമാക്കി കൂട്ടി നൽകാമെന്നാണ്. ബഹുമാനപ്പെട്ട സി. ദിവാകരന്റെ അടിയന്തരപ്രമേയം വായിച്ചപ്പോൾ അദ്ദേഹം പറഞ്ഞിരിക്കുന്നത് അരി കത്തിച്ചുകളഞ്ഞു എന്നാണ്. അതിനെക്കുറിച്ച് അന്വേഷിക്കണം. ഇവിടെ ചില പത്രങ്ങൾ പർവ്വതീകരിച്ച്

പറഞ്ഞതാകും. 112000 ടൺ ഫുഡ് ഗ്രെയിൻസ് സ്റ്റോക്ക് ചെയ്യാൻ കഴിയുന്ന ഒരു ഗോഡൗണിൽ അത്രയും ഫുഡ്ഗ്രെയിൻ അവിടെ വരുന്നതിനുവേണ്ടി ക്രയവിക്രയം നടത്തിയപ്പോൾ കത്തിച്ചു എന്നുപറയുന്നത് ഒന്നര ടൺ അരിയാണ്, 1500 ടൺ അരിയല്ല. 1500 ടൺ അരി കത്തിച്ചുവെന്ന് നിങ്ങൾ പറയുന്നത് പത്രവാർത്തയുടെ അടിസ്ഥാത്തിലാണെങ്കിൽ ഈ നിയമസഭാവേദിയിൽ നിന്നുകൊണ്ട് ഞാൻ പറയുന്നത് അതിനെക്കുറിച്ച് അന്വേഷിക്കണമെന്നാണ്. 1500 ടൺ അരി കത്തിച്ചിട്ടുണ്ടെങ്കിൽ അതിനെതിരെ നടപടി സ്വീകരിക്കണം. പത്രവാർത്തയുടെ അടിസ്ഥാനത്തിൽ നിങ്ങൾ അപകടത്തിൽ ചാടരുത്. 1500 ടൺ അരി കത്തിച്ചിട്ടില്ല. കണക്കുകൾ പർവ്വതീകരിച്ചാണ് നിങ്ങൾ പറയുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ശ്രീ. ബെന്നി ബെഹനാൻ ഇതിന്റെ ആധികാരിക ആളായതുകൊണ്ടാണ് ചോദിക്കുന്നത്. അരി കത്തിച്ചുകളഞ്ഞു എന്ന വാർത്ത തെറ്റാണെങ്കിൽ ഇതു സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറുണ്ടോ?

ശ്രീ. ബെന്നി ബെഹനാൻ: നിങ്ങൾ പറഞ്ഞ കണക്ക് തെറ്റാണെന്നാണ് ഞാൻ പറഞ്ഞത്. നിങ്ങൾക്ക് കിട്ടിയ കണക്ക് 1500 ടൺ അരി കത്തിച്ചു എന്നാണ്. എന്നാൽ എനിക്ക് കിട്ടിയ കണക്കനുസരിച്ച് ഒന്നര ടൺ അരിയാണ് കത്തിച്ചത്. അതിനെക്കുറിച്ച്. ഗവൺമെന്റ് അന്വേഷിക്കട്ടെ. അരി കത്തിച്ചില്ല എന്ന് ഞാൻ പറയുന്നില്ല. ഇവിടെ കർഷകർക്ക്

നിങ്ങളുടെ കാലത്തുണ്ടായിരുന്നതിനെക്കാൾ സപ്പോർട്ടിംഗ് പ്രൈസ് കൂട്ടിയിട്ടുണ്ട്. അങ്ങനെ സപ്പോർട്ടിംഗ് പ്രൈസുൾപ്പെടെ പതിനേഴര രൂപ അരിക്കു വന്നപ്പോൾ സ്വാഭാവികമായും പതിനേഴര രൂപയേക്കാൾ കൂടിയ വില ഓപ്പൺ മാർക്കറ്റിലുണ്ടാകും. സപ്പോർട്ടിംഗ് പ്രൈസ് കൂട്ടിയത് കർഷ കരെ സഹായിക്കാൻ വേണ്ടിയാണ്. സ്വാഭാവികമായും കർഷകർക്ക് സപ്പോർട്ടിംഗ് പ്രൈസ് കൂട്ടിയതിന്റെ അടിസ്ഥാനത്തിൽ അരിയുടെ വില യിൽ വർദ്ധനവുണ്ടായിട്ടുണ്ട്. നമുക്ക് ചില കാര്യങ്ങൾക്ക് മറ്റു സംസ്ഥാന ങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. നമ്മൾ ഏറ്റവും കൂടുതൽ ആശ്ര യിക്കുന്നത് കർണ്ണാക സംസ്ഥാനത്തെയാണ്. കേരളീയർക്ക് ഇഷ്ടപ്പെട്ട ചുവന്ന അരി കർണ്ണാടക സംസ്ഥാനം നിരോധിച്ചു. ഉല്പാദനം നിർത്തിയതിനാൽ നമുക്ക് അരി ലഭിക്കുന്നില്ല. തമിഴ്നാടുമായി കാവേരി പ്രശ്നമുൾപ്പെടെയുള്ള പ്രശ്നങ്ങളുള്ളതിനാൽ അവിടെ നിന്നും അരി ലഭിക്കുന്നില്ല. ആന്ധ്രപ്രദേശിലെ അരി കയറ്റുമതി ചെയ്യുന്നു. നമുക്ക് ലഭിച്ചുകൊണ്ടിരുന്ന സംസ്ഥാനത്തുനിന്നും അരി കയറ്റുമതി ചെയ്യുമ്പോൾ സ്വാഭാവികമായും കേരളത്തിൽ അരി ലഭിക്കുന്നില്ല. അതുകാരണം ഓപ്പൺ മാർക്കറ്റിൽ വില കൂടിയെന്ന യാഥാർത്ഥ്യം അംഗീകരിക്കണമെ ന്നാണ് പറഞ്ഞത്. മറ്റൊരു കാര്യം കേരളത്തിനാവശ്യമായ സാധനങ്ങൾ സൂക്ഷിക്കുന്നതിനാവശ്യമായ സ്റ്റോറേജ് നമുക്കില്ല. സ്റ്റോറേജ് സൗകര്യം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. നമുക്ക് 130000 ടൺ അരിയെങ്കിലും ഒരു മാസത്തേയ്ക്ക് ആവശ്യമുണ്ട്. എഫ്.സി.ഐ

ഗോഡൗണിൽ 5 ലക്ഷം ടൺ അരി സൂക്ഷിക്കുന്നതിനുമാത്രമേ സാധിക്കുന്നുള്ളൂ. ഇപ്പോഴത്തെ കപ്പാസിറ്റി അനുസരിച്ച് 90000 ടൺ അരി സൂക്ഷിക്കാനുള്ള സൗകര്യമേയുള്ളൂ. ഇത് വർദ്ധിപ്പിക്കണമെന്ന് ശ്രീ. വി.ഡി സതീശൻ പറഞ്ഞപ്പോൾ ഇത് പുതിയ നിർദ്ദേശങ്ങളാണോയെന്ന് ചോദിക്കുന്നുണ്ട്. സ്വാഭാവികമായും സ്റ്റോറേജ് വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. മറ്റൊരു കാര്യം കേരളത്തിൽ അരിയുടെ വില വർദ്ധിച്ചതിനെക്കുറിച്ച് അന്വേഷിച്ച് കരിഞ്ചന്തയും പൂഴ്ത്തിവയ്പുമുണ്ടെന്ന് മനസ്സിലായപ്പോൾ അത് പറയാനുള്ള സത്യസന്ധത ബഹുമാനപ്പെട്ട മുഖ്യമന്ത്രി കാണിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ആത്മാർത്ഥതയാണ് ഇത് കാണിക്കുന്നത്. അരിയുടെയും നിത്യോപയോഗ സാധനങ്ങളുടെയും വില വർദ്ധിച്ചപ്പോൾ ഈ സത്യസന്ധത കാണിക്കാതെ 'നിങ്ങൾ മുട്ട കഴിക്കൂ കോഴിയിറച്ചി കഴിക്കൂ' എന്നു പറഞ്ഞ് ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞുമാറിയ ആളല്ല ബഹുമാനപ്പെട്ട മുഖ്യമന്ത്രി. അദ്ദേഹമായതുകൊണ്ട് ഞാൻ അത്രയേ പറയുന്നുള്ളൂ.

<u>ശ്രീ. സി. ദിവാകരൻ</u>: അങ്ങ് കോഴിയും മുട്ടയും കഴിക്കാത്ത സസ്യഭുക്കാണെന്ന് എനിക്കറിയാം. വേറെ എന്തോ പറയാനുണ്ടെന്ന് പറഞ്ഞതുകൂടി പറഞ്ഞിട്ട് അടുത്തതിലേയ്ക്ക് പോകാം. അല്ലാതെ അങ്ങയുടെ സൗജന്യം എനിക്കാവശ്യമില്ല.

<u>ശ്രീ. ബെന്നി ബെഹനാൻ</u>: അങ്ങയെപ്പോലെ പ്രതിപക്ഷത്തെ ബഹുമാന്യനായ വ്യക്തിയെക്കുറിച്ച് ഒരാക്ഷേപവും പറയാൻ ഞാനില്ല.

അദ്ദേഹം പറഞ്ഞത് ഞാൻ പറഞ്ഞുവെന്നേയുള്ളൂ. അങ്ങനെ പറഞ്ഞൊഴിയാൻ ബഹുമാന്യനായ ശ്രീ. ഉമ്മൻ ചാണ്ടി തയ്യാറായില്ല. നിങ്ങൾ എന്തുകൊണ്ട് നടപടി സ്വീകരിക്കുന്നില്ലെന്ന് പലരും സംശയിച്ചു. നടപടി സ്വീകരിക്കുകതന്നെ ചെയ്യും. ഇവിടത്തെ കരിഞ്ചന്തക്കാരെയും കള്ളക്കടത്തുകാരെയും പിടിക്കാനുള്ള ആർജ്ജവം ഈ ഗവൺമെന്റിനുണ്ട്. പ്രതിപക്ഷം മാത്രമല്ല ബഹുമാനപ്പെട്ട ചീഫ് വിപ്പ് പി. സി. ജോർജും അത് മനസ്സിലാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അങ്ങനെ ഒരു ഗവൺമെന്റ് ചെയ്യേണ്ട കാര്യങ്ങളെല്ലാം ചെയ്യുന്നുണ്ട്. പി.ഡി.എസ് സമ്പ്രദായത്തിന് തകരാറുണ്ടാക്കുകയോ കേന്ദ്രത്തിൽ നിന്നുള്ള ക്വാട്ട കുറയുകയോ ചെയ്തിട്ടില്ല. മാർക്കറ്റ് ഇന്റർവെൻഷനുവേണ്ടി നിങ്ങൾ കൊടുത്തതിനെക്കാൾ കൂടുതൽ പണം കൊടുത്തു. നിങ്ങളുടെ കാലഘട്ടത്തിൽ ലഭിച്ചതിനെക്കാൾ കൂടുതൽ സെൻട്രൽ ക്വാട്ട ലഭിക്കുന്നു. അതുപോലെ പച്ചക്കറിയുടെ കണക്കും എന്റെ കൈയിലുണ്ട്. പൊതുവിപണിയിലുള്ള വിലയെക്കാൾ കുറഞ്ഞ വിലയിൽ ഹോർട്ടികോർപ്പിലൂടെ പച്ചക്കറി വിതരണം ചെയ്യുന്നുണ്ട്. മറ്റെല്ലാ സംസ്ഥാനങ്ങളിലും വില വർദ്ധിച്ചപ്പോൾ ആ വില വർദ്ധനവ് ഇവിടെയുമുണ്ടായിട്ടുണ്ട്. ആ വില വർദ്ധനവുണ്ടായപ്പോൾ കേരളത്തിലെ മുഴുവൻ ജനങ്ങളെയും വിശ്വാസത്തിലെടുത്ത് പരിഹാര മാർഗ്ഗങ്ങൾ ആരായുന്നതിനുവേണ്ടി ശ്രമിക്കുന്ന ഗവൺമെന്റിന് പിന്തുണ നൽകുന്നതിനുപകരം അതിൽ രാഷ്ട്രീയം കലർത്തി ഇതിനെ നിങ്ങൾ തെറ്റിദ്ധരിപ്പിക്കരുതെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. ജെയിംസ് മാത്യു</u>: സർ, ഈ അടിയന്തര പ്രമേയം ചർച്ച ചെയ്യുന്നതിനുവേണ്ടി ഗവൺമെന്റ് തീരുമാനിച്ചതിനെ സ്വാഗതം ചെയ്യുകയാണ്. എനിക്കുമുമ്പ് സംസാരിച്ച അംഗങ്ങൾ സൂചിപ്പിച്ചതുപോലെ ഈ ഗ്യാലറിയിൽ ദൃശ്യമാധ്യമങ്ങൾ അനുവദിക്കപ്പെട്ടിരുന്നുവെങ്കിൽ കേരളത്തിലെ മുഴുവൻ ജനങ്ങളും ഭരണ പക്ഷത്തിരിക്കുന്ന ബഹുമാന്യരായ അംഗങ്ങൾ പറഞ്ഞ ഓരോ വാക്കും സശ്രദ്ധം ശ്രദ്ധിക്കുമായിരുന്നു. ഹരിത എം.എൽ.എ. മാർ എന്ന നിലയിൽ തങ്ങളെ വിശേഷിപ്പിക്കുന്നതിൽ അഭിമാനിക്കുന്ന ചെറുപ്പക്കാരായ കോൺഗ്രസിന്റെയും യു.ഡി.എഫ്-ന്റെയും എ.എൽ.എ മാരുടെ ചാമ്പ്യൻ സ്ഥാനത്തുനിൽക്കുന്ന എന്റെ സുഹൃത്ത് ശ്രീ. വി.ഡി. സതീശനാണ് ചർച്ച തുടങ്ങി വച്ചത്. ഹരിത എം.എൽ.എ-യുടെ ഹരിത വീക്ഷണങ്ങളൊന്നും കേരളത്തിലെ 4 കോടിയോളം വരുന്ന ജനങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട ജീവിത പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്ന ഈ അടിയന്തരപ്രമേയവുമായി ബന്ധപ്പെട്ട് അദ്ദേഹം പറയുന്നത് കേട്ടില്ല. എന്തിനും ഏതിനും ഉത്തേജക ഔഷധം കഴിച്ച വീര്യത്തോടുകൂടി ഞങ്ങളോട് പെരുമാറാറുള്ള ചീഫ് വിപ്പ് പി.സി. ജോർജും വളരെ ശാന്തനും സൗമ്യനുമായിരുന്നു. ഈ അടിയന്തര പ്രമേയത്തിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഭരണപക്ഷത്തുനിന്ന് ശ്രീ. ബെന്നി ബെഹനാനാണ് ആവേശത്തോടെ സംസാരിച്ചത്. എനിക്ക് അദ്ദേഹത്തിന്റെ ആവേശം കണ്ടപ്പോൾ നമ്മുടെ സുഹൃത്ത് രാജേന്ദ്രന്റെ ഒരു തമിഴ്

ചൊല്ലാണ് ഓർമ്മ വരുന്നത്. 'ഞാൻ നിനച്ചാൽ വിടമാട്ടേൻ. ആനാൽ ഉയിരെ പോനാലും നിനയ്ക്കമാട്ടേൻ'. അതാണ് ഈ സർക്കാർ. വിചാരിച്ചാൽ എന്തും ചെയ്യും. ശ്രീ. ബെന്നി ബെഹനാൻ സംസാരിക്കുന്നതുകേട്ടാൽ 'പിടിക്കും ഇപ്പോൾത്തന്നെ ശരിപ്പെടുത്തും പക്ഷേ ഞാൻ വിചാരിക്കില്ല' എന്ന തരത്തിലാണ്. ഇവർ വിചാരിക്കുന്നത് ഞങ്ങളെ ശരിപ്പെടുത്തുന്ന കാര്യം മാത്രമാണ്. ഇന്നലെ ഇവിടെ ഒരു അടിയന്തരപ്രമേയം വന്നിരുന്നു. അതിന്റെ ഉള്ളടക്കത്തെക്കുറിച്ച് ഞാൻ ആവർത്തിക്കുന്നില്ല. പക്ഷേ എനിക്ക് അതിനോട് കൂട്ടിച്ചേർത്ത് ഒന്നു രണ്ടുകാര്യങ്ങൾ കൂടി പറയാനുണ്ട്. എനിക്ക് അതിനോടുകൂട്ടിച്ചേർത്ത് ഒന്നുരണ്ട് കാര്യങ്ങൾ പറയാനുണ്ട്. എന്റെ പുറകിലിരിക്കുന്ന ശ്രീ. റ്റി. വി. രാജേഷ് കേസ്സിൽ പ്രതിയാണ്. ഞാൻ കേസ്സിൽ ഒന്നാം പ്രതിയാണ്. എന്റെ തൊട്ടടുത്തിരിക്കുന്ന ശ്രീ. സി. കൃഷ്ണൻ കേസ്സിൽ ഒന്നാം പ്രതിയാണ്. തൊട്ടടുത്ത് ശ്രീ. കെ. കെ. നാരായണൻ കേസ്സിൽ ഒന്നാം പ്രതിയാണ്. ശ്രീ. എളമരം കരിം കേസ്സിൽ നാലാം പ്രതിയാണ്. ഈ നിയമസഭയ്ക്കകത്തെ പ്രതിപക്ഷാംഗങ്ങളെ മുഴുവനും ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് 16 മാസത്തിനകം എത്ര കേസ്സിൽ പ്രതികളാക്കി? നിങ്ങൾ ചുരുങ്ങിയ പക്ഷം മണലിന്റെ സ്റ്റാറ്റസെങ്കിലും അരിക്ക് കൊടുക്കണം. മണൽ പിടിക്കാൻ രാവിലെ കളക്ടർ പോകുന്നു. ഈ അടിയന്തരപ്രമേയം ചർച്ച ചെയ്തുകൊണ്ട് എല്ലാവരും പറയുന്നത്,

അതിനെല്ലാം ആവശ്യമായ നടപടി സ്വീകരിക്കണമെന്നാണ്. മണൽ പിടിക്കാൻ കാണിക്കുന്ന ജാഗ്രതയെങ്കിലും അരിയുടെ പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും തടയാൻ നിങ്ങൾ കാണിച്ചിരുന്നെങ്കിൽ കേരളത്തിലെ ജനങ്ങൾ പട്ടിണി കൂടാതെ ജീവിക്കുമായിരുന്നു. അതെന്താണ് ഈ ഗവൺമെന്റിന് തോന്നാത്തത്? ഇടതുപക്ഷ ജനാധിപത്യമുന്നണി 5 വർഷം ഭരിച്ചു. ആ ഗവൺമെന്റിന്റെ ഭരണം പോരെന്ന് തോന്നിയതുകൊണ്ടാണല്ലോ നിങ്ങൾ വന്നത്. നിങ്ങൾ കേരളത്തിലെ ജനങ്ങളോട് പറഞ്ഞതെന്താണ്? ഞാൻ ബഹുമാന്യനായ മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. തെരഞ്ഞെടുപ്പ് ഘട്ടത്തിൽ പ്രകടനപത്രികയിൽ അങ്ങും അങ്ങയുടെ മുന്നണിയും പ്രിന്റ് ചെയ്ത് നാലുകോടിയോളം വരുന്ന കേരളീയ ജനതയ്ക്ക് മുമ്പിൽ അവതരിപ്പിച്ച കാര്യം നടപ്പിലാക്കാൻ ഈ ഗവൺമെന്റ് തയ്യാറുണ്ടോ? ഒരൊറ്റ കാര്യമേയുള്ളൂ. എ.പി.എൽ. കാർക്ക് 2 രൂപയ്ക്ക് 35 കിലോ അരി കൊടുക്കുമെന്ന് നിങ്ങൾ പറഞ്ഞതാണ്. നിങ്ങളുടെ പ്രകടനപത്രികയിലുണ്ട്. ആ പ്രകടനപത്രികയുടെ കവറിംഗ് പേജിൽ 25 കിലോ എന്നും അതിന്റെ അകത്തേയ്ക്ക് മറിച്ച് നോക്കിയാൽ 2 രൂപയ്ക്ക് എ.പി.എൽ. കാർക്ക് 35 കിലോ അരി കൊടുക്കുമെന്നുമാണ്. ബി.പി.എൽ. കാർക്ക് ഒരു രൂപയ്ക്കും ആവശ്യത്തിന് അരി കൊടുക്കും. ഇതുപോലെയെല്ലാം കൊടുത്തുവരുന്നുവെന്നാണല്ലോ ശ്രീ. ബെന്നി ബെഹനാൻ പറയുന്നത്. ഇവിടെ ഒരൊറ്റ കാര്യം പറഞ്ഞാൽമതി. സഭാരേഖകളിലുള്ള ശ്രീ. ബെന്നി

ബെഹനാൻ വിശദീകരിച്ച വിധത്തിൽ അരി കേരളത്തിലെ ജനങ്ങൾക്ക് കൊടുക്കുന്നുണ്ടെന്ന് രണ്ട് ദിവസത്തിനകം ഈ സഭയുടെ വെള്ളിയാഴ്ചത്തെ സഭാസമ്മേളനത്തിലെങ്കിലും ഉറപ്പിച്ച് പറയുവാനുള്ള തന്റേടമുണ്ടോ? ഞാൻ വെല്ലുവിളിക്കുകയാണ്. അതൊന്നുമില്ലാതെ അരി വില വർദ്ധിച്ചതിനെപ്പറ്റി പേർത്തും പേർത്തും പറഞ്ഞിട്ട് കാര്യമില്ല. ശ്രീ. വി. ഡി. സതീശനെപോലുള്ള ആളുകൾ സൗമ്യമായി പറഞ്ഞു ശ്രീ. ബെന്നി ബെഹനാൻ ആക്രോശിച്ചുകൊണ്ട് പറഞ്ഞു ഉള്ളടക്കം ഒന്നുതന്നെയായിരുന്നു നെല്ലിന് താങ്ങുവില വർദ്ധിച്ചു; കൃഷിക്കാർക്ക് വില വേണ്ടന്ന് നിങ്ങൾ പറയുമോ? കൃഷിക്കാർക്ക് വില കൊടുക്കണം. 5.5 രൂപയായിരുന്നു ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് വരുന്നതിനുമുമ്പ് കേരളത്തിൽ നെല്ലിന്റെ താങ്ങുവില. ഗവൺമെന്റ് വന്ന പ്രാരംഭഘട്ടത്തിൽ അത് 7 രൂപയായിരുന്നു. ആ ഗവൺമെന്റ് അധികാരത്തിൽ നിന്ന് പോകുമ്പോൾ ഒരു കിലോ നെല്ലിന് എത്ര രൂപവച്ച് എടുത്തെന്ന് നിങ്ങൾ പറയൂ. 14 രൂപ കൊടുക്കാൻ ആ ഗവൺമെന്റ് തയ്യാറായി. 14 രൂപയ്ക്ക് നെല്ല് വാങ്ങിയപ്പോഴും ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് 5 വർഷക്കാലം 13 ഐറ്റം സാധനങ്ങൾക്ക് വിലവർദ്ധിപ്പിച്ചില്ല. നിങ്ങൾക്ക് പറയാൻ സാധിക്കുമോ? എങ്ങനെയാണ് പറയാൻ സാധിക്കുന്നത്? ഒരു ഭാഗത്ത് നെല്ലിന്റെ താങ്ങുവില 7 രൂപയിൽ നിന്ന് 14 രൂപയായി വർദ്ധിപ്പിച്ചു. 2 കിലോ നെല്ല്

വാങ്ങി പുഴുങ്ങി കുത്തി ഉണക്കി ജനങ്ങൾക്ക് കൊടുത്തത് 2 രൂപയ്ക്കാണ്. 30 രൂപയിലധികം ചെലവ് വരുന്ന 2 കിലോ നെല്ല് പുഴുങ്ങി കുത്തി ഉണക്കി അരിയാക്കി അത് 2 രൂപയ്ക്ക് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് കൊടുത്തു. കൃഷിക്കാരന് 7 രൂപയെന്നത് 14 രൂപയാക്കി. നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്തുള്ളതിൽ നിന്ന് മറിച്ച് 2 രൂപയാക്കി. അപ്പോൾ നിങ്ങൾ ഒരു ചോദ്യം ചോദിച്ചു. എന്തേ ഈ 2 രൂപ തുടക്കം മുതൽ കൊടുക്കാത്തത് എന്ന്.; ശരിയാണ്. ആ ഗവൺമെന്റ് അവസാനഘട്ടത്തിലാണത് പറഞ്ഞത് കൊടുക്കാമെന്ന്. എന്തുകൊണ്ടാണ് കൊടുക്കാതിരുന്നത്? ആ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിനിടയാക്കിയ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി മുന്നോട്ടുവച്ച പ്രകടന പത്രികയിൽ അത്തരമൊരു വാഗ്ദാനം ഞങ്ങൾ ചെയ്തില്ല. എന്താണ് കാര്യം? കാലിയായ ഖജനാവ്. ആ ഖജനാവുമായി അധികാരത്തിൽ വരുന്ന ഒരു ഗവൺമെന്റിന് എന്ത് വാഗ്ദാനം ചെയ്യാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കേണ്ടത്. പക്ഷേ, 5 വർഷം കൊണ്ട് ആ ഗവൺമെന്റ് എടുത്ത നിലപാട് എന്തായിരുന്നു? കാലിയായ ഖജനാവിനകത്ത് മതിയാവോളം തുക പിരിച്ചെടുത്ത് നിക്ഷേപമുണ്ടാക്കി. ആ പണം കൊണ്ട് എല്ലാ വിഭാഗം ആളുകൾക്കും..... കർഷക തൊഴിലാളികളുടെ പെൻഷൻ വർദ്ധിപ്പിച്ചു. നിങ്ങൾ 37 മാസം കുടിശ്ശികയാക്കി പോയതാണ്. 60 മാസം ഭരിച്ച ഇടതുപക്ഷ ജനാധിപ

ത്യമുന്നണി ഗവൺമെന്റ് കുടിശ്ശികയും 5 വർഷത്തെ പെൻഷനും ചേർത്ത് 97 മാസത്തെ പെൻഷൻ കൊടുത്തു. നിങ്ങൾ എത്ര മാസമായി കൊടുക്കാതിരിക്കുന്നു? ഈ ഗവൺമെന്റ് എത്രമാസമായി പാവപ്പെട്ട കർഷക തൊഴിലാളികളുടെ പെൻഷൻ കൊടുക്കാതിരിക്കുന്നു. ആർക്കെ ങ്കിലും കെടുക്കുന്നുണ്ടോ; ആർക്കും കൊടുക്കുന്നില്ല. മുനിസിപ്പാലിറ്റി കൾക്കും കോർപ്പറേഷനും കൊടുത്ത കോടിക്കണക്കിന് രൂപ ഗവൺമെന്റിൽ നിന്ന് കിട്ടാൻ ബാദ്ധ്യതയായി നിൽക്കുന്നു; വികസന പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നു. നിങ്ങൾക്ക് ചെയ്യാൻ സാധിക്കില്ല. നിങ്ങൾ ഒരു കാര്യം സമ്മതിച്ചാൽ മതി. പതിവുപോലെ ബഹുമാന്യനായ മുഖ്യമന്ത്രി മാപ്പപേക്ഷ സമർപ്പിക്കും. അങ്ങയുടെ ഏറ്റവും ഫസ്റ്റ് ലെഫ്റ്റ നന്റ് അദ്ദേഹവും അങ്ങയെ കണ്ട് പഠിച്ചിട്ടുണ്ട്. എന്തിനും ഏതിനും മാപ്പ പേക്ഷ. ഞങ്ങളോട് ചോദിക്കണ്ട. ഈ കേരളത്തിലെ ജനങ്ങളോട് നിങ്ങൾ മാപ്പ് അപേക്ഷിക്കൂ. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഭരിച്ച കാലത്തേക്കാൾ മെച്ചപ്പെട്ട നിലയിൽ കുറഞ്ഞ വിലയ്ക്ക് അരിയുൾപ്പെടെ നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യാൻ സാധിക്കുമെന്ന വിശ ്വാസത്തോടും പ്രതീക്ഷയോടും കൂടിയാണ് ഞങ്ങൾ ഭരണം ഏറ്റെടുത്തത്, ഞങ്ങൾക്ക് അതിന് സാധിച്ചില്ല, ഞങ്ങളോട് മാപ്പാക്കണമെന്ന് ജനങ്ങ ളോട് പറയൂ. ഞങ്ങളോട് പറയണ്ട, അതിനുപകരം ഈ നാലും മൂന്നും ആളെ വച്ച് ഇതുപോലുള്ള വാദപ്രതിവാദങ്ങൾ നടത്തി ഞങ്ങളെ തോൽപ്പിക്കാനാണ് ശ്രമിക്കുന്നതെങ്കിൽ......

മി. സ്പീക്കർ : യെസ്..............കൺക്ലൂഡ്.....

ശ്രീ. ജെയിംസ് മാത്യു: ഞങ്ങളല്ല തോൽക്കുന്നത്, കേരളത്തിലെ ജനങ്ങളാണ് തോൽക്കുന്നത്. നിങ്ങൾ ജനങ്ങളെ തോൽപ്പിക്കരുത്.

മി. സ്പീക്കർ: യെസ്...............

ശ്രീ. ജെയിംസ് മാത്യു: ജനങ്ങളെ തോൽപ്പിക്കാൻ ഇറങ്ങിപ്പുറപ്പെടരുതെന്ന് വിനയപൂർവ്വം പറയുകയാണ്. അതിനല്ല നിങ്ങൾ തയ്യാറാകുന്നതെങ്കിൽ പ്രതിപക്ഷത്തെ എങ്ങനെ മൂലയ്ക്കിരുത്താൻ സാധിക്കുമെന്ന് കേസ്സും വിജിലൻസും കൊണ്ട് നിങ്ങൾ നടത്തുന്ന ഓരോ ശ്രമത്തേയും അർഹിക്കുന്ന ഗൗരവത്തോടു കൂടി നേരിടാനുള്ള പ്രാപ്തി ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കുണ്ടെന്ന് നിങ്ങൾ ഓർമ്മിക്കണമെന്ന് പറഞ്ഞു കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ, ഈ വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്താണ് ചർച്ചയ്ക്ക് ഗവൺമെന്റ് തയ്യാറായത്. അരിയുടെ വില വർദ്ധിച്ചിട്ടുണ്ടെന്ന യാഥാർത്ഥ്യത്തിൽ നിന്നും നമുക്ക് മാറി നിൽക്കാൻ കഴിയില്ല. അത് ഗവൺമെന്റും അംഗീകരിക്കുന്നുണ്ട്. ഈ ചർച്ചയെ പ്രതിപക്ഷാംഗങ്ങളും സ്വാഗതം ചെയ്തു. ഗവൺമെന്റിന് ഇക്കാര്യത്തിൽ ഒന്നും മറച്ചുവയ്ക്കാനില്ലാത്തതുകൊണ്ടാണ് ഈ വിഷയത്തെക്കുറിച്ച് പൊതുവായ ചർച്ച വേണമെന്ന് തീരുമാനമെടുത്തത്. ഇവിടെ സംസാരിച്ചുവന്ന കൂട്ടത്തിൽ ഡോ. ടി.എം. തോമസ് ഐസക്, ശ്രീ. വി.എസ്. സുനിൽകുമാർ തുടങ്ങിയവർ അഴിമതിയുടെ ചില പരാമർശങ്ങളിലേക്കും കടന്നുപോയി. ഇവിടെ അരിയുടെ വില വർദ്ധിക്കാനുള്ള കാരണം പൊതുവിതരണ വകുപ്പിൽ കടന്നുകൂടിയിട്ടുള്ള അഴിമതിയാണെന്ന തരത്തിലുള്ള ചില പരാമർശങ്ങളാണ് അവർ നടത്തിയത്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരിച്ച കാലത്തും അരിയുടെ വില വർദ്ധിച്ചിട്ടുണ്ട്. ആ സന്ദർഭത്തിൽ ബംഗാളിൽ നിന്ന് അരി എത്തിക്കുകയാണ് നിങ്ങൾ ചെയ്തത്. ആ സമയം അരിയുടെ വില വർദ്ധിച്ചത് അഴിമതിയുടെ പശ്ചാത്തലത്തിൽ ആയിരുന്നോ; അന്ന് അരിവില വർദ്ധിച്ചുവെന്ന് നിങ്ങൾ തന്നെ സമ്മതിച്ചതാണ്. ബംഗാളിൽ നിന്ന് അരി എത്തിച്ച് അരിവില നിയന്ത്രണ വിധേയമാക്കി. ഇവിടെ പരത്തി പറയുന്നത് കേട്ടു. കേരള കോൺഗ്രസ്സുകാർ കൗണ്ടർ വച്ചെന്ന്. ഇന്നയിന്ന കാര്യങ്ങൾ

ചെയ്തെന്ന് സ്പെസഫിക്ക് ആയി പറയൂ. ...................(ബഹളം)..............പരത്തിപ്പറയരുത്,.......... ...................(ബഹളം).......

മി. സ്പീക്കർ : ശ്രീ. അനൂപ് ജേക്കബ് ഇങ്ങോട്ട് നോക്കി പറഞ്ഞാൽ മതി. ...................(ബഹളം)...............യെസ്...........

ശ്രീ. അനൂപ് ജേക്കബ് : ഇന്നയിന്ന കാര്യങ്ങൾ ചെയ്തെന്ന് സ്പെസഫിക്ക് ആയി പറഞ്ഞാൽ അതന്വേഷിക്കും. അടിസ്ഥാനരഹിതമായ കാര്യങ്ങൾ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന നിലയിലേക്ക് മാറിപ്പോകുന്നു. ജനങ്ങൾക്ക് ഭയായനകമായ സാഹചര്യത്തിലേക്കാണ് കാര്യങ്ങൾ പോകുന്നത്. ഭക്ഷ്യക്ഷാമം ഉണ്ടാകാൻ പോകുന്നു, അരിവില കുതിച്ചുയർന്ന് അരി കിട്ടാനില്ലത്ത സാഹചര്യങ്ങളിലേക്ക് പോകുന്നു തുടങ്ങി കാര്യങ്ങൾ പ്രചരിപ്പിച്ച് ജനങ്ങളെ പരിഭ്രാന്തരാക്കുന്ന തലത്തിലേക്ക് പലപ്പോഴും കാര്യങ്ങൾ മാറിപ്പോകുന്നു. ...................(ബഹളം)...............

മി. സ്പീക്കർ : നിങ്ങൾ ഇത്രയും സമയം പഞ്ഞതെല്ലാം മന്ത്രി കേട്ടുകൊണ്ടിരുന്നില്ലേ. അദ്ദേഹത്തിന് മറുപടി പറയണ്ടേ; ജനാധിപത്യ മര്യാദ വേണ്ടേ? നിങ്ങൾ പല ശബ്ദത്തിലും താളത്തിലുമൊക്കെ വകുപ്പിനും മന്ത്രിക്കും ഗവൺമെന്റിനുമെതിരെ സംസാരിച്ചു. അത് കേൾക്കുകയെന്നുള്ളതാണ് ജനാധിപത്യം. അദ്ദേഹത്തിന് മറുപടി പറയണ്ടേ; പ്ലീസ്.................

ശ്രീ. അനൂപ് ജേക്കബ് : റെയ്ഡുകൾ നടത്തിയോ എന്ന് ഡോ. ടി. എം. തോമസ് ഐസക് ചോദിച്ചു. നവംബർ മാസം വരെ 17,945 റെയ്ഡുകളാണ് പൊതുവിപണിയിൽ നടത്തിയിട്ടുള്ളത്. വെറുതെ പറയുന്നതല്ല, രേഖകളുടെ അടിസ്ഥാനത്തിൽ നിയസഭയിൽ പറയുന്ന കാര്യങ്ങളാണ്. 2436 റേഷൻ കടകളിൽ റെയ്ഡ് നടത്തി. 1219 കടകൾക്കെതിരെ ആക്ഷനെടുക്കുകയും 8 കടകൾ സസ്പെന്റ് ചെയ്യുകയും ചെയ്തു. 150 ഹോൾസെയിൽ കടകളിൽ റെയ്ഡ് നടത്തി. ക്രമക്കേടുകൾ കണ്ട 74 ഹോൾസെയിൽ കടകൾക്കെതിരെ ആക്ഷനെടുത്തു. കെറോസിൻ ഹോൾസെയിൽ കടകളിൽ 98 ഇൻസ്പെക്ഷൻസ് നടത്തി. ഇതിൽ 52 കടകൾക്കെതിരെ ആക്ഷനെടുത്തു. കഴിഞ്ഞ 5 മാസത്തിനിടയ്ക്ക് സപ്ലൈകോയിൽ 45 റെയ്ഡുകൾ നടത്തി. അതിൽ 2 മില്ലുകൾക്കെതിരെ ക്രിമിനൽ നടപടികൾ സ്വീകരിച്ചുവരികയാണ്. വാർത്തകളിൽ കൂടുതൽ ഇടം പിടിച്ച കസ്റ്റമിൽ റൈസ്. കുത്തരി മറിച്ചുവിൽക്കുന്നു, അത് റേഷൻ കടകളിൽ എത്തുന്നില്ലെന്നുള്ളതായിരുന്നു പല സന്ദർഭങ്ങളിലും വാർത്തകളിൽ സ്ഥാനം പിടിച്ചത്. അതിന്റെ അടിസ്ഥാനത്തിലൊക്കെയാണ് 2 മാസം മുമ്പ് നാലംഗ ടീമിനെ നിയോഗിച്ചത്. അവർ ഇൻസ്പെക്ഷൻസ് നടത്തുകയാണ്. ഏതെങ്കിലും തരത്തിൽ അരി മാറിപ്പോകുന്നുണ്ടോയെന്നറിയാൻ സപ്ലൈകോയുമായി കോൺട്രാക്ടുള്ള മില്ലുകളിൽ നിരന്തരമായി പരിശോധന നടത്തുകയാണ്. ഇക്കാര്യങ്ങൾ സുതാര്യമാക്കി

മുന്നോട്ടുകൊണ്ടുപോകാൻ വേണ്ടിയാണ് ഇത്തരത്തിലുള്ള റെയ്ഡുകളും ഇൻസ്പെക്ഷൻ ടീമും സംഘടിപ്പിച്ചിരിക്കുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അങ്ങ് ധാരാളം റെയ്ഡുകളും മറ്റും നടത്തിയെന്ന് ഇവിടെ അവകാശപ്പെട്ടു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരസ്യമായി പറഞ്ഞു ഇവിടെ പൂഴ്ത്തിവയ്പ് നടക്കുന്നതുകൊണ്ടാണ് ഈ ക്ഷാമമുണ്ടായിരിക്കുന്നത്, ഇത് കൃത്രിമ ക്ഷാമമാണെന്ന്. ഇതിനു വേണ്ടി ഏതെങ്കിലും ഒരാളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇങ്ങനെ പൂഴ്ത്തി വച്ച ഏതെങ്കിലും സാധനം പിടിച്ചെടുത്തിട്ടുണ്ടോ; അതുസംബന്ധിച്ച എന്തെങ്കിലും കണക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പിലുണ്ടോ?

ശ്രീ. അനൂപ് ജേക്കബ്: സർ, ഇവിടെ 17945 റെയ്ഡുകൾ നടത്തി. അതിൽ 6247 കിലോ അരി പിടിച്ചെടുത്തിട്ടുണ്ട്. 447 എൽ.പി.ജി. സിലിണ്ടറുകൾ പിടിച്ചെടുത്തിട്ടുണ്ട്. പൊതുവിപണിയിൽ ഇത്തരത്തിലുള്ള സാഹചര്യങ്ങളോ പൂഴ്ത്തിവയ്പുകളോ ഉണ്ടെങ്കിൽ ഗവൺമെന്റ് കർശനമായ നിലയിൽ പരിശോധനകൾ നടത്തുന്നുണ്ടെന്നാണ് ഞാൻ സൂചിപ്പിച്ചത്. ഇത്തരത്തിലുള്ള സാഹചര്യങ്ങൾ ഇനി ആവർത്തിക്കുവാൻ പാടില്ല. അതുകൊണ്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അക്കാര്യം വളരെ വ്യക്തമായി പറഞ്ഞത്. പൂഴ്ത്തിവയ്പടക്കമുള്ള വിഷയങ്ങളാണ് വിലവർദ്ധനവിന് കാരണമെങ്കിൽ തീർച്ചയായും ഈ പരിശോധനകൾ കൂടുതൽ കർശനമായ നിലയിൽ മുമ്പോട്ടുകൊണ്ടുപോകാനാണ് ഗവൺമെന്റ് ഉദ്ദേശിക്കു

ന്നത്. ............(ബഹളം)......... എന്നെ സംസാരിക്കാൻ അനുവദിക്കണം. ഞാൻ പറയുന്നത് നിങ്ങൾ കേൾക്കൂ............(ബഹളം)............

മി. സ്പീക്കർ: നിങ്ങൾക്ക് ബഹളമുണ്ടാക്കണോ അതോ മന്ത്രിയുടെ മറുപടി കേൾക്കണോ?............(ബഹളം)............ ഇതൊന്നും ശരിയല്ല ......(ബഹളം)............

ശ്രീ. അനൂപ് ജേക്കബ്: സർ, ഇവിടെ മുളങ്കുത്തുകാവ് ഡിപ്പോയിൽ അരി നശിപ്പിച്ചുവെന്നതാണ് ഇവർ ഇവിടെ ഉയർത്തിപ്പിടിച്ചുകൊണ്ടുവന്നത്. ...........(ബഹളം).........1500 മെട്രിക് ടൺ അരി നശിപ്പിച്ചു എന്ന നിലയിലാണ് പ്രചരണം വന്നത്. 1500 കിലോ അരിയാണ് അവിടെ ഡമ്പ് ചെയ്തത്. കൺസംപഷന് ഉപയോഗിക്കാൻ സാധിക്കാത്തതുകൊണ്ടാണ് അത്രയും അരി ഡമ്പ് ചെയ്തത്. ...............(ബഹളം).................(ബഹളം).................

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഇത് ശരിയല്ല.........(ബഹളം)....... ഇത് ശരിയല്ല. മന്ത്രിക്ക് മറുപടി പറയാൻ അവകാശമുണ്ട്. . ..........(ബഹളം)......... ഇത് ശരിയല്ല.........(ബഹളം)....... മന്ത്രി മറുപടി പറയും............ ..........(ബഹളം).........

മി. സ്പീക്കർ: മന്ത്രി മറുപടി പറയണ്ടെ?..........(ബഹളം).........മന്ത്രിയുടെ മറുപടി കേൾക്കണം. ഇത് ശരിയല്ല കേട്ടോ. .......(ബഹളം)..........

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ചീഫ് വിപ്പ് പറയുന്നു ആരേയും അറസ്റ്റ് ചെയ്തിട്ടില്ലായെന്ന്.

മി. സ്പീക്കർ: ചീഫ് വിപ്പല്ല മറുപടി പറയുന്നത്. മന്ത്രിയാണ് മറുപടി പറയുന്നത്. .....(ബഹളം).........ഞാൻ ഒരു കാര്യം പറയാം. പ്രതിപക്ഷ നിരയിലും പുറകിലുമുള്ള നേതാക്കൾ ഒരുകാര്യം ശ്രദ്ധിക്കണം. നിങ്ങൾ പറയാനുള്ളത് പറഞ്ഞിട്ട് ഗവൺമെന്റിനുവേണ്ടി മന്ത്രി പറയുന്ന മറുപടി നിങ്ങൾ കേൾക്കാൻ തയ്യാറല്ല എന്നു പറയുന്നത് വളരെ മോശമാണ്. ......(ബഹളം)......അത് ശരിയല്ല.........(ബഹളം)........ മന്ത്രി മറുപടി പറയട്ടെ. നിങ്ങൾക്ക് മന്ത്രി പറയുന്ന മറുപടി കേൾക്കണ്ടായെങ്കിൽ ഞാൻ എന്തു പറയാൻ..... (ബഹളം) (മൈക്ക് ഓഫ്)............. അങ്ങനെയാണോ. ഇവിടെ ചീഫ് വിപ്പ് ഒന്നും പറഞ്ഞിട്ടില്ല. ഗവൺമെന്റിനുവേണ്ടി പറയുന്നത് മന്ത്രിയാണ്. ചീഫ് വിപ്പല്ല ...........(ബഹളം)..........ശ്രീ. സി. ദിവാകരൻ അങ്ങ് അവതരിപ്പിച്ച അടിയന്തരപ്രമേയത്തിന് മറുപടി പറയുന്നത് വകുപ്പുമന്ത്രി ശ്രീ. അനൂപ് ജേക്കബ് ആണ്. പിന്നീട് വേണമെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പറയും. ചീഫ് വിപ്പല്ല പറയേണ്ടത്..........( ബഹളം)......... നിങ്ങൾ വെറുതേ വിഷയത്തിനുവേണ്ടി വിഷയമുണ്ടാക്കരുത്. പ്ലീസ്.......(ബഹളം)......

ശ്രീ. ഉമ്മൻ ചാണ്ടി: നിങ്ങൾ ചർച്ച ചെയ്തു. ഇത് മര്യാദകേടാണ്. ഇത് ജനാധിപത്യമല്ല.......(ബഹളം).........മര്യാദകേടാണ്...........(ബഹളം)...........എന്താ ഇത്. അങ്ങനെ പേടിപ്പിക്കുകയൊന്നും വേണ്ട......(ബഹളം)..... മന്ത്രിക്ക് പ്രസംഗിക്കാൻ അവസരം വേണം..........(ബഹ

ളം).........അങ്ങനെയൊന്നും വിരട്ടണ്ട...........(ബഹളം).........അതൊന്നും നടക്കത്തില്ല.........(ബഹളം).........

പ്രതിപക്ഷാംഗങ്ങൾ ഡയസിനടുത്തുവന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു)

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്...... ഞാൻ ഒന്നുകൂടി ചോദിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി പറയുന്ന മറുപടി കേൾക്കാൻ നിങ്ങൾ തയ്യാറാണോ?..........(ബഹളം).......... അദ്ദേഹം പറയട്ടെ.........അദ്ദേഹം സംസാരിച്ചുതുടങ്ങിയതല്ലേയുള്ളൂ...........(ബഹളം).......... ശ്രീ. സി. ദിവാകരൻ, അങ്ങ് അവതരിപ്പിച്ച പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ? .........(ബഹളം).........

ശ്രീ. സി. ദിവാകരൻ: പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു. ബിസിനസ് തുടരുന്നു........ (ബഹളം)........ എന്താ തുടരാൻ കഴിയാത്തത്. എനിക്ക് ബിസിനസ് തീർക്കണ്ടേ. ...........(ബഹളം)............

(പൂഴ്ത്തിവയ്പ് നടത്തിയതുമായി ബന്ധപ്പെട്ട് ആർക്കെതിരെയാണ് നടപടിയെടുത്തതെന്ന് വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ ഡയസിനടുത്തുവന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരിക്കെ സഭ അടുത്ത നടപടിയിലേക്ക് കടന്നു.)